# വികസനവും കരുതലും
# (Development and Care)

## ഐക്യജനാധിപത്യമുന്നണി
## പ്രകടനപത്രിക

യു.ഡി.എഫ്.പ്രസിദ്ധീകരണം
മാർച്ച് 2011

# ഉള്ളടക്കം


ആമുഖം

1. കൃഷിയും അനുബന്ധമേഖലകളും ........ 5

2. വ്യവസായം ........ 11

3. അടിസ്ഥാനസൗകര്യവികസനവും വിദ്യാഭ്യാസവും ........ 19

4. സാമൂഹ്യക്ഷേമം ........ 31

5. ധനസമാഹരണവും പദ്ധതിനടത്തിപ്പും ........ 40

6. സർവീസ് മേഖല ........ 43

7. ഊർജമേഖല ........ 50

8. ഭാഷ, കല, സംസ്കാരം ........ 52

9. കലാകായികം ........ 53

10. പോലീസ് ക്ഷേമം ........ 54

11. സർക്കാർ ജീവനക്കാരും സർവീസ് സംഘടനകളും ........ 55

12. കാലാവസ്ഥ, വനം, പരിസ്ഥിതി സംരക്ഷണം ........ 56

13. മാലിന്യമുക്ത കേരളം ........ 60

14. പൊതുകാര്യം ........ 61

15. തലസ്ഥാന നഗരവികസനം ........ 62

16. ഇതര ഇനങ്ങൾ ........ 62

ഉപസംഹാരം ........ 63

# ആമുഖം

**സാ**മൂഹിക സാമ്പത്തിക വികസനത്തിൽ മുന്നിലായിരുന്ന നമ്മുടെ സംസ്ഥാനത്തെ വികസനസ്തംഭനത്തിന്റെയും വിലക്കയറ്റത്തിന്റെയും കെടുകാര്യസ്ഥതയുടെയും പടുകുഴിയിൽ തള്ളിയിട്ട് ജനജീവിതം ദുസ്സഹമാക്കിക്കൊണ്ടാണ് ഇടതു മുന്നണി സർക്കാർ ഭരണത്തിന്റെ പടി ഇറങ്ങുന്നത്. സാമ്പത്തിക പുരോഗതിക്ക് കാരണമാകേണ്ട വ്യവസായ-കാർഷിക-സേവന മേഖലകളിലെല്ലാം മുരടിപ്പ് പ്രകടമാണ്. വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റങ്ങളോ നേട്ടങ്ങളോ ഉണ്ടായില്ലെന്നു മാത്രമല്ല അമിതമായ രാഷ്ട്രീയവൽക്കരണവും വിദ്യാഭ്യാസ നയത്തിലെ അപാകതകളും മൂലം ഈ മേഖല അടിമുടി അരാജകാവസ്ഥയിലാണ്. സമാധാനവും സുരക്ഷിതത്വവുമുള്ള സാമൂഹിക ജീവിതം ആഗ്രഹിച്ച ജനങ്ങളെ നിരാശപ്പെടുത്തിയ സർക്കാരാണ് ഇടതുമുന്നണി സർക്കാർ. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കേണ്ട പോലീസിനെ രാഷ്ട്രീയവൽക്കരിക്കുകയും അധോലോക സംഘങ്ങളെയും ഗുണ്ടകളെയും മാഫിയകളെയും വഴിവിട്ട് സഹായിക്കുകയും നിയമം കയ്യിലെടുക്കുകയും ചെയ്ത മാർക്സിസ്റ്റു പാർട്ടിയാണ് കേരളത്തിലെ ക്രമസമാധാന തകർച്ചയ്ക്ക് ഉത്തരവാദികൾ.

അഴിമതിരഹിതവും സുതാര്യവുമായ ഭരണം വാഗ്ദാനം ചെയ്ത ഇടതുമുന്നണി സർക്കാർ ഇപ്പോൾ അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന കാഴ്ചയാണ് ജനങ്ങൾ കാണുന്നത്. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും അവരുടെ മക്കൾക്കുമെതിരെ രൂക്ഷമായ അഴിമതി ആരോപണങ്ങൾ ഉയർന്നുവരുമ്പോഴും അതിനെ രാഷ്ട്രീയ പ്രേരിതമെന്ന പഴമുറം കൊണ്ട് മറയ്ക്കാൻ ശ്രമിക്കുന്നു. അന്വേഷണങ്ങളെ ഭയപ്പെടുന്ന മാർക്സിസ്റ്റു പാർട്ടി അഴിമതിക്കാരെ വെള്ളപൂശുകയാണ്. ഭരണത്തെ നയിക്കുന്ന സി.പി.എമ്മിന്റെ മുഖ്യനേതാവായ പിണറായി വിജയൻ കേരളം കണ്ട ഏറ്റവും വലിയ അഴിമതി കേസായ ലാവ്‌ലിൻ കേസിലെ

പ്രതിക്കൂട്ടിൽ നില്ക്കുന്നു.

കോടികളുടെ കവർച്ച നടന്ന ലോട്ടറി ഇടപാടിൽ ധനമന്ത്രി തോമസ് ഐസക്കും, സി.പി.എമ്മും അഴിമതിയുടെ കരിനിഴലിൽ നിൽക്കുമ്പോൾ, സി.ബി.ഐ. അന്വേഷണത്തെ അട്ടിമറിച്ചത് മകന്റെ സ്വാധീനത്തിനു വഴങ്ങി മുഖ്യമന്ത്രിയാണെന്ന വസ്തുത പകൽപോലെ വ്യക്തമായിരിക്കുന്നു.

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം ഇടതു സർക്കാരിന്റെ കണക്ക് പ്രകാരം 29.66 ശതമാനത്തിൽ നിന്നും 42.41 ശതമാനമായി വർദ്ധിച്ചു. തൊഴിലില്ലായ്മ ഏറ്റവും കൂടിയ സംസ്ഥാനമായി കേരളം മാറി. അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മ ഞെട്ടിക്കുന്ന തരത്തിൽ ഇവിടെ അതിരൂക്ഷമാണ്. തകർന്ന റോഡുകളും വർദ്ധിച്ചുവരുന്ന റോഡപകടങ്ങളും ജനജീവിതത്തെയും വികസന നീക്കങ്ങളെയും പിന്നോട്ടടിക്കുന്നു. ഈ ദയനീയാവസ്ഥയ്ക്ക് കാരണം കഴിഞ്ഞ അഞ്ചുവർഷത്തെ ഇടതുമുന്നണി സർക്കാരിന്റെ ദുർഭരണവും ഭരണകക്ഷിയുടെ തമ്മിൽത്തല്ലും വികലമായ നയങ്ങളുമാണ്. ഈ പശ്ചാത്തലത്തിലാണ് കേരളം നേരിടുന്ന ദാരിദ്ര്യവും തൊഴിലില്ലായ്മയും പരിഹരിക്കാനും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാനും സംസ്ഥാനത്തെ മാലിന്യമുക്തമാക്കാനും സാമൂഹിക ക്ഷേമ പദ്ധതികൾ വിപുലീകരിക്കാനും സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താനും ഉതകുന്ന കേരളത്തിന്റെ സമഗ്ര സന്തുലിത വികസനം ലക്ഷ്യമാക്കുന്ന ഒരു നവീന നയരൂപരേഖ യു.ഡി.എഫ്. ജനസമക്ഷം സമർപ്പിക്കുന്നത്.

'വികസനവും കരുതലും' (Development and Care) എന്നതാണ് യു.ഡി.എഫ്. മുദ്രാവാക്യം. സാമ്പത്തിക വളർച്ചയിലൂടെയുള്ള ദാരിദ്ര്യ നിർമാർജനവും മാലിന്യമുക്തമായ സുന്ദരകേരളവുമാണ് യു.ഡി.എഫ്. വിഭാവനം ചെയ്യുന്നത്.

സാമൂഹിക സാമ്പത്തിക വികസനത്തിൽ കേരളത്തെ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തെത്തിക്കുക എന്നതാണ് യു.ഡി.എഫിന്റെ ലക്ഷ്യം. അതിനായി സംസ്ഥാനത്ത് നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് പരമാവധി നിക്ഷേപം ഉറപ്പാക്കും. അടിസ്ഥാന വികസന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കാർഷിക-വ്യാവസായിക പുരോഗതി ത്വരിതപ്പെടുത്തും. കേരളത്തിന് അനുയോജ്യമായ രീതിയിൽ സേവന മേഖലയുടെയും (ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നൽകിയും) വിജ്ഞാനാധിഷ്ഠിത സംരംഭങ്ങളുടെയും, ചെറുകിട-പരമ്പരാഗത വ്യവസായങ്ങളുടെയും വളർച്ച ശക്തമാക്കും.

സമൂഹത്തിലെ ദാരിദ്ര്യം അനുഭവിക്കുന്നവർ, ദളിതർ, മത്സ്യത്തൊഴിലാളികൾ, വൃദ്ധജനങ്ങൾ, വികലാംഗർ, അഗതികൾ, നിത്യരോഗികൾ തുടങ്ങിയ ദുർബല ജനവിഭാഗങ്ങളുടെ ജീവിത നിലവാരം അഞ്ചു വർഷം കൊണ്ട് ഉയർത്തി സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കും.

ഭക്ഷ്യവിളകളുടെ ഉൽപാദനത്തിന് മുൻഗണന നൽകിക്കൊണ്ട് കാർഷിക മേഖലയുടെ മുരടിപ്പ് മാറ്റും. കാർഷിക അനുബന്ധമേഖലകളായ കന്നുകാലി വളർത്തൽ, മത്സ്യകൃഷി തുടങ്ങിയവ വിപുലപ്പെടുത്തും. കേരളത്തെ ഒരു ഉല്പാദന സംസ്ഥാനമാക്കി മാറ്റാനാവശ്യമായ പരിപാടികൾ ആവിഷ്ക്കരിക്കും.

പൂർണമായും ഭാഗികമായും തൊഴിലില്ലാത്ത എല്ലാ വിഭാഗം തൊഴിൽ രഹിതർക്കും നല്ല വരുമാനമുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും. തൊഴിൽ പരിശീലനത്തിന് പ്രാധാന്യം നൽകും. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തും. പൊതുവിതരണ സമ്പ്രദായം നവീകരിച്ചും ശക്തിപ്പെടുത്തിയും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കും. ഭക്ഷ്യ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നവർക്ക് എല്ലാവിധ സഹായവും പ്രോത്സാഹനവും നൽകും. വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉറപ്പ് വരുത്തും.

സംസ്ഥാനത്തെ മാലിന്യമുക്തമാക്കാൻ ആധുനിക മാലിന്യ നിർമാർജന സമ്പ്രദായങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കും. പരിസ്ഥിതിയുടെയും, ആവാസ വ്യവസ്ഥയുടെയും പരിപാലനത്തിനും സംരക്ഷണത്തിനും ഉചിതമായ നടപടികൾ സ്വീകരിക്കും.

കേരളീയ സമൂഹം നേരിടുന്ന അതീവ ഗുരുതരമായ സാമൂഹിക പ്രശ്നങ്ങളാണ് വർദ്ധിച്ചുവരുന്ന മദ്യപാനവും ആത്മഹത്യകളും റോഡപകടങ്ങളും. ഇവയ്ക്ക് പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സമയബന്ധിതമായി നടപ്പാക്കും.

കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണം കൊണ്ട് ദുരിതത്തിൽ നിന്ന് ദുരിതത്തിലേക്ക് നയിച്ച ഇടതു സർക്കാരിൽ നിന്ന് കേരളത്തെ മോചിപ്പിക്കുവാനും 'വികസനവും കരുതലും' (Development and Care) ഉറപ്പാക്കുവാനുമുള്ള കർമ്മപദ്ധതിയാണ് ഈ പ്രകടന പത്രികയിലൂടെ യു.ഡി.എഫ് കേരള ജനതയ്ക്ക് മുമ്പിൽ സമർപ്പിക്കുന്നത്.

# 1. കൃഷിയും അനുബന്ധ മേഖലകളും

### കൃഷിയും ഭക്ഷ്യസുരക്ഷയും

1.1 കൃഷി മുഖ്യ വരുമാനമായവർക്ക് പ്രത്യേക സഹായപദ്ധതി നടപ്പാക്കും.

1.2 ഭക്ഷ്യവിളകളുടെ കൃഷി ലാഭകരമാക്കാനും ഈ വിളകളുടെ കൃഷി തുടരാനും സഹായകരമായ നയങ്ങൾ ആവിഷ്ക്കരിക്കും.

1.3 ജലസേചന സൗകര്യങ്ങൾ, ഉത്പന്ന സംഭരണം, സബ്സിഡികൾ, പലിശരഹിത വായപ്കൾ, വളം, വിത്ത് വിതരണം

തുടങ്ങിയ സഹായങ്ങൾ ഭക്ഷ്യവിള കൃഷി ചെയ്യുന്ന കർഷകർക്ക് നൽകും.

1.4 നെൽകൃഷി ചെയ്യുന്ന കർഷകർക്ക് പലിശരഹിത വായ്പ, സബ്സിഡികൾ, ഉത്പാദന ബോണസ് എന്നിവ ഉൾപ്പെടെയുള്ള പ്രത്യേക ആനുകൂല്യങ്ങൾ നൽകും. നെല്ലിന്റെ താങ്ങുവില ഉയർത്തും.

1.5 കാലാവസ്ഥാവ്യതിയാനം, കീടബാധ, രോഗങ്ങൾ എന്നിവ മൂലം ഉണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിക്കാൻ സമഗ്രവിള ഇൻഷ്വറൻസ് നടപ്പിലാക്കും.

1.6 നാണ്യവിളകളുടെ വിലയിൽ വരുന്ന വ്യത്യാസങ്ങൾ ഇല്ലാതാക്കാൻ വിലസ്ഥിരതാ സംവിധാനങ്ങൾ ആവിഷ്ക്കരിക്കും.

1.7 കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തിന് വിപുലമായ പദ്ധതികളും സബ്സിഡികളും സഹായങ്ങളും നല്കും.

1.8 ചെറുകിട പാട്ടകൃഷി പ്രോത്സാഹിപ്പിക്കും. കൃഷി ചെയ്യാൻ തയ്യാറുള്ള ആർക്കും ഉടമസ്ഥരിൽ നിന്നും ഭൂമി വാടകയ്ക്കെടുത്ത് കൃഷി നടത്താൻ അനുവദിക്കുന്ന നയം സ്വീകരിക്കും. ഇത്തരത്തിൽ കൃഷിക്ക് ഭൂമി നൽകുന്ന ഉടമസ്ഥന് ഉടമസ്ഥാവകാശം സംരക്ഷിക്കാൻ നിയമപരിരക്ഷ നൽകും.

1.9 കാർഷിക സംസ്ക്കരണ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സാമ്പത്തിക സഹായം നൽകും. കാർഷിക സംസ്ക്കരണ വ്യവസായ പാർക്കുകൾ തുടങ്ങുവാനും പ്രോത്സാഹനം നൽകും.

1.10 കാർഷിക വിളകളായ തേങ്ങ, റബ്ബർ, കുരുമുളക് തുടങ്ങിയവയിൽ നിന്നും നൂറ് കണക്കിന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ സുലഭമാണ്. ഇത് പ്രയോജനപ്പെടുത്തി മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതു പ്രോത്സാഹിപ്പിക്കും.

1.11 ജൈവകൃഷിക്കാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിച്ച് ജൈവകൃഷി വ്യാപിപ്പിക്കും.

1.12 കേരളത്തിലെ ഏറ്റവും വലിയ കാർഷിക വിളയായ നാളികേരത്തെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിക്കും:

കൊപ്രാ സംഭരണ സംവിധാനവും കേന്ദ്രങ്ങളും വിപുലീകരിക്കും.

പച്ചത്തേങ്ങാ സംഭരണം എല്ലാ ജില്ലകളിലും നടപ്പാക്കും.

ഇളനീർ കച്ചവടം വിപുലീകരിക്കും.

തെങ്ങിൽ നിന്നും നീര ഉത്പാദിപ്പിക്കാനും വിൽക്കാനും കർഷകന് പൂർണ സ്വാതന്ത്ര്യം നൽകും.

നാളികേര പാനീയം വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാ

ദിപ്പിക്കാൻ താത്പര്യമുള്ള വ്യവസായികൾക്ക് പ്രത്യേക സഹായം നൽകുകയും നാളികേര പാനീയം ആഗോളതലത്തിൽ വിപണനം നടത്തുകയും ചെയ്യും.
തെങ്ങിനെ ബാധിക്കുന്ന മണ്ഡരി, മറ്റ് രോഗങ്ങൾ എന്നിവ ഫലപ്രദമായി തടയുവാനുള്ള നടപടികൾ എടുക്കും.

1.13 ഒരു വിളമാത്രം കൃഷി ചെയ്യുന്ന പ്രവണത മാറ്റി സമ്മിശ്രവിളകൾ കൃഷി ചെയ്യുന്ന കൃഷി രീതി പ്രോത്സാഹിപ്പിക്കും.

1.14 കുരുമുളക് കൃഷിയുടെ വികസനത്തിന് കുരുമുളക് ബോർഡ് കേരളത്തിൽ തുടങ്ങാൻ കേന്ദ്ര സഹായം തേടും.

1.15 ജലസേചന വികസനത്തിന് ആധുനിക സാങ്കേതിക വിദ്യയും ജലവിഭവ മാനേജ്മെന്റും വിനിയോഗിക്കും.

1.16 എല്ലാ ഗ്രാമപഞ്ചായത്തുകളിലും കാർഷികോല്പന്ന ചന്തകളും ആവശ്യമുള്ള സ്ഥലങ്ങളിൽ കന്നുകാലിചന്തകളും ആരംഭിക്കും.

1.17 കന്നുകാലി രോഗങ്ങൾക്ക് ചികിത്സ, കർഷകർക്ക് കുറഞ്ഞ വിലയ്ക്കു കാലിത്തീറ്റ, വായ്പാ സൗകര്യങ്ങൾ, ഉത്പന്നങ്ങളുടെ വിപണന സൗകര്യം എന്നിവ പ്രദാനം ചെയ്ത് കന്നുകാലിവളർത്തൽ ലാഭകരമാക്കും.

1.18 ഇടുക്കി, കുട്ടനാട്, വയനാട് കാർഷിക പാക്കേജുകൾ സമയബന്ധിതമായി പൂർത്തിയാക്കും.

1.19 കാർഷിക വിളകളുടെ താങ്ങുവില ഉത്പാദന ചെലവുകളുടെ വർദ്ധനയ്ക്ക് ആനുപാതികമായി ഉയർത്തും.

1.20 ലാന്റ് ട്രിബ്യൂണൽ വിധി പ്രകാരം കർഷകർക്ക് ലഭ്യമായ പട്ടയങ്ങളെ വ്യവഹാരമുക്തമാക്കും.

1.21 സ്കൂൾ പാഠ്യ വിഷയത്തിൽ കൃഷിയും ഉൾപ്പെടുത്തും. സ്കൂളുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിച്ച് കുട്ടികളിൽ കൃഷിയെ പറ്റിയുള്ള അവബോധം വളർത്തിയെടുക്കും.

1.22 മട്ടുപ്പാവിലെ കൃഷിയും അടുക്കളത്തോട്ടങ്ങളും പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

1.23 കർഷക സമൂഹത്തെ ശക്തിപ്പെടുത്താനും കൃഷികാര്യാലയത്തെ കർഷക സൗഹൃദമാക്കുവാനും കൃഷിഭവൻ മുതൽ സംസ്ഥാനതലം വരെ കർഷകസഭകൾ രൂപീകരിക്കും.

1.24 കാർഷികജോലികളിൽ ഏർപ്പെട്ടിരിക്കെ അപകടത്തിൽപ്പെട്ട് പൂർണമായും അവശത അനുഭവിക്കുന്ന കർഷകത്തൊഴിലാളികൾക്കും കർഷകർക്കും ഒരു ലക്ഷം രൂപയിൽ കുറയാത്ത ധനസഹായവും അവശതാ പെൻഷനും ഏർപ്പെടുത്തും.

1.25 ക്ഷീരോൽപാദന മേഖലയെ അഭിവൃദ്ധിപ്പെടുത്താൻ മൃഗസംരക്ഷണ വകുപ്പിന്റെയും കെ.എൽ.ഡി. ബോർഡിന്റെയും ബ്രീഡിങ് നയം തിരുത്തും. വ്യത്യസ്ത സമ്പ്രദായങ്ങൾ അവലംബിച്ച് കന്നുകാലിവളർത്തൽ നടത്തുന്നവർക്ക്

കർഷകർക്ക് അനുയോജ്യമായതും അവരാവശ്യപ്പെടുന്നതുമായ വിവിധയിനം പശുക്കളുടെ പ്രജനനത്തിനുള്ള പദ്ധതി തയാറാക്കും. രാജ്യത്തിനകത്തും പുറത്തുമുള്ള വിശ്വസനീയ ഏജൻസികളിൽ നിന്ന് കന്നുകാലി ബീജവും ഭ്രൂണവും ശേഖരിച്ച് മൃഗാശുപത്രികളിൽ ലഭ്യമാക്കും.

1.26 വന്യമൃഗങ്ങളിൽ നിന്ന് മനുഷ്യർക്കും കൃഷിക്കും വളർത്തുമൃഗങ്ങൾക്കും പൂർണ്ണ സംരക്ഷണം നൽകും.

1.27 വന്യമൃഗങ്ങളുടെ ആക്രമണം മൂലം മരണമടഞ്ഞ കർഷകരുടെ കുടുംബങ്ങൾക്കും കൃഷി നഷ്ടപ്പെട്ട കൃഷിക്കാർക്കും നഷ്ടപരിഹാരം നല്കും.

1.28 പുഞ്ചപ്പാടങ്ങൾ സംരക്ഷിച്ച് കൃഷിയിറക്കാൻ സംവിധാനം ഏർപ്പെടുത്തും.

1.29 പൂട്ടിക്കിടക്കുന്നതും ഉടമസ്ഥർ ഉപേക്ഷിച്ചുപോയതുമായ തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും.

1.30 മലയോര മേഖലയിലെ കുടിയേറ്റ കർഷകരെ സംരക്ഷിക്കും. പരിസ്ഥിതി ദുർബല പ്രദേശം ആയി പരിഗണിക്കുന്ന ഭൂമിയിൽ കേരള നിയമസഭ പാസ്സാക്കിയ നിയമം നടപ്പിലാക്കും.

1.31 കർഷകർക്ക് കൂടുതൽ കടാശ്വാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തും.

1.32 രാസകീടനാശിനികളെ ക്രമേണ കുറച്ചു കൊണ്ടുവരും. രാസവളങ്ങളെ നിയന്ത്രിച്ച് ജൈവകൃഷി സംസ്ക്കാരം വളർത്തിക്കൊണ്ടുവരും.

1.33 പ്രാദേശിക തലത്തിൽ കർഷക കൂട്ടായ്മകൾ രൂപീകരിച്ച് കാർഷിക പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുകയും കൃഷിഭവനുകൾ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യും. തരിശുകിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കാൻ നടപടി സ്വീകരിക്കും.

1.34 കർഷകത്തൊഴിലാളികളുടെ ദൗർലഭ്യമകറ്റാൻ ദേശീയ തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയുമായി ബന്ധിപ്പിക്കും.

1.35 ഹോർട്ടികൾച്ചർ വികസനത്തിന് ഹോർട്ടികൾച്ചർ ബോർഡ് രൂപീകരിക്കും.

1.36 ഭക്ഷ്യ വിളകളുടെയും ഭക്ഷ്യേതര വിളകളുടെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഓരോ ഗ്രാമപഞ്ചായത്തിലും അഗ്രോ സർവീസ് കേന്ദ്രങ്ങൾ ആരംഭിച്ച് കൃഷിക്കാർക്ക് ആവശ്യമായ വിത്ത്, വളം, യന്ത്രോപകരണങ്ങൾ, കാർഷിക വിജ്ഞാനം, തൊഴിലാളികൾ, യന്ത്രോപകരണങ്ങളുടെ അറ്റ

കുറ്റപണികൾ, വിപണനം, വിളകൾ കേട് കൂടാതെ സൂക്ഷിക്കൽ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കും.

1.37 തോട്ടം മേഖല നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയുള്ള പഠന റിപ്പോർട്ട് നടപ്പിലാക്കും.

1.38 അഗ്രികൾച്ചർ എക്സ്റ്റൻഷൻ സർവീസ് പുനഃസംഘടിപ്പിക്കും.

1.39 കാർഷികാദായ നികുതി ഒഴിവാക്കും.

1.40 കാർഷിക ഉല്പാദന വർദ്ധനയ്ക്കായി കളക്ടീവ്/കോൺട്രാക്ട് കൃഷി രീതിക്ക് ഊന്നൽ നൽകും.

1.41 ജൈവകൃഷി, പ്രിസിഷൻ ഫാമിങ്, കാർഷിക ഉല്പന്ന മൂല്യവൽക്കരണം എന്നിവയുടെ വികസനത്തിന് പൊതു -സ്വകാര്യ സംരംഭങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകും.

1.42 യുവാക്കളെ കാർഷികമേഖലയിലേക്കാകർഷിക്കാൻ ആരംഭിച്ച പ്രത്യേക തൊഴിൽദാനപദ്ധതി പുനരുജ്ജീവിപ്പിക്കും.

1.43 ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ National Institute of Organic Farming എന്ന സ്ഥാപനം ആരംഭിക്കും.

## മലയോര വികസനം

1.44 മലയോര പിന്നാക്ക ജില്ലകളുടെ സമഗ്ര വികസനത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കും.

1.45 ഇടുക്കി, വയനാട് ജില്ലകളെ പാൽ ഉൽപാദനകേന്ദ്രങ്ങളാക്കി (മിൽക്ക് ഷെഡ്) മാറ്റും.

1.46 മലയോര പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പദ്ധതി (കുടിവെള്ളം, റോഡുഗതാഗതം, ജലസേചനം, വൈദ്യുതി, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ) തയാറാക്കും.

1.47 മലയോര പ്രദേശങ്ങളിലെ സമഗ്ര വികസനത്തിന് മലയോര വികസന അതോറിറ്റി രൂപീകരിക്കും.

1.48 മലയോര പ്രദേശങ്ങളിൽ പൊതുജനാരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുതുതായി തുടങ്ങും. നിലവിലുള്ളവ വികസിപ്പിക്കും.

1.49 മലയോര പ്രദേശങ്ങളിലെ ജനങ്ങൾക്ക് കൂടുതൽ വരുമാനം നൽകുന്ന പ്രത്യേക തൊഴിൽ പദ്ധതികൾ നടപ്പാക്കും.

1.50 അർഹരായ എല്ലാ കുടിയേറ്റ കർഷകർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കും.

1.51 ഹിൽ ഹൈവേ സമയബന്ധിതമായി പൂർത്തീകരിക്കും.

## തീരദേശ വികസനം

1.52 തീരദേശവികസന അതോറിറ്റി രൂപീകരിച്ച് തീരദേശ വികസനത്തിനു പ്രത്യേക പാക്കേജ് നടപ്പിലാക്കും.

1.53 എല്ലാ കുടുംബങ്ങൾക്കും വീടും വൈദ്യുതിയും, പൈപ്പുവഴി കുടിവെള്ളവും ലഭ്യമാക്കും. മാലിന്യനിർമാർജനം ഉൾപ്പെടെയുള്ള സമഗ്രപദ്ധതി തയ്യാറാക്കും.

1.54 മാലിന്യത്തിൽ നിന്നും ബയോഗ്യാസ് ഉണ്ടാക്കുന്ന ചെറു പ്ലാന്റുകൾ ഓരോ വീട്ടിലും സ്ഥാപിക്കാൻ സഹായം നൽകും.

1.55 മത്സ്യബന്ധനബോട്ടുകളും ഉപകരണങ്ങളും വാങ്ങാൻ ബാങ്ക് വായ്പ ലഭ്യമാക്കും.

1.56 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ തീരദേശ ശുചീകരണ പരിപാടികളും അടിസ്ഥാനസൗകര്യ വികസനവും ഉൾപ്പെടുത്തും.

1.57 മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ ധനകാര്യ വായ്പയും മറ്റു സഹായങ്ങളും നൽകും.

1.58 ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികൾക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കും.

1.59 മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ സ്കൂൾ പഠനത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയാൻ നടപടികൾ സ്വീകരിക്കും.

1.60 ഉന്നത വിദ്യാഭ്യാസത്തിനും ടെക്നിക്കൽ കോഴ്സുകൾക്കും വിദ്യാഭ്യാസ ആനുകൂല്യം നൽകുകയും വൊക്കേഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്യും.

1.61 മത്സ്യബന്ധനരംഗത്ത് ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കും. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാൻ വായ്പയും സബ്സിഡിയും നൽകും. 25% സബ്സിഡി നൽകി മണ്ണെണ്ണയുടെ ലഭ്യതയും വിതരണ സൗകര്യങ്ങളും വർദ്ധിപ്പിക്കും. മത്സ്യബന്ധനം ലാഭകരമാക്കാനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താനും മത്സ്യബന്ധന മേഖലയ്ക്ക് വ്യാവസായിക പരിഗണന നൽകി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

1.62 മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞുവരുന്നതിനാൽ കടലിലും കായലിലും നദികളിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യകൃഷി സജീവമായി പ്രോത്സാഹിപ്പിക്കും.

## മൃഗസംരക്ഷണവും ക്ഷീര വികസനവും

1.63 സംസ്ഥാനത്തെ പാൽക്ഷാമം പരിഹരിക്കുന്നതിന് ക്ഷീര വികസനത്തിന് പ്രത്യേക ഊന്നൽ നൽകും. ക്ഷീര കർഷകരുടെ സബ്സിഡി ഉയർത്തുകയും ഉത്പാദനവും വിതരണവും വാണിജ്യവൽക്കരിക്കുകയും ചെയ്യും.

1.64 എല്ലാ ജില്ലകളിലും സഹകരണ മേഖലയിലും, കുടുംബശ്രീ, ജനശ്രീ തുടങ്ങിയ സന്നദ്ധ സംഘടനകൾ വഴിയും വാണിജ്യാടിസ്ഥാനത്തിൽ ഫാമുകൾ സ്ഥാപിക്കാൻ വേണ്ട സഹായങ്ങൾ നൽകും.

1.65 ക്ഷീര വികസനത്തിന് ഇഫ്കോ പോലുള്ള സഹകരണ സ്ഥാപനങ്ങളുടെ സഹായം പരമാവധി പ്രയോജനപ്പെടുത്തും.

1.66 അഞ്ചുവർഷം കൊണ്ട് ഇരുപതിനായിരം ഡയറി യൂണിറ്റുകളും രണ്ടരലക്ഷം ഹെക്ടറിൽ പച്ചക്കറികൃഷിയും രണ്ടുലക്ഷം ഏക്കറിൽ പുൽകൃഷിയും ആരംഭിച്ച് രണ്ടുലക്ഷം യുവതീ യുവാക്കൾക്ക് നേരിട്ട് തൊഴിൽ നൽകും.

1.67 ഭക്ഷ്യസുരക്ഷയുടെ ഭാഗമായി ആട്, മുയൽ, കാട, മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവയുടെ അൻപതിനായിരം യൂണിറ്റുകൾ ആരംഭിച്ച് ഒരുലക്ഷം യുവതീയുവാക്കൾക്ക് സ്ഥിരംതൊഴിൽ നൽകും.

# 2. വ്യവസായം

## വികസനവും മൂലധന നിക്ഷേപവും

2.1 വൻതോതിലുള്ള മൂലധന നിക്ഷേപം നടത്താൻ അനുകൂലമായ നയങ്ങളും ഭരണ നടപടികളും സൗഹൃദ അന്തരീക്ഷവും സൃഷ്ടിക്കും. ജനങ്ങളുടെ നിക്ഷേപം, പെതുസ്വകാര്യ പങ്കാളിത്തം, കോർപ്പറേറ്റ് നിക്ഷേപം, സഹകരണ നിക്ഷേപം, എൻ.ആർ.ഐ. നിക്ഷേപം, വിദേശ നിക്ഷേപം, ബി.ഒ.റ്റി., പ്രത്യേക സാമ്പത്തിക മേഖല തുടങ്ങിവ പ്രോത്സാഹിപ്പിക്കും.

2.2 വികസന പ്രോജക്ടുകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഭരണപക്ഷവും പ്രതിപക്ഷവും തമ്മിൽ പൊതുധാരണയുണ്ടാക്കാൻ പ്രാപ്തമായ സ്ഥിര സംവിധാനം രൂപീകരിക്കും.

2.3 ബി.ഒ.ടി. പദ്ധതികൾക്ക് എതിരെ പൊതുജനങ്ങളിൽ നിന്നും ഉയർന്നുവരുന്ന പരാതികൾ പരിശോധിക്കാനും പദ്ധതികൾ സുതാര്യമായി നടപ്പിലാക്കാനും സംവിധാനം ഏർപ്പെടുത്തും.

2.4 വികസന ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്കു നൽകുന്ന വില കമ്പോളാടിസ്ഥാനത്തിൽ നിർണയിക്കുകയും ഭൂമി നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുകയും ഏറ്റെടുത്ത ഭൂമിയുടെ ഉടമസ്ഥർക്കു ദീർഘകാലാടിസ്ഥാനത്തിൽ പ്രയോജനം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. പരിസ്ഥിതിയും വികസനവും സമന്വയിപ്പിച്ചുകൊണ്ടു മാത്രമേ വികസന പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ അനുവദിക്കുകയുള്ളൂ.

2.5 കേന്ദ്ര സർക്കാരിന്റെ 'മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസസ് (എം.എസ്.എം.ഇ) നയത്തിനനുസൃതമായി കേരളത്തിലെ അനന്ത സാധ്യതകൾ കണക്കിലെടുത്ത് എം.എസ്.എം.ഇ. നയത്തിനു രൂപം നൽകും. ഇതിന് വിദഗ്ദ്ധർ അടങ്ങുന്ന ടാസ്ക് ഫോഴ്സ് രൂപീകരിക്കും. സർക്കാർ വകുപ്പ് തലത്തിലും ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ് തലത്തിലും ആവശ്യമായ അഴിച്ചുപണികൾ നടത്തി പുതിയ പദ്ധതികൾക്ക് രൂപം നൽകും. ഇതുവഴി അടുത്ത അഞ്ചു വർഷത്തിനുള്ളിൽ അഞ്ചുലക്ഷം യുവതീ യുവാക്കൾക്ക് ഈ മേഖലയിൽ തൊഴിൽ നല്കും.

2.6 കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന നിക്ഷേപകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകും.

2.7 നാഷണൽ സ്കിൽ ഡവലപ്മെന്റ് ഫണ്ട്, നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുമായി സഹകരിച്ച് സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ തുടങ്ങും. പട്ടികജാതി, പട്ടികവർഗക്കാർക്കും ബിപിഎൽകാർക്കും പ്രത്യേകപദ്ധതികൾ ആവിഷ്കരിക്കും. ഇതുവഴി ഇന്ത്യയിലും വിദേശത്തുമായി പത്തു ലക്ഷം പേർക്ക് തൊഴിൽ നേടുവാൻ സ്കിൽ ഡവലപ്മെന്റ് ട്രെയിനിങ് നൽകും.

2.8 പൊതു സ്വകാര്യ സംയുക്ത പദ്ധതികൾക്കായി പ്രത്യേക നയം ആവിഷ്ക്കരിക്കുകയും നിയമനിർമ്മാണം (പി.പി.പി. പോളിസി) നടത്തുകയും ചെയ്യും.

2.9 അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പൊതു സ്വകാര്യ സംരംഭങ്ങൾക്കായി സുതാര്യവും ഏകീകൃതവുമായ പ്രത്യേക നയം ആവിഷ്ക്കരിക്കുകയും അതിനാവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തി കർമപഥത്തിലെത്തിക്കുകയും ചെയ്യും. ഇതു നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രി ചെയർമാനായ ഒരു അപ്പക്സ് അതോറിറ്റിയും, സർക്കാർ തലത്തിൽ സെക്രട്ടറിമാരും വിദഗ്ദ്ധരും ഉൾപ്പെടുന്ന പി.പി.പി. സെൽ സംവിധാനവും രൂപീകരിക്കും.

2.10 കരിമണൽ ഇപ്പോൾ അസംസ്കൃത വസ്തു ആയി കയറ്റി അയച്ചുകൊണ്ടിരിക്കുകയാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങളായി സംസ്ക്കരിച്ച് കയറ്റുമതി ചെയ്താൽ ലാഭം പതിന്മടങ്ങ് വർദ്ധിക്കും. ലഭ്യമായ കരിമണലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കുന്നതിന് ഗവേഷണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടും. കെ.എം.എം.എൽ., ടി.ടി.പി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോഴുള്ള സംവിധാനം വിപുലീകരിച്ച് ഇത് നടപ്പിലാക്കുകയും പുതിയ സംവിധാന

ങ്ങളുണ്ടാക്കി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുകയും ചെയ്യും. ഇതുമൂലം വരുമാനം വർദ്ധിക്കുന്നതിനോടൊപ്പം തൊഴിൽ സാധ്യതയും ഉറപ്പു വരുത്തും.

2.11 ദേശീയ അന്തർദേശീയ മാർക്കറ്റിൽ വിപുലമായ സാധ്യതകളുള്ള ഇലക്ട്രോണിക് കളിപ്പാട്ട വിപണിയിൽ കടന്നു ചെല്ലാൻ പുതിയ വ്യവസായ സംരംഭങ്ങൾ സഹകരണ മേഖലയിൽ തുടങ്ങുകയും സ്വകാര്യ മേഖലയെ പ്രോൽസാഹിപ്പിക്കുകയും ചെയ്യും.

2.12 പ്രധാനപ്പെട്ട സംരംഭകരുടെയും അന്തർദേശീയ നിക്ഷേപകരുടെയും പങ്കാളിത്തത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി കൗൺസിൽ (Chief Minister's Investment Advisory Council) ഇതിനായി രൂപീകരിക്കും.

2.13 മുഖ്യമന്ത്രിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് എംപ്ലോയ്മെന്റ് ക്രിയേഷൻ ഏജൻസി' രൂപീകരിക്കും.

2.14 ഈസ്റ്റ് ആന്റ് സൗത്ത് ഈസ്റ്റ് ഏഷ്യൻ രാഷ്ട്രങ്ങളിൽ നിന്നുള്ള നിക്ഷേപം ആകർഷിക്കാൻ അതത് രാജ്യങ്ങളിലെ സാമ്പത്തിക നിക്ഷേപ പ്രൊമോഷൻ ഏജൻസികളുമായി സഹകരിച്ച് കേരളത്തിലേക്ക് നിക്ഷേപം ആകർഷിക്കാൻ വഴിയൊരുക്കും.

2.15 കേരളത്തിന്റെ നിക്ഷേപ സൗഹൃദ ബ്രാന്റ് ഇമേജ് വളർത്തുന്നതിനു വേണ്ടി ദേശീയ വ്യവസായ-വാണിജ്യ അസോസിയേഷനുകളുടെ പങ്കാളിത്തത്തോടെ ഇന്ത്യയിലും വിദേശത്തും ഇൻവെസ്റ്റ് ഇൻ കേരള മിഷൻ രൂപീകരിക്കും.

2.16 ടൂറിസത്തിനും നിക്ഷേപത്തിനും അനുയോജ്യ സംസ്ഥാനമെന്ന നിലയിൽ അന്തർദേശീയ തലത്തിൽ കേരളത്തെ ബ്രാന്റ് ചെയ്യുന്നതിനായി ബ്രാന്റ് അംബാസിഡർമാരെ നിയോഗിക്കും (ഉദാ: ആരോഗ്യ മേഖലയെ പ്രൊമോട്ട് ചെയ്യുന്നതിനായി എൻ.ആർ.ഐ. ഡോക്ടർമാർ/നേഴ്സുമാർ എന്നിവരെ ബ്രാന്റ് അംബാസിഡർമാരാക്കും).

2.17 പ്രമുഖ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യ പരിശീലന പരിപാടികൾക്ക് ഊന്നൽ നൽകും.

2.18 100 കോടി രൂപയ്ക്ക് മേലെയുള്ള സംരംഭങ്ങൾക്ക് ഏകജാലക സംവിധാനത്തിലൂടെ അനുമതി ഉറപ്പു വരുത്തും.

2.19 നിക്ഷേപകന് /സംരംഭകന് 45 ദിവസത്തിനുള്ളിൽ ലൈസൻസ് അനുവദിക്കും. ഇല്ലെങ്കിൽ നിയമാനുസൃത അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ 46-ാം ദിവസം ഡീമ്ഡ് ലൈസൻസ് സിസ്റ്റം ഏർപ്പെടുത്തും.

2.20 നിക്ഷേപകർക്ക് വേണ്ടിയുള്ള ഏകോപിത പ്രവർത്തന പ്രോജക്ടുകൾക്ക് നോഡൽ ഓഫീസർമാരെ നിയോഗിക്കും.

2.21 5000 ത്തിലധികം തൊഴിലുകൾ പ്രദാനം ചെയ്യുന്ന സംരംഭങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ മുഖ്യമന്ത്രിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും 1000 മുതൽ 5000 വരെയുള്ളയുള്ളവ മന്ത്രിമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലും കൈക്കൊള്ളും.

2.22 തെരഞ്ഞെടുത്ത ദേശീയ പാതകൾക്കിരുവശവും വ്യവസായ ഇടനാഴികളായി പ്രഖ്യാപിച്ച് കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കും.

2.23 വ്യവസായ വികസനം ലക്ഷ്യമിട്ടു വ്യക്തമായ നയത്തോടെയും ജനപങ്കാളിത്തത്തോടെയും പ്രത്യേക സാമ്പത്തിക മേഖല (സെസ്) സ്ഥാപിച്ച് ആഭ്യന്തര-വിദേശമൂലധന നിക്ഷേപത്തിനു പ്രോത്സാഹനം നൽകും.

2.24 വളരെ വേഗം വളർന്നുവരുന്ന കേരളത്തിലെ മൂലധന വിപണിയിൽ നിന്നും വ്യവസായവികസനത്തിന് മൂലധനം സംഭരിക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

## പ്രത്യേക നിക്ഷേപ മേഖലകൾ

2.25 കേരളത്തിൽ നിക്ഷേപങ്ങൾക്കായി ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി, നിക്ഷേപ സൗഹൃദാന്തരീക്ഷത്തോടു കൂടിയ പ്രത്യേക മേഖലകൾ സ്ഥാപിക്കും. ആദ്യഘട്ടത്തിൽ തിരുവനന്തപുരത്ത് ടെക്നോപാർക്ക്, ടെക്നോസിറ്റി, ഫിലിം വീഡിയോ പാർക്ക് എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി വിവര സാങ്കേതിക വിദ്യയ്ക്കായുള്ള ഒരു മേഖലയും കൊച്ചിയിൽ സ്മാർട്ട് സിറ്റി, കൊച്ചിൻ എക്സ്പോർട്ട് സോൺ, ഇൻഫോ പാർക്ക്, ഹൈടെക് പാർക്ക് എന്നിവ ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി വിവര സാങ്കേതിക വിദ്യയ്ക്കും, ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾക്കായി മറ്റൊരു മേഖലയും, പാലക്കാട്, കഞ്ചിക്കോട്, വാളയാർ മേഖലകൾ ഉൾപ്പെടുത്തി ഉത്പാദന മേഖലയ്ക്കായി മറ്റൊന്നും സ്ഥാപിക്കും. കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഈ മേഖലകളിൽ നേരിട്ടും അല്ലാതെയും രണ്ടുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

2.26 ഓട്ടോമൊബൈൽ വ്യവസായങ്ങൾക്കും എയ്റോസ്പെയ്സ് വ്യവസായങ്ങൾക്കും ആവശ്യമായ അനുബന്ധ ഉപകരണങ്ങൾ നിർമിക്കുന്നതിനുമുള്ള പുതിയ സംരംഭങ്ങൾ തുടങ്ങും.

2.27 മൂലധനനിക്ഷേപം കുറഞ്ഞുവരികയും വിദഗ്ധരുടെ പുറത്തേക്കുള്ള പ്രവാഹം കൂടിവരികയും ചെയ്യുന്ന ഇന്നത്തെ സാഹച

ര്യത്തിൽ ഒരു നൂതന ബദൽ വാണിജ്യവ്യവസായ വികസന നയം ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

2.28 ഐ.റ്റി. ലോഹമണൽ, ബയോടെക്നോളജി, മൂല്യവർദ്ധിത ഭക്ഷ്യസംസ്കരണം എന്നീ മേഖലകളിൽ കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കി വിപുലമായ തോതിൽ പുതിയ ഉത്പാദന യൂണിറ്റുകൾ ആരംഭിച്ച് തൊഴിലും വരുമാനവും സൃഷ്ടിക്കും.

## പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് ധവളപത്രം

2.29 കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രൊഫഷണൽ മാനേജ്മെന്റിലൂടെ കൂടുതൽ ശക്തിപ്പെടുത്തും. ഇപ്പോഴുള്ള സ്ഥാപനങ്ങളെക്കുറിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കും.

2.30 പീഡിത വ്യവസായങ്ങൾക്ക് പുതിയ പുനരുദ്ധാരണ പാക്കേജ്. ഇതിനായി ബി.ഐ.എഫ്.ആർ. മാതൃകയിൽ ഒരു ഏജൻസിയെ നിയമിക്കും.

2.31 പാലക്കാട് ജില്ലയിൽ ആരോഗ്യം, മാനുഫാക്ചറിങ് എന്നിവയ്ക്കും കണ്ണൂരിൽ ടെക്സ്റ്റയിൽസിനുമായി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സ് റീജിയനുകൾ ആരംഭിക്കും.

2.32 പൊതുമേഖലാ യൂണിറ്റുകളെ ശക്തിപ്പെടുത്തും.

2.33 പൊതുമേഖലാ യൂണിറ്റുകളുടെ ഉടമസ്ഥാവകാശം പൊതുജനങ്ങളിലധിഷ്ഠിതമാക്കുന്ന ചട്ടങ്ങൾക്ക് രൂപം നൽകും.

## പരമ്പരാഗത വ്യവസായം

2.34 പരമ്പരാഗത വ്യവസായ മേഖലകളിൽ ഏർപ്പെട്ടിട്ടുള്ള പത്തുലക്ഷം വരുന്ന തൊഴിലാളികളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിച്ച് അവരുടെ ജീവിതനിലവാരം ഉയർത്തും.

2.35 എല്ലാ പരമ്പരാഗത വ്യവസായങ്ങളുടെയും ഏകോപനത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കും.

2.36 ഓരോ പഞ്ചായത്തിലും സംരംഭകത്വ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും.

2.37 National Coir Research and Management Instituteനെ FAO, UNIDO എന്നീ ഐക്യരാഷ്ട്രസംഘടനകളുടെ സഹായത്തോടെ അന്തർ ദേശീയ നിലവാരത്തിലേക്കുയർത്തും.

2.38 പരമ്പരാഗത വ്യവസായ മേഖലയിൽ ആധുനിക ടെക്നോളജി ഉപയോഗിച്ചും കൂടുതൽ മൂലധന നിക്ഷേപം നടത്തിയും ഉത്പന്ന വൈവിദ്ധ്യവൽക്കരണം ഏർപ്പെടുത്തും. അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കും. വായ്പാസൗകര്യവും വിപണനസൗകര്യങ്ങളും ഏർപ്പെടുത്തി ഉത്പാദനവും ഉത്പാദനക്ഷമതയും തൊഴിലും വരുമാനവും വർദ്ധിപ്പിക്കും.

2.39 പരമ്പരാഗതവ്യവസായ മേഖലയിലെ സഹകരണസംഘങ്ങളെ രാഷ്ട്രീയവിമുക്തമാക്കിക്കൊണ്ടു പ്രൊഫഷണലിസം ഏർപ്പെടുത്തി മാനേജ്മെന്റ് ശക്തിപ്പെടുത്തും. ഈ വിഭാഗത്തിലെ സഹകരണസംഘങ്ങൾക്ക് സർക്കാർ നൽകിയ കടങ്ങൾ എഴുതിത്തള്ളും.

2.40 കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടു നിക്ഷേപസൗഹൃദ കാലാവസ്ഥയും അടിസ്ഥാനസൗകര്യവികസനവും ഏകജാലക സംവിധാനവും സംരംഭകത്വ വികസനവും സൃഷ്ടിക്കും.

2.41 മലിനീകരണമില്ലാത്തതും പ്രാദേശിക വിഭവങ്ങൾ ഉപയോഗിക്കുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ വ്യവസായങ്ങൾക്ക് ഊന്നൽ നൽകും.

2.42 വ്യവസായ–നിർമ്മാണ മേഖലകളിൽ ചെറുകിട സൂക്ഷ്മ സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കും.

2.43 റബ്ബർതടി ഉപയോഗിച്ചുള്ള ഉത്പന്നങ്ങളുടെ ആവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വൻതോതിൽ റബ്ബർ തടി അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കും.

2.44 ചെറുകിടസംരംഭങ്ങൾ ആരംഭിക്കുവാനാവശ്യമായ സ്കിൽ പരിശീലനം, കുറഞ്ഞ പലിശനിരക്കിൽ വായ്പ, ബോധവൽക്കരണ പരിപാടികൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കും.

## കൈത്തറി

2.45 കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരമുള്ള കൈത്തറി മ്യൂസിയവും അക്കാദമിയും സ്ഥാപിക്കും.

2.46 കൈത്തറി വികസനം മുൻനിർത്തി വിദേശ കയറ്റുമതി ലക്ഷ്യമിട്ട് ഊർജ്ജിത കയറ്റുമതി വികസന പദ്ധതി നടപ്പിലാക്കും.

2.47 കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപുലമായ വിപണനം ലക്ഷ്യമിട്ട് അന്താരാഷ്ട്ര വ്യാപാരമേളകൾ സംഘടിപ്പിക്കും.

2.48 സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ കൈത്തറി ഉപയോഗം വർദ്ധിപ്പിക്കും.

2.49 സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം സാർവത്രികമായി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കും.

2.50 കൈത്തറി, കയർ, കശുവണ്ടി, ഖാദി, കരകൗശലം തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയിൽ നിലവിലുള്ള പ്രതിസന്ധി പരിഹരിക്കും. ഈ മേഖലയിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിൽ അവസരവും വരുമാനവും സൃഷ്ടിക്കും. ഇതിനായി കേന്ദ്ര സഹായ പദ്ധതികൾ

പ്രയോജനപ്പെടുത്തും. ഇതിനായി മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസസിനു വേണ്ടി പ്രത്യേക നയം ആവിഷ്ക്കരിക്കും.

## കുടിൽ വ്യവസായം

2.51 മൺപാത്ര നിർമ്മാണത്തിനും വിപണനത്തിനും ധനസഹായം നൽകുകയും നിയമസഭാ സമിതിയുടെ റിപ്പോർട്ട് നടപ്പിലാക്കുകയും ചെയ്യും.

2.52 മുള, ചൂരൽ എന്നിവ അടിസ്ഥാനമാക്കിയുള്ള വ്യവസായത്തിനു പ്രോത്സാഹനം നൽകി ബാംബു മിഷൻ ശക്തിപ്പെടുത്തും.

2.53 തയ്യൽ തൊഴിലാളികളുടെ കുടുംബ ഭദ്രതയ്ക്കാവശ്യമായ നയം ആവിഷ്ക്കരിക്കും.

## ഐ.ടി. വ്യവസായം

2.54 കേരളത്തെ സംബന്ധിച്ച് ഏറ്റവും അനുയോജ്യമായ വ്യവസായമാണ് ഐ.റ്റി. പാരിസ്ഥിതിക പ്രശ്നങ്ങളില്ല, കുറഞ്ഞ വൈദ്യുതി ഉപയോഗം, കുറഞ്ഞ പ്രവൃത്തിസ്ഥലം, ഉന്നതവിദ്യാഭ്യാസം നേടിയ യുവതി-യുവാക്കൾ എന്നിവയാണ് ഐ.റ്റി. വ്യവസായത്തിനുള്ള അനുകൂലഘടകങ്ങൾ. ഈ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തി ഐ.റ്റി.മേഖലയിൽ മുന്നേറാൻ പിന്നിട്ട അഞ്ചു വർഷം നമുക്കു കഴിഞ്ഞില്ല. 2020 ഓടെ ഇന്ത്യയിലെ ഐ.റ്റി. വ്യവസായം പത്തുലക്ഷം കോടി രൂപയിലെത്തുമെന്നു കണക്കാക്കിയിട്ടുള്ള സാഹചര്യത്തിൽ ഇതിന്റെ നല്ലൊരു ഭാഗം കേരളത്തിലേക്കു കൊണ്ടുവരുവാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തും.

2.55 സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ പ്രവർത്തന ചെലവ് കുറയ്ക്കാൻ സഹായകമായ നടപടികൾ സ്വീകരിക്കും.

2.56 മലപ്പുറത്ത് പുതിയ നോളഡ്ജ് ഹബ്ബ് ആരംഭിക്കും.

2.57 ഐ.ടി. മേഖലയിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന സ്തംഭനാവസ്ഥ മാറ്റിയെടുത്ത് പുതിയ നിക്ഷേപ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അന്തർദേശീയ തലത്തിലുള്ള പ്രമുഖ കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും നിക്ഷേപം നടത്തുന്നതിനും പദ്ധതികൾ രൂപീകരിക്കും.

2.58 ഇ-ഗവേണൻസ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കും.

2.59 തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ഇൻഫർമേഷൻ ടെക്നോളജി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് റീജിയണുകൾ ആരംഭിക്കും. ഐ.ടിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനപദ്ധതികൾക്ക് മുൻഗണന നൽകും. ഏകജാലക സംവിധാനം കാര്യക്ഷമമാക്കും.

2.60 കംപ്യൂട്ടർ ഹാർഡ്‌വെയർ നിക്ഷേപങ്ങൾക്ക് അനുയോജ്യമായ പാർക്കുകൾ സ്ഥാപിക്കും.

2.61 വിമാനത്താവളങ്ങളുമായി ബന്ധപ്പെടുത്തി കൂടുതൽ ഐ.റ്റി.ഇടനാഴികൾ ആരംഭിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്യും.

2.62 ഗ്രാമപ്രദേശങ്ങളിലെ അഭ്യസ്തവിദ്യരായ ആയിരക്കണക്കിനു യുവതി-യുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ അനുയോജ്യമായ തൊഴിൽ ലഭ്യമാക്കുന്ന കേരള മോഡൽ ഐ.റ്റി വ്യവസായ നയത്തിനു രൂപം നൽകി നടപ്പിലാക്കും. ഐ.റ്റി. വ്യവസായവും വിദ്യാഭ്യാസ മേഖലയും ചേർന്നു മെച്ചപ്പെട്ട വിദ്യാർത്ഥിസമൂഹത്തെ കെട്ടിപ്പടുക്കുകയും ഈ വ്യവസായത്തിന്റെ പ്രത്യേകസ്വഭാവത്തെക്കുറിച്ചു ജനസാമാന്യത്തെ ബോധവൽക്കരിക്കുകയും ചെയ്യും.

2.63 കേരളത്തെക്കുറിച്ച് നിക്ഷേപകരുടെ ഇടയിൽ നിൽക്കുന്ന തെറ്റിദ്ധാരണകൾ മാറ്റി കേരളത്തിന്റെ നിക്ഷേപസൗഹൃദ വികസനോന്മുഖ ചിത്രം അവതരിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കും.

2.64 ഐ.റ്റി. വ്യവസായവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സോഫ്ട് വെയർ വിപണനം എന്നിവ സംബന്ധിച്ച് ഐ.റ്റി. വ്യവസായികൾക്ക് കൂടി പങ്കാളിത്തം നൽകുന്ന ഒരു പ്ലാറ്റ്ഫോം ഗവൺമെന്റ് രൂപീകരിക്കും.

2.65 ഐ.റ്റി. വ്യവസായങ്ങളെ ഹർത്താലിൽനിന്നും ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

2.66 ഇതനുസരിച്ച് അടുത്ത അഞ്ചുവർഷത്തിനകം അഞ്ചുലക്ഷം തൊഴിലവസരങ്ങൾ ഐ.റ്റി.മേഖലയിൽ സൃഷ്ടിക്കും.

2.67 മൊബൈൽ ഉപയോഗ രീതി സാധാരണജനങ്ങൾക്ക് ലഭ്യമാക്കി എസ്.എം.എസ്. വഴി സർക്കാർ നടപടികൾ ജനങ്ങളിലെത്തിക്കുന്ന രീതി നടപ്പിലാക്കും.

## സ്മാർട്ട് സിറ്റി

2.68 ഐക്യജനാധിപത്യ മുന്നണി രൂപം നൽകിയ സ്മാർട്ട് സിറ്റി അഞ്ചു വർഷം വൈകിപ്പിച്ചതു ഇടതു ജനാധിപത്യ മുന്നണി സർക്കാരാണ്. ഇതുവഴി ഒരുലക്ഷം യുവതീ യുവാക്കളുടെ തൊഴിലവസരങ്ങളാണു നഷ്ടപ്പെടുത്തിയത്. ഇടതു മുന്നണി നടപ്പിലാക്കാതിരുന്ന ഈ പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കി ഒരു ലക്ഷം യുവതീ-യുവാക്കൾക്കു തൊഴിൽ നൽകും.

2.69 ചെറുപട്ടണങ്ങളിൽ റോഡു ഗതാഗതസൗകര്യവും വാർത്താവിനിമയ സൗകര്യങ്ങളും വർധിപ്പിച്ച് സാറ്റലൈറ്റ് ടൗണുകൾ

വികസിപ്പിക്കുകയും ആ പ്രദേശത്തിന് അനുയോജ്യമായ വ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്യും.

**നാനോ ടെക്നോളജി**

2.70 ആരോഗ്യം, ഊർജം, കൃഷി, വ്യവസായം എന്നിങ്ങനെ സമസ്ത മേഖലകളിലും പ്രയോജനകരമായ നാനോ ടെക്നോളജിയെ ഉപയോഗപ്പെടുത്തി നൂതന സംരംഭങ്ങൾ തുടങ്ങും. നാനോ മെഡിസിൻ, നാനോ കാർഡിയോളജി, നാനോ ന്യൂറോളജി, നാനോ കാൻസർ തെറാപ്പി തുടങ്ങിയ മേഖലകളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി മെഡിക്കൽ നാനോ ടെക്നോളജി നയം ആവിഷ്ക്കരിക്കും. ഈ മേഖലയ്ക്ക് മാർഗനിർദേശങ്ങൾ നൽകാൻ വിദഗ്ധ സമിതി രൂപീകരിക്കും.

# 3. അടിസ്ഥാനസൗകര്യ വികസനവും വിദ്യാഭ്യാസവും

3.1 ജനസാന്ദ്രതയും സ്ഥലദൗർലഭ്യവും മൂലം കാർഷിക വ്യാവസായിക രംഗങ്ങളെക്കാൾ ടൂറിസം, ഐ.റ്റി. തുടങ്ങിയ സേവന മേഖലകളിലാണ് കേരളത്തിന് കൂടുതൽ വികസന സാധ്യതയുള്ളത്. ഈ രംഗത്ത് വികസനം കൈവരിക്കാൻ നമ്മുടെ അടിസ്ഥാന സൗകര്യങ്ങളിലുള്ള അപര്യാപ്തത സത്വരം പരിഹരിക്കേണ്ടിയിരിക്കുന്നു.

3.2 കുണ്ടും കുഴിയും നിറഞ്ഞ ഇന്നത്തെ റോഡുകളാണ് കേരളത്തിലെ വികസനത്തിന്റെ മുഖ്യപ്രതിബന്ധം. ഇന്ത്യയിലെ മൊത്തം റോഡ് അപകടങ്ങളിൽ 8.24 ശതമാനവും കേരളത്തിലാണ്. അപകടങ്ങൾക്ക് നൽകേണ്ടിവരുന്ന നഷ്ടപരിഹാരം ആണ്ടിൽ 400 കോടി രൂപവരും. അതിനാൽ റോഡുകളുടെ നിർമ്മാണവും പരിപാലനവും കാര്യക്ഷമമാക്കി റോഡു സുരക്ഷാ നടപടികൾ ഏകോപിപ്പിച്ചു നടപ്പിലാക്കും. ഇതിനായി റോഡ്, റെയിൽ, എയർനെറ്റ്‌വർക്കുകൾ ആധുനീകരിക്കും.

3.3 2011-16 കാലയളവിൽ ഒരു ലക്ഷം കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾ യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കുന്നതാണ്.

3.4 യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഉദ്ഘാടനത്തിനു സജ്ജമായതും കഴിഞ്ഞ 5 വർഷം എൽ.ഡി.എഫ് സർക്കാർ നിശ്ചലമാക്കിയതുമായ വിഴിഞ്ഞം തുറമുഖപദ്ധതി സമയബന്ധിതമായി നടപ്പിലാക്കും.

3.5 വിഴിഞ്ഞം തുറമുഖത്തെ കൊച്ചി, തൂത്തുക്കുടി, മംഗലപുരം എന്നീ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിന് നോർത്ത് സൗത്ത് കോറിഡോർ കേന്ദ്രസർക്കാരിന്റെ NHDP VI-ൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിൽ നിർമിക്കും. ഈ ഹൈവേ കടന്നുപോകുന്ന എല്ലാ പട്ടണങ്ങളിലും റിങ് റോഡുകളുണ്ടാക്കി ഹൈവേയുമായി ബന്ധിപ്പിക്കും. പ്രസ്തുത റിങ് റോഡുകളുമായി ബന്ധിപ്പിച്ച് ഐ.റ്റി. പാർക്കുകളും ഉന്നത വിദ്യാഭ്യാസഹബ്ബുകളും പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കും.

3.6 കേരളത്തിലെ 17 ചെറുകിട തുറമുഖങ്ങളുടെ വികസനം മുൻഗണന നിർണയിച്ച് സമയബന്ധിതമായി പൂർത്തിയാക്കും.

3.7 Capital City Development Project ന്റെ മാതൃകയിൽ കൊച്ചിയിലും കോഴിക്കോടും കൊല്ലത്തും തൃശ്ശൂരും നഗരവികസന പദ്ധതികൾ ആരംഭിക്കും.

3.8 എല്ലാ നഗരങ്ങളിലും വാഹനപാർക്കിങ്ങിന് PPP അടിസ്ഥാനത്തിൽ നഗരസഭകളുടെ സഹകരണത്തോടെ ബഹുനില പാർക്കിങ് കോംപ്ലക്സുകൾ നിർമിക്കും.

3.9 കാൽനടയാത്രക്കാരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കാനായി സബ്‌വേ പെഡസ്ട്രിയൻ ഫുട്ട് ഓവർബ്രിഡ്ജ്/സ്കൈവേ എന്നിവ സ്ഥാപിക്കും.

3.10 580 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശ ഹൈവേ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നിർമിക്കും.

3.11 ശബരിമല റോഡ് NH ആക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

3.12 കൊച്ചി മെട്രോയുടെ മാതൃകയിൽ തിരുവനന്തപുരത്തും കോഴിക്കോടും മെട്രോ റെയിലിന്റെ സാധ്യതാപഠനം നടത്തും.

3.13 സബർബൻ ട്രെയിനുകൾ മോണോ റെയിലുകൾ എന്നിവ നടപ്പിലാക്കും.

3.14 തിരുവനന്തപുരം, മംഗലപുരം അതിവേഗ റെയിൽവേ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കും.

3.15 ദേശീയപാതയുടെ ഭാഗമായി തിരുവനന്തപുരം-കോട്ടപ്പുറം ജലപാത യാഥാർത്ഥ്യമാക്കും.

3.16 റോഡു സുരക്ഷാ നിയമങ്ങൾ കർശനമായും നടപ്പിലാക്കുകയും ഇവയെക്കുറിച്ച് ജനങ്ങൾക്ക് അവബോധം നൽകുകയും ചെയ്യും.

3.17 ദേശീയപാതയുടെ വീതി കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നതു

പോലെ 45 മീറ്റർ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കും. എന്നാൽ ഭൂമിയും കെട്ടിടവും നഷ്ടപ്പെടുന്നവർക്ക് ന്യായവില നൽകി പുനരധിവസിപ്പിച്ചുകൊണ്ടായിരിക്കും സ്ഥലം ഏറ്റെടുക്കുന്നത്. അലൈൻമെന്റ് നിർണയിക്കുന്നതിലുണ്ടായ അപാകതകൾ പരിഹരിക്കും.

3.18 റോഡുനിർമ്മാണത്തിലെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സംസ്ഥാനതലത്തിൽ ഒരു ഏജൻസിയെ രൂപീകരിക്കും.

3.19 ചെലവു കുറഞ്ഞ ആധുനിക ടെക്നോളജിയും പ്രാദേശിക വിഭവങ്ങളും റോഡു നിർമ്മാണത്തിനു ഉപയോഗിക്കുകയും പൊതുമരാമത്ത് നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിച്ചു നടപ്പിലാക്കുകയും ചെയ്യും.

3.20 തെക്ക്-വടക്ക് ഹൈസ്പീഡ് ട്രാൻസ്പോർട്ട് കോറിഡോർ നിർമ്മിക്കുന്നതിനു വ്യക്തമായ പ്രോജക്ട് തയ്യാറാക്കുകയും പൊതുജനങ്ങളുമായി ആശയസമ്പർക്കം നടത്തി ബി.ഒ.റ്റി പ്രകാരമോ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയോ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

3.21 സംസ്ഥാന നഗര ഗതാഗത നയത്തിനു രൂപം നൽകുകയും സംസ്ഥാനത്തെ റോഡുകളുടെ വികസനപദ്ധതി തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും കേരള ഹൈവെ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുകയും ചെയ്യും.

3.22 കരമന-കളിയിക്കവിള ദേശീയപാത വികസനം ഫാസ്റ്റ് ട്രാക് പ്രോജക്ടിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കും.

3.23 ഭാരത് നിർമ്മാൺ പദ്ധതി, പ്രധാനമന്ത്രിയുടെ ഗ്രാമീണ സത്‌യോജന തുടങ്ങിയ സ്കീമുകളിലെ കേന്ദ്രഫണ്ട് കാര്യക്ഷമമായി വിനിയോഗിച്ച് ഗ്രാമീണമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തും.

3.24 തിരുവനന്തപുരം മുതൽ കാസർഗോഡ്‌വരെയുള്ള ദേശീയ ജലപാതയുടെ നിർമ്മാണം പൂർത്തിയാക്കുകയും വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെടുത്തുകയും ചെയ്യും.

3.25 ദേശീയ ജലപാതയിലൂടെ മുഖ്യചരക്ക് ഗതാഗതം തിരിച്ചുവിട്ടു പരിസ്ഥിതി സംരക്ഷണത്തിനുള്ള നടപടികളും സ്വീകരിക്കും.

3.26 സ്റ്റേറ്റ് ഹൈവേ, ഗ്രാമീണ റോഡുകൾ, എയർപോർട്ട്, പോർട്ട് ആന്റ് ഇൻലാന്റ് വാട്ടർവെ എന്നിവയെ ബന്ധിപ്പിച്ച് ഗതാഗത സംവിധാനം നടപ്പിലാക്കും.

3.27 തിരുവനന്തപുരത്തും കോഴിക്കോട്ടും ദ്രുതഗതിയിലുള്ള ഗതാഗത സംവിധാനം (മാസ് റാപിഡ് ട്രാൻസിറ്റ് സിസ്റ്റം) നടപ്പിലാക്കും.

3.28 കേന്ദ്ര ഗവൺമെന്റുമായി സഹകരിച്ച് ഇൻലാന്റ് വാട്ടർവേ സിസ്റ്റം നടപ്പിലാക്കും.

3.29 സംസ്ഥാനത്തെ ഗതാഗത സംവിധാനത്തിന്റെ ഗുണനിലവാരവും ഉപയോഗക്ഷമതയും മെച്ചപ്പെടുത്തും.

3.30 തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, മംഗലാപുരം നഗരങ്ങളെ ബന്ധപ്പെടുത്തി ഷട്ടിൽ എയർ സർവ്വീസ് ആരംഭിക്കും.

3.31 റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണത്തിൽ ഗുണനിലവാരം ഉറപ്പു വരുത്താൻ ബന്ധപ്പെട്ട കരാറുകാരുമായുള്ള ഗ്യാരന്റി വ്യവസ്ഥകൾ ദൃഢപ്പെടുത്തും.

3.32 കുട്ടനാടൻ മേഖലയിലെ കുടിവെള്ള വിതരണത്തിനായി സമഗ്ര പദ്ധതിക്ക് രൂപം നൽകും.

3.33 കണ്ടെയ്നർ വാഹനങ്ങളുടെ യാത്രയ്ക്ക് അനുയോജ്യമായ രീതിയിൽ ദേശീയപാത നാലുവരിയായി വികസിപ്പിക്കും. സ്ഥലമേറ്റെടുക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ നിലവിലുള്ള പാതകളുടെ മുകളിലൂടെ എലിവേറ്റർ ഹൈവേ നിർമിക്കും.

3.34 റെയിൽവേയുടെ സഹായത്തോടെ പാലക്കാട് കോച്ച് ഫാക്ടറിയും ചേർത്തലയിലെ വാഗൺ നിർമാണ യൂണിറ്റും പ്രാവർത്തികമാക്കും. നിർമാണ പ്രവർത്തനം നടക്കുന്ന ഇരട്ടപ്പാതകളുടെ പണിയും ഷൊർണൂർ മംഗലാപുരം കന്യാകുമാരി എന്നീ പാതകളുടെ വൈദ്യുതീകരണവും റെയിൽവേയുമായി സഹകരിച്ച് പൂർത്തിയാക്കും.

3.35 ജലഗതാഗത വകുപ്പും തുറമുഖവകുപ്പും ഒരു മന്ത്രാലയത്തിനു കീഴിലാക്കി ജലഗതാഗതം വികസിപ്പിക്കും.

3.36 ചെറു പട്ടണങ്ങളിൽ റോഡ് ഗതാഗത സൗകര്യവും വാർത്താവിനിമയ സൗകര്യങ്ങളും വർദ്ധിപ്പിച്ച് സാറ്റ്ലൈറ്റ് ടൗണുകൾ വികസിപ്പിച്ച് ആ പ്രദേശത്തിന് അനുയോജ്യമായ വ്യവസായങ്ങൾ സ്ഥാപിക്കും.

3.37 ഒരു ദിവസം ഏകദേശം ആയിരത്തോളം കണ്ടെയ്നർ വാഹനങ്ങൾ റോഡിലൂടെ കടന്നു പോകുമെന്ന് കണക്കാക്കുന്നു. ഇതു കൈകാര്യം ചെയ്യുന്നതിനായി ദേശീയപാത 17 & 47 വീതി കൂട്ടി നാലുവരിയായി വികസിപ്പിക്കും.

3.38 പൊതുമേഖലയിലും സ്വകാര്യമേഖലയിലും ബസ് സർവീസുകൾ നിലനിർത്തുന്നതിന് സഹായകരമായ നയം ആവിഷ്ക്കരിക്കും.

3.39 സ്വകാര്യ ബസ് സർവീസ് ഉടമകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കാനും പരിഹാരം നിർദേശിക്കാനും വിദഗ്ധ സമിതിയെ നിയോഗിക്കും.

## കൊച്ചി മെട്രോ റെയിൽ

3.40 ഐക്യജനാധിപത്യ മുന്നണി കൊണ്ടുവന്ന കൊച്ചി മെട്രോ റെയിൽ ഇടതു ജനാധിപത്യ മുന്നണിയുടെ അനാസ്ഥ കാര

ണമാണ് നടപ്പിലാക്കുവാൻ കഴിയാതെ വന്നത്. കൊച്ചി മെട്രോ റെയിൽ മുൻഗണനന നൽകി സമയബന്ധിതമായി നടപ്പിലാക്കും.

## കണ്ണൂർ വിമാനത്താവളം

3.41 വടക്കൻ കേരളത്തിന്റെ വികസനത്തിനു നിർണായക സ്വാധീനമുള്ള കണ്ണൂർ വിമാനത്താവള പ്രോജക്ട് നടപ്പിലാക്കും.

## ശബരിമല വികസനം

3.42 ശബരിമല തീർത്ഥാടകരുടെ സൗകര്യം വർദ്ധിപ്പിക്കുവാനുള്ള മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കാൻ നൂറുകോടി രൂപ ബജറ്റിൽ വകയിരുത്തും.

3.43 നിലയ്ക്കൽ ബെയിസ് ക്യാമ്പിനു നൽകിയ സ്ഥലത്തു വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കും.

3.44 പമ്പ ആക്ഷൻ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കും.

3.45 പാഞ്ചാലിമേട്, പുല്ലുമേട്, പരുന്തുംപാറ പ്രദേശങ്ങളിൽ മകരവിളക്കു ദർശിക്കുവാനെത്തുന്ന തീർത്ഥാടകർക്കു സുരക്ഷാ സംവിധാനം ഏർപ്പെടുത്തുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യും. തിരുവാഭരണ റോഡിന്റെ പുനഃരുദ്ധാരണത്തിന് നടപടികൾ സ്വീകരിക്കും.

3.46 തിരുവിതാംകൂർ, കൊച്ചി, മലബാർ, ഗുരുവായൂർ ദേവസ്വം ബോർഡുകളിലെ നിയമനത്തിനായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കും. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളുടെ സ്വയംഭരണാവകാശം നിലനിർത്തും.

3.47 ശബരിമലയാത്രക്കാർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ആറന്മുള വിമാനത്താവളം നിർമിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തും.

## ഭവന നിർമ്മാണം

3.48 വീടിനുള്ള ഓരോ പൗരന്റെയും അവകാശം അംഗീകരിച്ചുകൊണ്ടു കേരളത്തെ അഞ്ചുവർഷം കൊണ്ടു സമ്പൂർണ ഭവന സംസ്ഥാനമാക്കും. ഇതിനായി സംസ്ഥാന പാർപ്പിട നയം അധികാരത്തിലേറി 100 ദിവസങ്ങൾക്കുള്ളിൽ പ്രഖ്യാപിക്കും.

3.49 ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ ആധുനിക കാലഘട്ടത്തിനനുയോജ്യമായ തരത്തിൽ പുനഃസംഘടിപ്പിച്ചു കാര്യക്ഷമമാക്കും.

3.50 കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഘടനാപരമായി പരിഷ്ക്കരിച്ചു നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യും.

3.51 പാർപ്പിടമില്ലാത്ത എല്ലാവർക്കും വാസയോഗ്യമായ പാർപ്പിടം നൽകുവാനുള്ള നടപടികൾ അടുത്ത 5 വർഷത്തിനുള്ളിൽ സ്വീകരിക്കും.

3.52 കേരളത്തിന്റെ അടുത്ത ദശകത്തിലെ പാർപ്പിട അനുബന്ധാവശ്യങ്ങൾ കണക്കിലെടുത്ത് കേന്ദ്ര സർക്കാരിന്റെ നയപരിപാടികൾക്കനുസൃതമായി സമഗ്ര സംസ്ഥാന പാർപ്പിടനയം ആവിഷ്ക്കരിക്കും.

3.53 ദുർബ്ബല വിഭാഗങ്ങളുടെ പാർപ്പിടാവശ്യങ്ങൾ സമ്പൂർണമായി പരിഹരിക്കുന്നതിന് പ്രത്യേക ഭവന പദ്ധതികൾ ആരംഭിക്കും.

3.54 കേന്ദ്ര സർക്കാരിന്റെ ജവഹർലാൽ നെഹ്രു നാഷണൽ അർബൻ റിന്യൂവൽ മിഷൻ, രാജീവ് ആവാസ് യോജന എന്നീ പദ്ധതികളുടെ സഹായത്തോടെ സമ്പൂർണ ചേരി പരിഷ്കരണ പദ്ധതി നടപ്പിലാക്കും.

3.55 ചേരി നിർമ്മാർജ്ജനത്തിന്റെ പേരിൽ ഭവനരഹിതരായവർക്കും, വ്യാവസായിക സംരംഭങ്ങൾ, സർക്കാരാവശ്യങ്ങൾ എന്നിവയ്ക്കു വേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവർക്കുമായി പ്രത്യേക പുനരധിവാസ പദ്ധതികൾ നടപ്പിലാക്കും.

3.56 ലക്ഷംവീടുകോളനികളിൽ കുടിവെള്ളത്തിനു പ്രത്യേക പാക്കേജ് അടിയന്തിരമായി നടപ്പാക്കും.

## നഗര വികസനം

3.57 അടിസ്ഥാന സൗകര്യ വികസനം (വാട്ടർ, സാനിട്ടേഷൻ, മാലിന്യനിർമാർജനം, പബ്ലിക് ട്രാൻസ്പോർട്ടേഷൻ) ലക്ഷ്യമാക്കി പഞ്ചവത്സര പദ്ധതി ആവിഷ്ക്കരിക്കും. ആദ്യ പാദത്തിൽ കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരങ്ങളും രണ്ടാം പാദത്തിൽ തൃശൂർ, കൊല്ലം, കോട്ടയം, കണ്ണൂർ എന്നീ നഗരങ്ങളും ഉൾപ്പെടുത്തും.

3.58 25 വർഷത്തെ ദീർഘകാല വികസനം അടിസ്ഥാനമാക്കി മെട്രോപോളിറ്റൻ ഏരിയകൾക്കായി ഒരു 'കൺസെപ്റ്റ് പ്ലാൻ' ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

3.59 ജെ.എൻ.എൻ.യു.ആർ.എം നിർദ്ദേശങ്ങൾക്കനുസൃതമായി അഞ്ച് കോർപ്പറേഷനുകളിലും മെട്രോപോളിറ്റൻ പ്ലാനിങ് കമ്മിറ്റികൾ രൂപീകരിക്കും.

3.60 ഐ.എൻ.എൻ.യു.ആർ.എം. ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കും.

3.61 ഗതാഗത സംവിധാനവും മാലിന്യ സംസ്ക്കരണവും കുറ്റമറ്റതാക്കാൻ മുനിസിപ്പാലിറ്റികളുടെ കീഴിൽ പ്രത്യേക ഏജൻസി രൂപീകരിക്കും.

3.62 മാലിന്യ സംഭരണം, സംസ്ക്കരണം, നിർമ്മാർജ്ജനം എന്നിവയ്ക്കായി പൊതു-സ്വകാര്യ പങ്കാളിത്ത മോഡൽ സ്വീകരിക്കും.

3.63 തിരുവനന്തപുരം, കൊച്ചി, മലബാർ എന്നിവിടങ്ങളിലായി മൂന്ന് കൺവെൻഷൻ-എക്സിബിഷൻ-എക്സ്പോ സെന്ററുകൾ നിർമിക്കും.

3.64 പൊതു-സ്വകാര്യപങ്കാളിത്ത മോഡൽ പേയ് ആന്റ് യൂസ് ടോയ്‌ലറ്റ് സംവിധാനം സംസ്ഥാനത്തെ എല്ലാ പട്ടണങ്ങളിലും നടപ്പാക്കും.

3.65 പൊതു-സ്വകാര്യ പങ്കാളിത്ത പ്രകാശവൽകൃത ബസ് ഷെൽട്ടറുകൾ സംസ്ഥാനത്തൊട്ടാകെ നടപ്പാക്കും.

3.66 കനാലുകളെയും ജലാശയങ്ങളെയും ശുദ്ധീകരിക്കുകയും അവയെ ഗതാഗത സംവിധാനത്തിന് പര്യാപ്തമാക്കുകയും ചെയ്യും

3.67 എൻയുആർഎം നെ അടിസ്ഥാനമാക്കി ആവശ്യാനുസരണം സീവേജ് ലെയിൻസ് മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടപ്പാക്കും.

## വിദ്യാഭ്യാസം

**പ്രാഥമിക, സെക്കന്ററി, ഹയർ സെക്കന്ററി, ഉന്നത, പ്രൊഫഷണൽ, അനൗപചാരിക വിദ്യാഭ്യാസം എന്നീ മേഖലകളിൽ അതിവേഗ സമഗ്ര വികസനം.**

*പൊതു വിദ്യാഭ്യാസത്തിന് പൊതുജനങ്ങൾക്ക് അവസരം ലഭിച്ചതിലൂടെയാണ് കേരള സമൂഹത്തിന്റെ അടിത്തറ ശക്തമായത്. അതുകൊണ്ടുതന്നെ പൊതുവിദ്യാഭ്യാസത്തെ ഹനിക്കുന്ന ഒന്നിനെയും യു.ഡി.എഫ്. അനുകൂലിക്കുന്നില്ല. അതേസമയം കേരളത്തിന്റെ ഉന്നത പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളെ വളർത്തുവാൻ സഹായകമാകുന്ന രീതിയിലുള്ള നിക്ഷേപം ആകർഷിക്കുന്ന നയമാണ് യുഡിഎഫ് വിഭാവനം ചെയ്യുന്നത്. വിദ്യാഭ്യാസ രംഗത്ത് യുഡിഎഫ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്ന നയങ്ങൾ:*

3.68 കേരളസംസ്ഥാനത്തെ 'വിജ്ഞാനത്തിന്റെ കേന്ദ്രമാക്കി' (Knowledge destination) മാറ്റാനുള്ള വിദ്യാഭ്യാസ നയങ്ങൾക്ക് രൂപം നല്കി നടപ്പിലാക്കും.

3.69 ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ത്രീവീലർ (സ്കൂട്ടർ) വാങ്ങുന്നതിന് പലിശരഹിത വായ്പ നടപ്പിലാക്കും.

3.70 ആഭ്യന്തര-വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസ ഹബ്ബാക്കി കേരളത്തെ മാറ്റും.

3.71 കേരളത്തിലെ എല്ലാ ഉന്നത/പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ദേശീയ റേറ്റിങ് ഏജൻസികളിൽ ഒന്നിന്റെ റേറ്റിങ് നിർബന്ധമാക്കും.

3.72 പൊതുമേഖലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (ഉന്നത/ പ്രൊഫഷണൽ) അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കു ന്നതിനായി പ്രൈവറ്റ് സ്പോൺസർഷിപ്പ് ആകർഷിക്കാനുത കുന്ന നയരേഖ രൂപീകരിക്കും.

3.73 പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിന് മാതാ പിതാക്കളുടേയും തദ്ദേശ സ്ഥാപനങ്ങളുടേയും മാനേജ്മെന്റു കളുടെയും പങ്കാളിത്തത്തിന് നിയമപരമായ സംവിധാനം ഒരുക്കും.

## പ്രാഥമിക, സെക്കന്ററി വിദ്യാഭ്യാസം

3.74 കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമം 2009, കേരളത്തിലെ വിദ്യാഭ്യാസ സാഹചര്യങ്ങൾക്ക നുസൃതമായി നടപ്പാക്കും.

3.75 രാഷ്ട്രീയ പ്രചരണത്തിനും മതനിന്ദയ്ക്കും ഉപയോഗിക്കുന്ന പാഠപുസ്തകങ്ങൾക്കു പകരം ഗുണനിലവാരമുള്ള പാഠപു സ്തകങ്ങൾ തയ്യാറാക്കി കൃത്യ സമയത്ത് വിതരണം ചെയ്യും.

3.76 സ്കൂൾ പാഠ്യപദ്ധതിയും സിലബസ്സും സി.ബി.എസ്.ഇ.നില വാരത്തിലാക്കി കേരളത്തിലെ വിദ്യാഭ്യാസത്തിന് ദേശീയ നില വാരം ഉറപ്പ് വരുത്തും.

3.77 സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിൽ പ്രീപ്രൈമറി ക്ലാസ്സു കൾ ആരംഭിക്കും.

3.78 എല്ലാ വിദ്യാലയങ്ങളിലും മലയാളഭാഷാപഠനം നിർബന്ധമാക്കും.

3.79 ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിൽ "Good English" പദ്ധതി നടപ്പാക്കും.

3.80 കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി ഫണ്ടുകൾ എയ്ഡഡ് സ്കൂളുക ളിലെ കുട്ടികളുടെ ഉന്നമനത്തിനും പ്രയോജനപ്പെടുത്തും.

3.81 സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തും. (കുടിവെള്ളം, ടോയ്ലെറ്റ്, പഠന ഉപകരണങ്ങൾ തുടങ്ങിയവ)

3.82 സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഏതെ ങ്കിലും ഒരു വിദ്യാഭ്യാസ സ്ഥാപനം മാതൃകയായി ഏറ്റെടുത്ത് ലോക നിലവാരത്തിലെത്തിക്കാനുള്ള പദ്ധതികൾ ആവിഷ്ക്ക രിക്കും.

3.83 സ്കൂളുകളിൽ ഉറുദു, അറബിക്, സംസ്കൃത ഭാഷകൾ പഠി ക്കാൻ കൂടുതൽ കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ പഠന രീതികളും സിലബസും പരിഷ്ക്കരിക്കും.

3.84 വിദ്യാഭ്യാസ വായ്പ എടുക്കുന്ന നിർധന വിദ്യാർത്ഥികൾക്ക് രണ്ടു ശതമാനം പലിശ നിരക്കിൽ വായ്പലഭ്യമാക്കുന്നതോടൊപ്പം പ്രത്യേക സ്കോളർഷിപ്പുകളും നൽകും.

3.85 SCERT, SIET, SIEMAT, DIET തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും.

3.86 നിലവിലുള്ള അപാകതകൾ പരിഹരിച്ച് നിരന്തരമൂല്യ നിർണയം കാര്യക്ഷമമാക്കും.

3.87 ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റുകൾ സംയോജിപ്പിച്ച് കൂടുതൽ പ്രവർത്തനക്ഷമതയുള്ളതാക്കും. (HSE, VHSE, THSE)

3.88 ഹയർസെക്കന്ററി അദ്ധ്യാപകരുടെ പരിശീലനത്തിന് പ്രത്യേക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും.

3.89 നിലവിലുള്ള ശമ്പളപരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കും. കേന്ദ്രപാരിറ്റി നടപ്പാക്കും.

3.90 ഹയർസെക്കന്ററി അധ്യാപകർക്ക് കരിക്കുലം കമ്മിറ്റിയിൽ പ്രാതിനിധ്യം നല്കി കാലോചിതമായി ഹയർ സെക്കന്ററി പാഠ്യപദ്ധതി പരിഷ്ക്കരിക്കും.

3.91 തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പാഠ്യപദ്ധതിയിലെ കാലഹരണപ്പെട്ട കോഴ്സുകൾ ഉപേക്ഷിക്കുകയും തൊഴിലധിഷ്ഠിത കോഴ്സുകളുടെ പാഠ്യപദ്ധതിയും സിലബസും കാലാനുസൃതമായി പരിഷ്ക്കരിക്കുകയും ചെയ്യും.

3.92 കുട്ടികൾക്ക് താല്പര്യമുണ്ടെങ്കിൽ സ്കൂൾ വിദ്യാഭ്യാസകാലത്ത് തന്നെ ടെക്നിക്കൽ കോഴ്സുകൾ, തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവ പഠിക്കാനുള്ള സൗകര്യം ഒരുക്കും.

3.93 അദ്ധ്യാപകരുടെ പരിശീലന പരിപാടികളും ക്ലസ്റ്റർ പരിശീലനങ്ങളും രാഷ്ട്രീയമുക്തമാക്കും. അദ്ധ്യാപക പരിശീലകരെ മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കും.

3.94 മികച്ച പാഠ്യേതര പ്രവർത്തനങ്ങൾ നടത്തി കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്ന അദ്ധ്യാപകർക്കും വിദ്യാലയങ്ങൾക്കും പ്രത്യേക ക്യാഷ് അവാർഡുകൾ നൽകും.

3.95 മോശം പ്രകടനം കാഴ്ചവയ്ക്കുന്ന സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്താനും പരിഹാരം കാണുവാനും പ്രത്യേക സംവിധാനം രൂപീകരിക്കും.

3.96 കോളേജുകളുടെ പ്രവർത്തന മികവ് അനുസരിച്ച് 'ഗ്രേഡ്' നല്കുന്നതു പോലെ പൊതു വിദ്യാലയങ്ങളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ശാസ്ത്രീയമായി വിലയിരുത്തി അവയ്ക്ക് ഗ്രേഡ് നൽകി ആ സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തും.

3.97 ഹൈസ്കൂൾ, ഹയർ സെക്കന്ററി പരീക്ഷകളുടെ നടത്തിപ്പിനായി ഏകീകൃത പരീക്ഷാ ഡയറക്ടറേറ്റ് സ്ഥാപിക്കും.

3.98 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആന്റ് ഹിയറിങ്ങിനെ മികവിന്റെ കേന്ദ്രമായി ഉയർത്തും.

3.99 സ്കൂൾ അദ്ധ്യാപകരുടെ പ്രവൃത്തി ദിനങ്ങൾ ഏകീകരിക്കും.

3.100 നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും.

3.101 ഇന്ത്യയിൽ നിലവിലുള്ള വിദ്യാഭ്യാസ അവസരങ്ങളും തൊഴിൽസാധ്യതകളും മനസ്സിലാക്കാനും ഭാവന വിപുലീകരിക്കാനുമായി 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മികവിന്റെ കേന്ദ്രങ്ങൾ സന്ദർശിക്കാനുള്ള പഠനയാത്രകൾ സർക്കാർ സഹായത്തോടെ നടപ്പിലാക്കും.

## ഉന്നത വിദ്യാഭ്യാസം

3.102 യു.ജി.സി. പാക്കേജിലെ അപാകതകൾ പരിഹരിച്ച് നടപ്പിലാക്കും.

3.103 കേരള സംസ്ഥാന ഗവേഷണ കൗൺസിൽ ആരംഭിക്കും.

3.104 കേരള ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രാഷ്ട്രീയമുക്തവും കാര്യക്ഷമവുമാക്കും.

3.105 ബിരുദ ബിരുദാനന്തര കോഴ്സുകൾ കാലാനുസൃതമായി പരിഷ്ക്കരിക്കുകയും ഓണേഴ്സ് കോഴ്സുകൾ ആരംഭിക്കുകയും ചെയ്യും.

3.106 വിദ്യാർത്ഥി പ്രവേശനം, പരീക്ഷാ നടത്തിപ്പ്, കൃത്യ സമയത്ത് ഫലപ്രഖ്യാപനം എന്നിവ കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും ഒരേ സമയത്ത് നടത്താൻ ഏകീകൃത അക്കാദമിക് കലണ്ടർ തയ്യാറാക്കും.

3.107 ചോയ്സ് ബേയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിലെ അപാകതകൾ പരിഹരിച്ച് പരിഷ്ക്കരിക്കും.

3.108 സർവ്വകലാശാലകളിൽ നിലവിലുള്ള സെക്കന്റ് ലാംഗ്വേജുകളിൽ ചൈനീസ്, ജാപ്പനീസ്, സ്പാനിഷ് ഭാഷകൾ കൂടി ഉൾപ്പെടുത്തും.

3.109 അറബിക് അദ്ധ്യാപകരെയും യുജിസി പാക്കേജിൽ ഉൾപ്പെടുത്തും.

3.110 ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തും.

3.111 പരമ്പരാഗത തൊഴിലുകൾ പരിശീലിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കും.

3.112 ഉന്നത നിലവാരം പുലർത്തുന്ന കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകുവാനുള്ള നയം നടപ്പാക്കും.

3.113 സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നില്ക്കുന്നവരും പഠനത്തിൽ മിടുക്കരുമായ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷാ പരിശീലനം സൗജന്യമായി നല്കും.

3.114 സ്കൂളുകളിലെ മികച്ച അധ്യാപകർക്ക് മികവിനുള്ള അവാർഡ് നല്കുന്നതു പോലെ സർവ്വകലാശാലാ അധ്യാപകർക്കും പ്രൊഫഷണൽ കോളേജിലെ അധ്യാപകർക്കും അവാർഡ് ഏർപ്പെടുത്തും.

3.115 നിലവിലുള്ള സീറ്റുകൾ നാലിരട്ടി വർദ്ധിപ്പിച്ച് അതിൽ 50 ശത മാനം സംസ്ഥാനത്തിന് പുറത്തുള്ള വിദ്യാർത്ഥികൾക്കും NRI വിദ്യാർത്ഥികൾക്കുമായി നൽകും.

3.116 ഈടില്ലാതെ വിദ്യാഭ്യാസ വായ്പ നൽകുന്നതിനായി ബാങ്ക്-സാമ്പത്തിക സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗ മായി സ്റ്റുഡന്റ്സ് ലോൺ ഗാരന്റി ഫണ്ട് സ്വരൂപിക്കും.

3.117 അന്താരാഷ്ട്ര നിലവാരമുള്ള മൾട്ടി ഡിസിപ്ലിനറി യൂണിവേ ഴ്സിറ്റി ആരംഭിക്കും.

3.118 നിയമപരമായ സംവിധാനത്തോടെയുള്ള പി.ടി.എ. രൂപവൽക്ക രിക്കും.

3.119 മോണിറ്ററിങ് ആന്റ് കോച്ചിങ് മാതൃകകളെ അടിസ്ഥാനമാക്കി യുള്ള പ്രിൻസിപ്പാൾ ആന്റ് ടീച്ചേഴ്സ് ട്രെയിനിങ് പ്രോഗാമു കൾ നടപ്പാക്കും.

3.120 സർവ്വകലാശാലകളുടെ പാഠ്യപദ്ധതി നവീകരണത്തിനായി സ്വ തന്ത്ര പാനലിനെ ചുമതലപ്പെടുത്തും.

3.121 വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കാൻ പ്രൈവറ്റ് സ്പോൺസർഷിപ്പ് പ്രയോജന പ്പെടുത്തും.

3.122 സംസ്കൃത സർവകലാശാലയെ ദേശീയതലത്തിലുള്ള യൂണിവേഴ്സിറ്റികളുടെ നിലവാരത്തിലേക്കുയർത്തും.

3.123 തൊഴിൽപരിശീലന കോഴ്സുകൾക്ക് പ്രോത്സാഹനം നൽകും. ഈ രംഗത്തെ അമിത ചൂഷണം നിയന്ത്രിക്കും.

## പ്രൊഫഷണൽ വിദ്യാഭ്യാസം

3.124 പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ വാങ്ങുന്നതിന് പലിശ രഹിതവായ്പ അനുവദിക്കും.

3.125 മെഡിക്കൽ, എൻജിനീയറിങ് എൻട്രൻസ് പരീക്ഷകൾ സുപ്രീംകോടതി നിർദ്ദേശാനുസരണം ഏകീകൃത രീതിയിലാ ക്കണമെന്ന നിർദ്ദേശം കേരളത്തിൽ നടപ്പാക്കും.

3.126 ബി.എഡ് കോഴ്സുകളുടെ പഠന കാലാവധി കൂട്ടും. എം.എഡ്. കോഴ്സുകൾക്ക് കൂടുതൽ മെച്ചപ്പെട്ട പാഠ്യപദ്ധതി തയ്യാ റാക്കും.

3.127 നിലവിലുള്ള മുഴുവൻ പ്രൊഫഷണൽ കോഴ്സുകളും കാലോചിതമായി പരിഷ്ക്കരിച്ച് പുതിയ പാഠ്യപദ്ധതികൾ തയ്യാറാക്കി നടപ്പാക്കും.

3.128 വിദ്യാർത്ഥികൾക്ക് കേന്ദ്ര മത്സര പരീക്ഷകൾക്ക് പരിശീലനം ലഭ്യമാക്കാൻ സംസ്ഥാനത്തുടനീളം പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കും.

3.129 മാനവ വിഭവശേഷി വികസനത്തിനായി ബാപ്പുജി വിജ്ഞാന കേന്ദ്രം സ്ഥാപിക്കും.

## അനൗപചാരിക വിദ്യാഭ്യാസം

3.130 അനൗപചാരിക വിദ്യാഭ്യാസ നയം ആവിഷ്ക്കരിക്കും.

3.131 തുടർ വിദ്യാകേന്ദ്രങ്ങളെ ഗ്രാമീണ പബ്ലിക് റിലേഷൻസ് & സർവ്വീസ് സെന്ററുകളായും ഹൈടെക്നോളജി സെന്ററുകളായും മാറ്റും.

3.132 വിവിധ വകുപ്പുകൾ നടത്തുന്ന ബോധവത്ക്കരണ പരിപാടികൾ കൂടുതൽ ജനകീയവും കാര്യക്ഷമവുമാക്കുന്നതിനു അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തും.

3.133 കേരളത്തിലെ തുടർവിദ്യാഭ്യാസ പരിപാടികൾക്ക് കേന്ദ്രധന സഹായം ഉറപ്പാക്കും.

3.134 അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുകയും ക്ഷേമനിധി ഏർപ്പെടുത്തുകയും ചെയ്യും.

3.135 സമ്പൂർണതുല്യത ലക്ഷ്യമിട്ട് പ്രത്യേക തുല്യതാ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കും.

## സ്വാശ്രയ നയം

3.136 സ്വാശ്രയ വിദ്യാലയങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം, ദുർബലവിഭാഗങ്ങളുടെ മെറിറ്റടിസ്ഥാനത്തിലുള്ള പ്രവേശനം, ഫീസ് സംവരണം തുടങ്ങിയവയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തും.

# 4. സാമൂഹ്യക്ഷേമം

## ദാരിദ്ര്യ നിർമാർജ്ജനം

4.1 ബി.പി.എൽ.കാർക്ക് 1 രൂപയ്ക്കും എ.പി.എൽ.കാർക്ക് 2 രൂപയ്ക്കും പ്രതിമാസം 25 കിലോ അരി നൽകും.

4.2 പരമദരിദ്ര കുടുംബങ്ങളെ സർക്കാർ ദത്തെടുക്കും.

4.3 ദരിദ്രരെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിന് വേണ്ട നയ സമീപനങ്ങൾ ആവിഷ്ക്കരിക്കും.

4.4 പരിപൂർണ ദാരിദ്ര്യ നിർമ്മാർജനത്തിന് വേണ്ടിയുള്ള തൊഴിലുറപ്പ് പദ്ധതികൾ പൂർണമായി നടപ്പിലാക്കും.

4.5 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങളിലെയും പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകും.

4.6 ജോലിയില്ലാത്ത വികലാംഗർക്ക് ഉയർന്ന നിരക്കിൽ തൊഴിലില്ലായ്മ വേതനം നൽകും.

4.7 കുടുംബനാഥന്റെ മരണത്തെ തുടർന്ന് അനാഥമാകുന്ന കുടുംബത്തിന്റെ രക്ഷയ്ക്കായി പ്രതിമാസ ധനസഹായം നൽകും.

4.8 മാറാരോഗം പിടിപെട്ടവർക്ക് ചികിത്സയും മരുന്നുകളും സൗജന്യമായി നൽകും. അവർക്ക് പ്രത്യേക പെൻഷൻ അനുവദിക്കും. രോഗം മാറിയവർക്ക് പ്രത്യേക പുനരധിവാസ പദ്ധതി ആവിഷ്ക്കരിക്കും.

4.9 വരുമാന പരിധി നിശ്ചയിച്ച് വൃക്കരോഗികൾക്ക് ഡയാലിസിസ് സൗജന്യമാക്കും. കാൻസർരോഗികൾക്കുള്ള മരുന്നുകൾ സൗജന്യ നിരക്കിൽ അർഹരായവർക്ക് ലഭ്യമാക്കും.

4.10 വികലാംഗർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കും.

4.11 വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കും.

4.12 സമ്പത്തിന്റെ വിതരണം ദരിദ്രരിലെത്താൻ തടസ്സമായ ഘടകങ്ങൾ നീക്കാൻ നയങ്ങൾ രൂപീകരിക്കും.

4.13 വീടുപണിയാൻ ഭൂമി ഇല്ലാത്ത ദരിദ്രർക്ക് സർക്കാർ ഭൂമി വാങ്ങി നല്കുന്ന പദ്ധതിക്ക് രൂപം നല്കും.

4.14 ദരിദ്രവിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും തൊഴിലിന് വേണ്ടിയുള്ള കുടിയേറ്റവും പ്രോത്സാഹിപ്പിക്കും.

4.15 നിലവിലുള്ള എല്ലാ ദാരിദ്ര്യ നിർമ്മാർജന പദ്ധതികളും ഏകോപിപ്പിച്ച് കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കും.

4.16 പൊതുവിതരണ സമ്പ്രദായം വഴി ഭക്ഷ്യയോഗ്യമായ ധാന്യങ്ങൾ വിതരണം ചെയ്യും.

4.17 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കും.

4.18 ബിപിഎൽ കാർഡ് വിതരണത്തിലെ അപാകതകൾ പരിഹരിച്ച് അർഹതയുള്ളവർക്കെല്ലാം ഈ ആനുകൂല്യം ലഭ്യമാക്കും.

4.19 വൈദ്യുതി ഇല്ലാത്ത എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും അടുത്ത ഒരു വർഷം കൊണ്ട് വൈദ്യുതി ലഭ്യമാക്കും.

4.20 മൈക്രോഫിനാൻസ് മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരിതര സന്നദ്ധസംഘടനകൾക്ക് എല്ലാവിധ നിയമപരിരക്ഷയും സാമ്പത്തികസഹായവും നൽകി വ്യവസ്ഥാപിതമാക്കും.

4.21 മൈക്രോഫിനാൻസ് പ്രവർത്തനങ്ങൾ അവലോകനം നടത്തി ലിസ്റ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾക്കുള്ള പ്രവർത്തന ചെലവുകൾ സർക്കാർ വഹിക്കും.

4.22 പ്രവർത്തനം വിലയിരുത്തി ഈ മേഖലയിലെ സർക്കാർ പ്രവർത്തനങ്ങളേയും സർക്കാരിതര സംഘടനകളുടെ പ്രവർത്തനങ്ങളേയും സംയോജിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കും.

4.23 സാമൂഹികക്ഷേമ പെൻഷൻ തുക വർദ്ധിപ്പിച്ച് മുടക്കമില്ലാതെ എല്ലാ മാസവും ബാങ്കുകൾ വഴി വിതരണം നടത്തും.

4.24 ഐക്യജനാധിപത്യ മുന്നണി കൊണ്ടുവന്ന ആശ്രയ പദ്ധതി എല്ലാ ത്രിതല പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. നിരാലംബരായ എല്ലാവരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും സംരക്ഷണം നൽകുകയും ചെയ്യും.

4.25 കേരളത്തിലെ അംഗനവാടികളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കും. ശിശുക്കൾ, ഗർഭിണികൾ, പെൺകുട്ടികൾ എന്നിവർക്കുള്ള ഭക്ഷണ പരിപാടി കുറ്റമറ്റതും കാര്യക്ഷമവുമാക്കി നടപ്പിലാക്കും. എല്ലാ എൽ.പി. സ്കൂളുകളിലും പ്രീപ്രൈമറി ക്ലാസ്സുകൾ ആരംഭിക്കും.

4.26 തദ്ദേശ സ്ഥാപനങ്ങളിൽ മത്സരിക്കുവാൻ വേണ്ടി ജോലി രാജിവച്ചു തൊഴിൽ നഷ്ടപ്പെട്ട അംഗനവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും പുനർ നിയമനം നൽകും. ഭാവിയിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കു മത്സരിക്കുവാനുള്ള അനുവാദവും ഇവർക്ക് നൽകും.

4.27 സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കും.

4.28 നാഷണൽ സേവിങ്ങ്സ് വർക്കർമാർ / മഹിള പ്രധാന്മാർ എന്നിവരുടെ സേവന വേതന പ്രശ്നങ്ങൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കും.

4.29 കേരള സർക്കാർ ലോട്ടറിയുടെ വിൽപ്പന പുനഃസംഘടിപ്പിച്ചു തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അന്യസംസ്ഥാന ലോട്ടറിയുടെ ചൂഷണം പൂർണമായി നിരോധിക്കുകയും ചെയ്യും.

4.30 പട്ടികജാതി/വർഗ കുടുംബങ്ങളിലും ബി.പി.എൽ. കുടുംബങ്ങളിലും ജനിക്കുന്ന ഓരോ പെൺകുട്ടിയുടെയും പേരിൽ ജനിക്കുമ്പോൾ തന്നെ ഒരു നിശ്ചിത തുക സർക്കാർ നിക്ഷേപിക്കും. കുട്ടിക്ക് 18 വയസ്സു പൂർത്തിയാകുമ്പോൾ ഈ തുക

വിനിയോഗിക്കാൻ കഴിയുന്ന വിധത്തിൽ ഒരു ക്ഷേമപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യും.

4.31 സച്ചാർ കമ്മിറ്റി ശുപാർശ പ്രകാരം ന്യൂനപക്ഷ വിദ്യാഭ്യാസ വികസനം, ശാക്തീകരണം എന്നീ കാര്യങ്ങളും ദേശീയ വിദ്യാഭ്യാസനയത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ പരിപാടികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കും.

## തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടികൾ

4.32 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഓരോ ജില്ലയിലെയും പ്രദേശത്തിന്റെയും വിഭവങ്ങളുടെയും തൊഴിൽസേനയുടെയും ഉത്പാദന പ്രവർത്തനങ്ങളുടെയും ആവശ്യങ്ങൾക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകും.

4.33 ചെറുപ്പക്കാരെ സ്വയംതൊഴിൽ കണ്ടെത്താൻ ശേഷിയുള്ളവരും വ്യവസായ സംരംഭകരും നിക്ഷേപകരുമാക്കി മാറ്റാൻ സഹായകരമായ വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്ക്കരിക്കും. ഐ.റ്റി.യും മറ്റും ആധുനിക വിജ്ഞാന മേഖലകളുമായി ബന്ധപ്പെട്ട മേഖലകളിൽ തൊഴിൽ ചെയ്യാൻ പ്രാപ്തമാക്കുന്ന തൊഴിൽ പരിശീലന പരിപാടികൾ വ്യാപകമായി തുടങ്ങും.

4.34 അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, തൊഴിൽ ചെയ്യാൻ സാമ്പത്തിക സഹായം ഇവ ഉൾപ്പെടുത്തി ഒരു തൊഴിൽ പദ്ധതി ആവിഷ്ക്കരിക്കും.

4.35 സ്വകാര്യ സംരംഭങ്ങളുമായി സഹകരിച്ച് നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം പരമാവധി ഉപയുക്തമാക്കും.

4.36 കൺസ്ട്രക്ഷൻ, ഭക്ഷ്യ സംസ്ക്കരണം, റീട്ടെയിൽ ട്രെയ്ഡ്, നേഴ്സിങ്, ടൂറിസം തുടങ്ങിയ വ്യാവസായിക-സേവന മേഖലകളിൽ സ്കിൽ വികസനത്തിന് ഊന്നൽ നൽകും.

4.37 വയോജന ആരോഗ്യ പരിചരണത്തിൽ റിഫ്രഷർ കോഴ്സുകൾ ആരംഭിക്കും.

4.38 അനൗപചാരിക തൊഴിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പിന്തുണയും അംഗീകാരവും നിയമപരിരക്ഷയും നൽകും.

4.39 ഗ്രാമീണ റോഡുകൾ ഗുണനിലവാരത്തോടെ നിർമിക്കുന്നതിനും കേടുകൂടാതെ സംരക്ഷിക്കുന്നതിനും ഗ്രാമീണ തലത്തിൽ തൊഴിൽരഹിതരായ ഡിഗ്രി-ഡിപ്ലോമക്കാരുടെ സഹകരണസംഘം രൂപീകരിക്കുകയും അവർക്കുവേണ്ട ധനസഹായം ലഭ്യമാക്കുകയും ചെയ്യും.

4.40 തൊഴിലില്ലായ്മയും തൊഴിലാളി ദൗർലഭ്യവും അനുഭവപ്പെടുന്ന സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസ രീതിയിലും തൊഴിൽ സമീപനത്തിലും മാറ്റം വരുത്തിക്കൊണ്ട് ഈ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം കാണും.

4.41 അസംഘടിതമേഖലയിലെ ഇടനിലക്കാരെ ഒഴിവാക്കിയും തൊഴിൽദാതാവും തൊഴിലാളിയും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തിയും ചൂഷണം ഒഴിവാക്കും.

4.42 തോട്ടം തൊഴിലാളികളുടെ വേതന-സേവന വ്യവസ്ഥകൾ പരിഷ്ക്കരിക്കുകയും ചികിത്സ, ഗതാഗതം, കുടിവെള്ളം, വിദ്യാഭ്യാസം, ഭവനം എന്നിവ ലായങ്ങളിൽ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

4.43 പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

4.44 പുതിയൊരു തൊഴിൽ സംസ്കാരത്തിനു രൂപം നൽകി ഉത്പാദനവും ഉത്പാദനക്ഷമതയും മൂലധന സമാഹരണവും വർധിപ്പിക്കും.

4.45 എല്ലാ മേഖലകളിലും മിനിമം വേതനം നടപ്പിലാക്കുകയും എല്ലാ വിഭാഗം തൊഴിലാളികളെയും ക്ഷേമ നിധി ബോർഡുകളുടെ പരിധിയിൽ കൊണ്ടുവരുകയും ചെയ്യും.

4.46 പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റിൽ തൊഴിലാളി പ്രാതിനിധ്യം ഉറപ്പാക്കും.

4.47 കാലോചിതമായ തൊഴിൽനയം രൂപീകരിക്കുകയും പരമ്പരാഗത മേഖലയിൽ ആശ്വാസവേതനം നടപ്പിലാക്കുകയും ചെയ്യും.

4.48 തൊഴിൽമേഖലയിൽ നിലനിൽക്കുന്ന നോക്കുകൂലി അടക്കമുള്ള അനാരോഗ്യപ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കും.

4.49 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യശ്രീകാർഡ് ഏർപ്പെടുത്തുകയും ഭവനപദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യും.

4.50 തൊഴിൽ രഹിതർക്ക് തൊഴിൽ വൈദഗ്ധ്യം നൽകാൻ പരിശീലനകേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കും.

4.51 പെൻഷൻ പറ്റിയവരുടെ വൈദഗ്ധ്യവും സേവനവും വിനിയോഗിക്കുന്നതിനായി ഈ വിഭാഗത്തിൽ സന്നദ്ധതയുള്ളവരുടെ ഡേറ്റാബേസ് ശേഖരിച്ച് കൺസൾട്ടൻസി, ഗവേഷണം, അധ്യാപനം തുടങ്ങിയ കാര്യങ്ങൾക്കായി കൺസൾട്ടേറ്റീവ് കൗൺസിൽ സംസ്ഥാനതലത്തിൽ രൂപീകരിക്കും.

## മണൽ, മദ്യ, മയക്കുമരുന്നു മാഫിയകൾ

4.52 ക്യാൻസർ പോലെ കേരള സമൂഹത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന വ്യാജമദ്യ മാഫിയകളെ കർശനമായി നിയന്ത്രിക്കും.

4.53 കുട്ടികളിലും, യുവാക്കളിലും വ്യാപിച്ചുകൊണ്ടിരിക്കുന്ന മദ്യപാനം, മയക്കുമരുന്ന്, പാൻമസാല എന്നിവയുടെ ഉപയോഗം നിർമ്മാർജ്ജനം ചെയ്യുവാൻ ബോധവൽക്കരണ പരിപാടികൾ നടത്തും.

4.54 മണൽ, ലോട്ടറി, മരുന്ന്, ഭൂമി എന്നീ മാഫിയകളെ നിയന്ത്രിക്കുവാൻ നിയമ നിർമ്മാണം കൊണ്ടുവരും.

4.55 ഭൂമിയുടെ ഊഹക്കച്ചവടം നിയന്ത്രിക്കുകയും കൃത്രിമമായി ഭൂമിയുടെ വില ഉയർത്തുന്ന രീതി അവസാനിപ്പിക്കുവാൻ നിയമ-ഭരണപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

## പ്രവാസി മലയാളികൾ

4.56 പ്രവാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനും പ്രവാസികളുടെ ക്ഷേമം ഉറപ്പുവരുത്താനും സഹായകമായ പ്രവാസി നയം രൂപീകരിക്കും.

4.57 തൊഴിലിനു വേണ്ടിയുള്ള കുടിയേറ്റം പ്രോത്സാഹിപ്പിക്കാൻ തൊഴിൽ പരിശീലന പരിപാടികളും ബാങ്ക് വായ്പയും നല്കാൻ നടപടികൾ സ്വീകരിക്കും.

4.58 തിരിച്ചു വരുന്ന എല്ലാ പ്രവാസികളേയും കേരള സർക്കാരിന്റെ ക്ഷേമ നിധിയിൽ അംഗങ്ങളാക്കും.

4.59 തിരിച്ചു വരുന്ന പ്രവാസികൾക്കും മുൻപ്രവാസികൾക്കും സ്വയം തൊഴിൽ പദ്ധതി ഉൾപ്പെടെ പുനരധിവാസ പരിപാടികൾ നടപ്പിലാക്കും. കാർഷിക-മൃഗപരിപാലന സംരംഭങ്ങളിലേക്കും ഇവരെ കൊണ്ടുവരും.

4.60 വിദേശ രാജ്യങ്ങളിൽ ജയിലിൽ കഴിയുന്നവരേയും നിയമക്കുരുക്കിൽപ്പെടുന്നവരെയും സഹായിക്കാൻ ലീഗൽ സ്ഥാപനങ്ങളുമായി സഹകരിച്ച് നിയമസഹായം ഏർപ്പെടുത്തും.

4.61 എൻ.ആർ.ഐ. നിക്ഷേപം ആകർഷിക്കാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും വൻ തോതിൽ നിക്ഷേപം സ്വീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

4.62 എയർ ഇന്ത്യാ എക്സ്പ്രസിന്റെ ആസ്ഥാനം കൊച്ചിയിലാക്കിയ സാഹചര്യത്തിൽ വിദേശ മലയാളികളുടെ വിമാന യാത്രാപ്രശ്നം പരിഹരിക്കാൻ കൂടുതൽ വിമാന സർവീസുകൾ തുടങ്ങാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.

4.63 പ്രവാസികളുടെ സമ്പാദ്യവും തൊഴിൽ വൈദഗ്ദ്ധ്യവും ഉപയോഗപ്പെടുത്തി ഉത്പാദന സേവന സംരംഭങ്ങൾ തുടങ്ങാൻ പദ്ധതികൾ ആവിഷ്ക്കരിക്കും.

4.64 സംസ്ഥാന പ്രവാസി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തും.

4.65 വിദേശ കുടിയേറ്റക്കാർ കൂടുതൽ ഉള്ള ജില്ലകളിൽ നോർക്കയുടെ പ്രവാസി വെൽഫെയർ ഓഫീസർമാരെ നിയമിക്കും.

4.66 വർദ്ധിച്ചുവരുന്ന കുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ എമിഗ്രേഷൻ ആക്ട് കാലോചിതമായി പരിഷ്ക്കരിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടും.

4.67 വിദേശ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് നടത്തുവാൻ ODEPC ഉം NORKA ROOTS ഉം സംയോജിപ്പിച്ച് കാര്യക്ഷമമായി പ്രവർത്തിപ്പിക്കും.

4.68 അനധികൃത റിക്രൂട്ട്മെന്റുകൾ തടയാൻ ശക്തവും കർശനവുമായ നടപടികൾ സ്വീകരിക്കും.

## പട്ടികജാതി പട്ടികവർഗ വികസനം

4.69 സാമ്പത്തിക വളർച്ചയുടെ പ്രയോജനം പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളിൽ എത്തിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.

4.70 പട്ടികജാതി/വർഗ വിഭാഗങ്ങൾക്ക് സ്വകാര്യമേഖലയിലും തൊഴിൽ ലഭ്യമാക്കുവാനുള്ള നടപടികൾ പ്രോത്സാഹിപ്പിക്കും.

4.71 പട്ടികജാതി/വർഗ വിഭാഗക്കാരുടെ ഭൂവുടമാവകാശം ഉറപ്പാക്കുന്നതിനു നടപടികൾ സ്വീകരിക്കും. പട്ടികവർഗ്ഗക്കാർക്ക് ഭൂമിയിന്മേലുള്ള പട്ടയം നൽകും. സമയബന്ധിതമായി ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമിവിതരണം നടത്തും.

4.72 പട്ടികജാതിവർഗ വിഭാഗങ്ങൾക്ക് ഭവനം ഒരവകാശമായി അംഗീകരിച്ചുകൊണ്ട് സമഗ്ര ഭവനനിർമ്മാണ പരിപാടി ആരംഭിക്കും.

4.73 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിൽ പട്ടികവർഗക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തും.

4.74 വ്യവസായ സംരംഭകർക്ക് സാങ്കേതിക ഉപദേശവും വായ്പയും നൽകും.

4.75 പ്രത്യേക ഘടകപദ്ധതി/ഉപപദ്ധതി പ്രകാരം പട്ടികജാതി/വർഗ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കും.

4.76 സിക്കിൾ സെൽ അനീമിയ രോഗം (അരിവാൾ രോഗം) ബാധിച്ച പട്ടികവർഗ വിഭാഗങ്ങളുടെ ആരോഗ്യപരിരക്ഷയ്ക്ക് നടപടി സ്വീകരിക്കും.

4.77 മഹാത്മാ അയ്യൻകാളിയുടെ നാമധേയത്തിൽ ഒരു സർവ്വകലാശാല ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കും.

4.78 കേരളത്തിൽ സ്വന്തമായി പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം ഇല്ലാത്ത പട്ടികജാതിക്കാർക്ക് നെഴ്സിങ്, എഞ്ചിനീ

യറിങ്, മെഡിക്കൽ, പാരാമെഡിക്കൽ കോളേജുകൾ അനുവദിക്കുന്നതിൽ മുൻഗണന നൽകും.

4.79 എല്ലാ ജില്ലകളിലും പട്ടികജാതി/പട്ടികവർഗക്കാർക്കായി പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ ആരംഭിക്കും.

4.80 ലംപ്സം ഗ്രാന്റ് ഗണ്യമായി വർദ്ധിപ്പിക്കുകയും സ്വാശ്രയ കോളേജുകളിൽ കൂടുതൽ പ്രവേശന അവസരങ്ങൾ ലഭ്യമാക്കി പഠനത്തിനുള്ള സാമ്പത്തിക സഹായങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും.

4.81 പഠന നിലവാരത്തിലും പരീക്ഷകളിലും പിന്നാക്കം നിൽക്കുന്ന പട്ടികജാതി/വർഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകും.

4.82 പട്ടിക വർഗ വികസനം ലക്ഷ്യമിട്ടു ട്രൈബൽ മിഷൻ രൂപവൽക്കരിക്കുകയും വനാവകാശം സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യും.

4.83 പട്ടികജാതി പട്ടികവർഗ ജനവിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കും. പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കും.

4.84 സാമ്പത്തിക വികസനത്തിന്റെ ഗുണഫലങ്ങൾ ഇവരിൽ എത്തിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കും.

4.85 വികസനം മൂലം പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളെ മുഖ്യധാരയിൽ എത്തിക്കാൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യും.

4.86 ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, പട്ടികജാതി-പട്ടിക വർഗക്കാർ, കർഷക തൊഴിലാളികൾ, ബി.പി.എൽ പട്ടികയിലുള്ളവർ എന്നിവരുടെ എല്ലാവിധ ചികിത്സയും പൂർണമായി സൗജന്യമാക്കും.

4.87 പട്ടികജാതി/വർഗ സഹകരണ സ്ഥാപനങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് പഠനം നടത്തി റിപ്പോർട്ട് ചെയ്യാൻ കമ്മീഷനെ നിയമിക്കും.

4.88 പട്ടിക വർഗ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് നേരിട്ട് വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള നിയമ വ്യവസ്ഥ പുനഃസ്ഥാപിക്കും.

4.89 ആദിവാസി കുട്ടികളുടെ ഉന്നമനത്തിനായി നാഷണൽ ട്രൈബൽ സ്റ്റുഡൻസ് അപ്ലിഫ്റ്റ്മെന്റ് സ്കീം നടപ്പിലാക്കും.

4.90 ചെങ്ങറ പാക്കേജ് കൂടുതൽ ഫലപ്രദമായി നടപ്പാക്കും.

4.91 ഇന്ത്യയ്ക്കകത്തും പുറത്തും ഉപരിപഠനത്തിനു പോകുന്ന പട്ടികജാതി/വർഗ വിദ്യാർത്ഥികൾ, മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾ എന്നിവർക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തും.

## പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

4.92 പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിന് പ്രത്യേകം പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും.

4.93 നിയമപ്രകാരമുള്ള തൊഴിൽ സംവരണം കർശനമായി നടപ്പിലാക്കും.

4.94 അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കും.

4.95 ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കും.

4.96 കേന്ദ്രഗവണ്മെന്റ് നിർദേശപ്രകാരമുള്ള സ്റ്റേറ്റ് മൈനോരിറ്റി കമ്മീഷൻ രൂപീകരിക്കും.

4.97 മദ്രസ അധ്യാപക പെൻഷൻ പദ്ധതി പലിശരഹിത സംവിധാനത്തിലൂടെ നടപ്പിലാക്കും.

4.98 മധ്യമിക് ശിക്ഷാ അഭിയാന്റെ ഭാഗമായി അനിവാര്യമായ യു.പി.സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തും.

4.99 പരിവർത്തിത ക്രൈസ്തവർക്കു കൂടി സംവരണ ആനുകൂല്യങ്ങൾ നൽകണമെന്ന ദീർഘകാലാവശ്യം പരിഗണിച്ച് അതേക്കുറിച്ച് പഠനം നടത്തി ശുപാർശകൾ നൽകാൻ ഒരു കമ്മിഷനെ നിയമിക്കും. കമ്മിഷന്റെ ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കും.

4.100 നാടാർ സംവരണം സംബന്ധിച്ച കേന്ദ്രനയം നടപ്പാക്കുന്നത് പഠിച്ച് റിപ്പോർട്ട് ചെയ്യാൻ കമ്മിഷനെ നിയോഗിക്കും.

## മുന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

4.101 കേന്ദ്ര ഗവണ്മെന്റിന്റെ സജീവ പരിഗണനയിലിരിക്കുന്ന സംവരണേതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണവും മറ്റ് എല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന റിട്ടയേർഡ് മേജർ ജനറൽ ശ്രീ.എസ്.ആർ. സിൻഹു അധ്യക്ഷനായുള്ള ദേശീയ കമ്മിഷന്റെ ശുപാർശകൾ നടപ്പാക്കുന്ന മുറയ്ക്ക് കേരളത്തിലും അത് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കും.

4.102 'കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം-2009' പ്രകാരം എയ്ഡഡ് സ്കൂളുകളുടെ നടത്തിപ്പ് സംബന്ധിച്ച് കമ്മിറ്റി രൂപീകരിക്കാൻ വ്യവസ്ഥയുണ്ട്. പാർലമെന്റിന്റെ പരിഗണനയിലിരിക്കുന്ന നിയമഭേദഗതി അംഗീകരിക്കുന്ന മുറയ്ക്ക് വിവേചനം കൂടാതെ കേരളത്തിലും ഈ നിയമം നടപ്പാക്കാൻ നടപടികൾ സ്വീകരിക്കും.

4.103 മുന്നാക്ക വിഭാഗത്തിൽപെട്ടവരുടെ ക്ഷേമത്തിനും പുരോഗതിക്കും പദ്ധതികൾ നടപ്പാക്കാനായി ഒരു വികസന കോർപറേഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

## ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരുടെ ക്ഷേമം

4.104 ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ സാമ്പത്തിക-സാമൂഹിക സഹായങ്ങൾ നൽകി മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനുള്ള നടപടികൾ സ്വീകരിക്കുകയും വികലാംഗ സംരക്ഷണ നിയമം കാലാനുസൃതമായി പരിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യും.

4.105 വെല്ലുവിളി നേരിടുന്നവർക്ക് തൊഴിലും വരുമാനവും സൃഷ്ടിച്ചു സാമൂഹ്യ സുരക്ഷ നൽകി ദാരിദ്ര്യത്തിൽനിന്നു മോചിപ്പിക്കുവാനുള്ള നടപടികൾ നടപ്പിലാക്കും.

4.106 നിയമപ്രകാരമുള്ള മൂന്നു ശതമാനം തൊഴിൽസംവരണം ലഭ്യമാക്കുകയും യാത്രാസൗകര്യം വർദ്ധിപ്പിക്കുകയും പ്രത്യേക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യും.

4.107 പൂർണമായും വെല്ലുവിളി അനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

4.108 തദ്ദേശസ്ഥാപനങ്ങൾ ഈ വിഭാഗത്തിനു നീക്കിവയ്ക്കുന്ന ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുവാനുള്ള നടപടികളും സ്വീകരിക്കും.

4.109 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കു വേണ്ടി പ്രത്യേക വകുപ്പും ക്ഷേമനിധിയും രൂപീകരിക്കുകയും പെൻഷൻ തുക വർദ്ധിപ്പിച്ചു മാസാമാസം വിതരണം നടത്തുകയും ചെയ്യും.

4.110 ഇവർക്ക് ഉപയോഗിക്കുവാൻ സാങ്കേതിക ഉപകരണങ്ങളും ത്രിചക്രസ്കൂട്ടറും സബ്സിഡി നിരക്കിൽ വിതരണം ചെയ്യും.

4.111 ഇവർക്കായി പുനരധിവാസ കൗൺസിൽ രൂപീകരിക്കും.

## മുതിർന്ന പൗരന്മാരുടെ ക്ഷേമം

4.112 വൃദ്ധജനങ്ങളുടെ അനുപാതം വർദ്ധിച്ചുവരുന്ന സാഹചര്യം വിലയിരുത്തി പ്രത്യേക പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കും.

4.113 ആരോഗ്യ ചികിത്സാ സൗകര്യവും പോഷകാഹാരവും ലഭ്യമാക്കി വൃദ്ധരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തും.

4.114 തദ്ദേശഭരണ സ്ഥാപനങ്ങൾവഴി ഒറ്റപ്പെട്ട വൃദ്ധരുടെ വീടുകളിൽ വൃദ്ധജന പരിചരണത്തിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കും.

4.115 വൃദ്ധസദനങ്ങളും പകൽവീടുകളും കൂടുതൽ ആരംഭിച്ചു സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തും.

### സ്ത്രീകളും വികസനവും

4.116 സ്ത്രീശാക്തീകരണം യാഥാർത്ഥ്യമാക്കുവാൻ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ മുതലായ രംഗങ്ങളിൽ വനിതകളുടെ പങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും.

4.117 കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സ്ത്രീശാക്തീകരണം ലക്ഷ്യമിട്ടു നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികൾ കാര്യക്ഷമമായി താഴ്ന്ന തലത്തിൽ നടപ്പിലാക്കും.

4.118 സ്ത്രീകൾക്കെതിരെ നടക്കുന്ന എല്ലാ അതിക്രമങ്ങളും അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കും.

4.119 ജോലിസ്ഥലങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് ശാശ്വതപരിഹാരം കാണുകയും സുരക്ഷ ഉറപ്പാക്കുകയും ചെയ്യും.

4.120 കുടുംബശ്രീ പ്രവർത്തനങ്ങളെ രാഷ്ട്രീയമുക്തമാക്കി തൊഴിലും വരുമാനവും സുസ്ഥിരമായി ഉയർത്തുവാനുള്ള നടപടികൾ സ്വീകരിക്കും.

4.121 പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീതൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുകയും തൊഴിൽ സംരക്ഷണം ഉറപ്പാക്കുകയും ചെയ്യും.

4.122 വനിതാ ക്ഷേമവകുപ്പ് രൂപീകരിക്കുകയും ഭരണ നടത്തിപ്പിന്റെ എല്ലാ തലങ്ങളിലും സ്ത്രീകൾക്ക് മാന്യമായ പദവി ഉറപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുകയും ചെയ്യും.

4.123 സ്ത്രീകളുടെ സർവതോമുഖമായ ഉന്നതിക്കുവേണ്ടി സംരംഭകത്വ വികസന സ്ഥാപനം ആരംഭിക്കും.

4.124 പ്രധാനപ്പെട്ട പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കു വേണ്ടി പൊതു കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കും.

4.125 അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികൾക്ക് പ്രസവ അവധിയും ആനുകൂല്യവും നൽകും.

## 5. ധനസമാഹരണവും പദ്ധതി നടത്തിപ്പും

### സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തും

5.1 കേരളത്തെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കാൻ നടപടികൾ സ്വീകരിക്കും.

5.2 ഭരണകാര്യക്ഷമത മെച്ചപ്പെടുത്തി അനാവശ്യ ചെലവുകൾ കുറയ്ക്കും.

5.3 പൊതുസേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും പൊതു-സ്വകാര്യ പങ്കാളിത്തം വഴിയും സഹകരണ സംഘങ്ങൾ വഴിയും ലഭ്യമാക്കും.

5.4 പ്രൊഫഷണൽ വിദഗ്ധൻമാരെ ഉൾപ്പെടുത്തി ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തും.

## പദ്ധതികൾ സമയബന്ധിതമായി നടത്താൻ സംവിധാനം

5.5 വാർഷിക പദ്ധതിയുടെ നിർവ്വഹണം വർഷാരംഭം മുതൽ നടത്തുവാനുള്ള നടപടികൾ സ്വീകരിക്കും.

5.6 കേന്ദ്രാവിഷ്കൃത പദ്ധതികളും വിദേശ സഹായമുള്ള പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കി പദ്ധതിവിഹിതം നഷ്ടപ്പെടാതിരിക്കുവാനുള്ള സംവിധാനം സൃഷ്ടിക്കും.

5.7 വാർഷിക പദ്ധതി, കേന്ദ്രാവിഷ്കൃതപദ്ധതികൾ, മറ്റ് വികസന പദ്ധതികൾ തുടങ്ങിയ ജില്ലാതലത്തിൽ നടപ്പിലാക്കുന്ന വികസന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് ജില്ലാ വികസന കമ്മീഷണറുടെ മേൽനോട്ടത്തിൽ പുതിയ ഭരണ സംവിധാനം സൃഷ്ടിക്കും.

5.8 പതിറ്റാണ്ടുകളായി നിലനിൽക്കുന്നതും പൊതുജന സേവനം പ്രദാനം ചെയ്യുന്നതിൽ കാലതാമസം സൃഷ്ടിക്കുന്നതുമായ സർക്കാർ/ഭരണ നടപടി ക്രമങ്ങൾ ലഘൂകരിക്കും.

## അധികാരവികേന്ദ്രീകരണവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും

5.9 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൂടുതൽ പദ്ധതി വിഹിതവും അധികാരങ്ങളും ചുമതലകളും നൽകും.

5.10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചു ഭരണ സംവിധാനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കും.

5.11 പ്രോജക്ടുകൾ സമയബന്ധിതമായി സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കും. ദീർഘകാലാടിസ്ഥാനത്തിലുള്ള സുസ്ഥിര വികസന പ്രോജക്ടുകൾക്കു ഊന്നൽ നൽകും.

5.12 പ്രാദേശികതല ഗ്രാമീണ റോഡ്-ജല ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കും. പരിസ്ഥിതി സംരക്ഷണവും ശുചീകരണ പ്രവർത്തനങ്ങളും മെച്ചപ്പെടുത്തും.

5.13 കുടിവെള്ളവും വൈദ്യുതിയും ഉൾപ്രദേശങ്ങളിലെല്ലാം എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

5.14 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും കുടിവെള്ള ലഭ്യതയിൽ സ്വയംപര്യാപ്തത നേടും. ഇതിനായി ജലസ്രോതസ്സുകളെ പുനർജനിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പരി

പോഷിപ്പിക്കുന്നതിനും ആവശ്യമായ ശാസ്ത്രീയ അടിത്തറ യോടു കൂടിയുള്ള പദ്ധതികൾ നടപ്പിലാക്കും. ഇതിനാവശ്യ മുള്ള ശാസ്ത്ര പരിജ്ഞാനം സംസ്ഥാന ഗവേഷണ സ്ഥാപ നങ്ങളിൽ നിന്ന് തദ്ദേശ സ്ഥാപനങ്ങൾക്കു ലഭ്യമാക്കും.

5.15 ഓരോ വാർഡിനേയും സ്വയംപര്യാപ്ത കമ്യൂണിറ്റികളാക്കാൻ ശ്രമിക്കും.

5.16 ഗ്രാമസഭായോഗങ്ങൾ കാര്യക്ഷമമാക്കി ജനപങ്കാളിത്തം വർദ്ധി പ്പിക്കുവാൻ നടപടി സ്വീകരിക്കും. ഗ്രാമസഭ നിർദ്ദേശിക്കുന്ന വികസന പരിപാടികൾ നിർബന്ധമായും പദ്ധതി രേഖയിൽ ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കും.

5.17 ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വികസന പദ്ധതി സംയോജിപ്പിച്ചു നടപ്പിലാക്കും. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ത്രിതല പഞ്ചായത്തുകളുടെ പദ്ധതിയുമായി ഏകോപിപ്പിക്കും.

5.18 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർണമായും കംപ്യൂ ട്ടർവൽക്കരിച്ചു പൗരന്മാർക്ക് ഗുണനിലവാരമുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തും.

5.19 പ്രാദേശിക ആസൂത്രണം ഉറപ്പു വരുത്തുന്നതിന് അനു യോജ്യമായതും ലളിതവും ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്തതു മായ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഗ്രാമപ്രദേശങ്ങൾക്കു വേണ്ടി ആവിഷ്ക്കരിച്ചു നടപ്പിലാക്കും.

5.20 പാർശ്വവൽക്കരിക്കപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും കൈവ ശഭൂമി, ഭവനം, കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ ലഭ്യമാക്കും.

5.21 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാ രുകളിൽ നിന്നു ലഭിക്കുന്ന പദ്ധതിതുകയുടെ അടിസ്ഥാന ത്തിൽ അഞ്ചുവർഷത്തെ വികസന പദ്ധതി മുൻകൂട്ടി തയ്യാറാ ക്കുന്നതിന് നടപടി സ്വീകരിക്കും.

5.22 സർക്കാർ നല്കുന്ന വികസന ഫണ്ടിലേക്കുള്ള നിയന്ത്ര ണങ്ങൾ അയവുള്ളതാക്കും.

5.23 നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതി വിഹിതം തദ്ദേശ സ്ഥാപനങ്ങൾക്കു നൽകും.

5.24 ഉല്പാദന മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കും.

5.25 ജനപ്രതിനിധികൾക്ക് പരിശീലനം നല്കി ഭരണ നിർവഹണ ത്തിന് പ്രാപ്തരാക്കും. അതിനായി നിലവിലുള്ള സംവിധാന ങ്ങൾ ശക്തിപ്പെടുത്തും.

5.26 ജില്ലാ ആസൂത്രണ സമിതികൾ ശക്തിപ്പെടുത്തും. ഓരോ ജില്ലയുടെയും സമഗ്രവികസന പദ്ധതി തയ്യാറാക്കി അവ കാര്യക്ഷമതയോടെ നടപ്പാക്കുന്നു എന്ന് ഉറപ്പു വരുത്തും.

5.27 തദ്ദേശ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ വനിതാ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തും.

5.28 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ലീഗൽ സർവീസ് അതോറിറ്റിയും സംയുക്തമായി പ്രാദേശിക പ്രശ്നങ്ങൾക്ക് നിയമപരമായ പരിഹാരം കണ്ടെത്തുന്നതിന് വേദിയുണ്ടാക്കും.

5.29 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അഴിമതി രഹിതവും സുതാര്യവുമാക്കും. ഓംബുഡ്സ്മാന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും.

5.30 എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗര സഭകളിലും പൊതു ശ്മശാനങ്ങൾ ഉണ്ടാക്കും. നിലവിലുള്ളവ ആധുനീകരിക്കും.

## വിലക്കയറ്റ നിയന്ത്രണം

5.31 പൊതുവിതരണ സമ്പ്രദായം ശക്തമാക്കും.

5.32 വിലക്കയറ്റം പിടിച്ചുനിർത്താൻ മാവേലിസ്റ്റോർ, കൺസ്യൂമർ സ്റ്റോർ, സപ്ലൈകോ മുതലായവ വഴി ഭക്ഷ്യ വസ്തുക്കൾ വില കുറച്ച് വിതരണം ചെയ്യും.

5.33 പൊതു വിതരണ സമ്പ്രദായം പൂർണമായും കംപ്യൂട്ടർവൽക്കരിക്കും.

5.34 പൊതുവിതരണ ഭക്ഷ്യവസ്തുക്കളുടെ തിരിമറി തടയാൻ ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം (ജിപിഎസ്) ഉപയോഗിക്കും.

5.35 ധാന്യ ബാഗുകളിൽ ബാർകോഡ് രേഖപ്പെടുത്തും.

5.36 ഭക്ഷ്യവസ്തുക്കൾ ഉത്പാദകരിൽ നിന്നു നേരിട്ടു സംഭരിച്ച് പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യും.

5.37 അവശ്യവസ്തുക്കളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും കർശനമായി നിരോധിക്കും.

# 6. സർവ്വീസ് മേഖല

## ടൂറിസം

6.1 കേരളത്തെ ലോകത്തിലെ മുഖ്യ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നാക്കാനുള്ള പരിപാടികൾ നടപ്പിലാക്കും. വിശ്വോത്തരമായ ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി പ്രകൃതിയനുഗ്രഹിച്ച കേരളത്തെ വളർത്തിയെടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കും. കേരളത്തിന്റെ തനിമ നിലനിർത്തിക്കൊണ്ടും പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും.

6.2 സമഗ്ര ടൂറിസ വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കും. നിക്ഷേപ സൗഹൃദ നയം, പദ്ധതികളുടെ ത്വരിതഗതിയിലുള്ള നിർവ്വഹണം, നിക്ഷേപ മേഖലകൾ, സാമ്പത്തിക സഹായം ഉറപ്പു വരുത്തൽ, അടിസ്ഥാന സൗകര്യ സഹായം എന്നിവയ്ക്ക് മുൻഗണന നൽകും.

6.3 ഓരോ പ്രദേശത്തും നിർദ്ദേശിക്കപ്പെടുന്ന ടൂറിസ സൗകര്യങ്ങൾ വിലയിരുത്തി സംരംഭകർക്ക് ഏതിലെല്ലാം മുതൽ മുടക്കാം എന്നു വ്യക്തമാക്കി ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കും.

6.4 അടുത്ത അഞ്ചുവർഷം 5 ലക്ഷം പേർക്ക് തൊഴിൽ നൽകാനുള്ള പദ്ധതിക്ക് സ്വകാര്യ നിക്ഷേപമേഖലയിലും, പൊതു സ്വകാര്യ സംയുക്ത മേഖലയിലും പദ്ധതികൾ നടപ്പാക്കും.

6.5 നിലവാരമുള്ളതും, വരുമാനം കൂടുതൽ ലഭിക്കുന്നതുമായ ടൂറിസത്തിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കും. ഇതുകൂടാതെ അനുബന്ധ സൗകര്യങ്ങൾക്കു വേണ്ടി ഹോട്ടലുകൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ, കലാ -വിനോദ കേന്ദ്രങ്ങൾ, ഇൻഫർമേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കും.

6.6 തദ്ദേശവാസികളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ടൂറിസ സേവന ദാതാക്കളേയും, പൊതുജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഉത്തരവാദിത്ത ടൂറിസ മോഡൽ വ്യാപകമാക്കും.

6.7 ലോകടൂറിസത്തിലെ മാറ്റങ്ങളും ടൂറിസ്റ്റുകളുടെ താല്പര്യങ്ങളും അനുസ്യൂതം പഠിച്ച് ടൂറിസം വ്യവസായത്തിലുള്ളവർക്ക് കൈമാറാനുള്ള സൗകര്യം സൃഷ്ടിക്കും.

6.8 കേരളത്തിന്റെ തനതായ സൗന്ദര്യം ആസ്വദിക്കുന്നതിനും ജലയാത്രാനുഭവത്തിനും വേണ്ടി കേരളത്തിലെ ജലപാത-കായൽ ടൂറിസത്തിന് മുൻഗണന നൽകി വികസിപ്പിക്കും.

6.9 റോഡുകൾ സഞ്ചാരയോഗ്യമാക്കി വഴിയോരങ്ങളിൽ പാർക്കിങ്, ഫോട്ടോഗ്രാഫി ഗ്യാലറി, പൂക്കൾ, പഴങ്ങൾ, കരകൗശല വസ്തുക്കൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ പ്രദർശിപ്പിക്കുവാനും വിൽക്കുവാനുമുള്ള സൗകര്യങ്ങൾ നൽകും.

6.10 അടിസ്ഥാന സൗകര്യങ്ങൾ, വിവിധ വൈദഗ്ദ്ധ്യങ്ങൾ, പൊതു പങ്കാളിത്തം ഇവയൊക്കെ ഏകോപിപ്പിക്കുന്നതിനും മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിനും സ്വകാര്യ മേഖലയിലെയും പൊതുമേഖലയിലേയും വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഉന്നതാധികാരസമിതി രൂപീകരിക്കും.

6.11 മാനവ വിഭവ ശേഷി വികസനം, സൗഹൃദ നികുതി നയം, ഇൻവെസ്റ്റ്മെന്റ് ഗൈഡൻസ് സെൽ, ടൂറിസ്റ്റുകൾക്കുള്ള സുരക്ഷ എന്നിവ ഉറപ്പു വരുത്തും.

6.12 ആഭ്യന്തര ടൂറിസത്തിന് ഊന്നൽ നൽകും.

6.13 അഡ്വഞ്ചർ ടൂറിസം, ഹെലികോപ്റ്റർ ടൂറിസം, ക്രൂയിസ് ടൂറിസം എന്നിവ പ്രോത്സാഹിപ്പിക്കും.

6.14 സർക്കാർ-സ്വകാര്യ ബസ് യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായി ചർച്ച ചെയ്ത് നടപടികൾ എടുക്കും.

6.15 ഓട്ടോറിക്ഷാ തൊഴിലാളികളുടെയും യാത്രക്കാരുടെയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കും.

## ആരോഗ്യ മേഖല

6.16 പകർച്ച-പകർച്ചേതര രോഗങ്ങളുടെ വ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനും പ്രഥമ പരിഗണന നൽകിക്കൊണ്ട് സമഗ്രമായ ആരോഗ്യ നയം ആവിഷ്ക്കരിക്കും. രോഗപ്രതിരോധത്തിന് മുൻഗണന നൽകി മികച്ച ചികിത്സയും സേവനങ്ങളും ഉറപ്പു വരുത്തുന്ന സംസ്ഥാന ആരോഗ്യ നയം നടപ്പാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തും.

6.17 രോഗ നിർണയ-ചികിത്സാ സംവിധാനം ശക്തിപ്പെടുത്തും. വർദ്ധിച്ചുവരുന്ന പകർച്ച വ്യാധികളെയും ജീവിതശൈലീരോഗങ്ങളെയും ചെറുക്കുന്നതിനും തനതായ രോഗ പ്രതിരോധ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിനും വേണ്ടി അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയൊരു ഗവേഷണ കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കും. ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ശക്തിപ്പെടുത്തും.

6.18 നിലവാരമില്ലാത്ത മരുന്നുകളും വിഷാംശം കലർന്ന ആഹാര പദാർത്ഥങ്ങളും കണ്ടെത്തി നിരോധിക്കുന്നതിന് ഡ്രഗ് ടെസ്റ്റിങ് ലാബിന്റേയും അനലിസ്റ്റ് ലാബിന്റേയും പ്രവർത്തനം വിപുലപ്പെടുത്തും.

6.19 നഗരപ്രദേശങ്ങളിലെ ദരിദ്ര വിഭാഗങ്ങൾക്കായി പ്രത്യേക നഗരാരോഗ്യ പദ്ധതി നടപ്പാക്കും.

6.20 ആരോഗ്യ സ്ഥാപനങ്ങളിലെ ചികിത്സാ സൗകര്യങ്ങൾ വൃദ്ധരുൾപ്പെടെ അവശത നേരിടുന്ന മുഴുവൻ പേർക്കും പ്രാപ്യമാകുന്ന തരത്തിൽ വൃദ്ധസൗഹൃദങ്ങളാക്കി (ഏജ്-ഫ്രണ്ട്‌ലി) പുനഃക്രമീകരിക്കും.

6.21 ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം വേഗത്തിലാക്കുന്നതിന് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപറേഷൻ ആരംഭിക്കും.

6.22 ഹൈവേകളിൽ ആവശ്യാനുസൃതം ട്രോമോകെയർ സെന്ററുകൾ ആരംഭിക്കും.

6.23 ആയുർവേദത്തിനും ട്രൈബൽ മെഡിസിനും വേണ്ടി ഔഷധ ഗവേഷണ കേന്ദ്രം സ്ഥാപിക്കും.

6.24 സമാന്തര ചികിത്സാ സമ്പ്രദായത്തിന് പ്രചാരണം നൽകുവാൻ സർക്കാരിതര പ്രസ്ഥാനങ്ങൾക്ക് പിന്തുണ നൽകും.

6.25 ആരോഗ്യ രംഗത്ത് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളുമായി ലാഭേച്ഛ കൂടാതെയുള്ള സഹ കരണത്തിന്റെ സാധ്യതകൾ പൂർണമായും പ്രയോജന പ്പെടുത്തും.

6.26 താലൂക്ക് ആശുപത്രികളും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കൂടുതൽ സൗകര്യങ്ങൾ വികസിപ്പിച്ചും മരുന്നുകൾ ലഭ്യമാ ക്കിയും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനങ്ങൾ ഉറപ്പാക്കിയും ശക്തിപ്പെടുത്തും. ഇതിലേക്ക് മെഡിക്കൽ സർവ്വീസസ് കോർപ്പ റേഷന്റെ സേവനം കൂടുതൽ മെച്ചപ്പെടുത്തും.

6.27 സമഗ്ര മെഡിക്കൽ പ്രാക്ടീഷനേഴ്സ് നിയമം നടപ്പിലാക്കും.

6.28 വൃദ്ധസമൂഹത്തെയും മാനസികാരോഗ്യ സംരക്ഷണത്തെയും മുൻനിർത്തി ഗുണാത്മക ആരോഗ്യ സംരക്ഷണ നടപടികൾ സ്വീകരിക്കും.

6.29 നിലവിലുള്ള പദ്ധതികൾ ശക്തിപ്പെടുത്തി സാർവ്വത്രിക ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കും.

6.30 ഗ്രാമീണ മേഖലയിലെ ആശുപത്രികളിലെ/പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർ-നേഴ്സ്-പാരാ മെഡി ക്കൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി, ഇവരെ കരാറടിസ്ഥാനത്തിൽ സെലക്ട് ചെയ്യുവാനും അവരുടെ വേതന വ്യവസ്ഥകൾ നിശ്ചയിക്കുവാനുമുള്ള ചുമതല ഗ്രാമപ ഞ്ചായത്തു സമിതികളെ ഏല്പിക്കും. കേന്ദ്രീകൃത നിയമനരീതി ഒഴിവാക്കും.

6.31 മാനസികാരോഗ്യ പരിപാലനത്തിൽ വ്യാപൃതരായവർക്കായി തുടർപരിശീലന പരിപാടികൾക്ക് പ്രത്യേകം ഊന്നൽ നൽകും.

6.32 വൃദ്ധജനങ്ങൾക്കായി നിലവാരമുള്ള നേഴ്സിങ് ഹോമുകളും വിശ്രമ കേന്ദ്രങ്ങളും ആരംഭിക്കും.

6.33 വാഹനാപകടങ്ങളിൽ പരുക്കേൽക്കുന്നവർക്കും ട്രോമോ കേസുകൾക്കും 100 ശതമാനം സൗജന്യ ചികിത്സ ഉറപ്പു വരുത്തും.

6.34 സംസ്ഥാനത്തിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെയും അന്തർദ്ദേശീയ സർവ്വകലാശാലകളുടെയും കൂട്ടായ്മയോടെ മാനസികാരോഗ്യ സംരക്ഷണനടപടികൾ ശക്തിപ്പെടുത്തും.

6.35 മാനസിക രോഗികളുടെ മാതാപിതാക്കൾക്കും അവരെ ശുശ്രൂ ഷിക്കുന്നവർക്കും കൗൺസിലിങ്ങും പിന്തുണയും ഉപദേശ

ങ്ങളും പ്രദാനം ചെയ്യുന്നതിനായി സംസ്ഥാന വ്യാപകമായി ഹെൽപ്പ്/കോൾ സെന്ററുകൾ ആരംഭിക്കും.

6.36 മെന്റൽ ഹെൽത്ത് അതോറിറ്റിയെ ശക്തിപ്പെടുത്തും. മാനസികാരോഗ്യ പ്രവർത്തകർ പാരാ മെഡിക്കൽ ജീവനക്കാർ തുടങ്ങിയവരുടെ തുടർ പരിശീലന പരിപാടികൾ ശക്തിപ്പെടുത്തും.

6.37 വൃദ്ധജന പരിപാലന പരിപാടികൾക്ക് പ്രത്യേക ഊന്നൽ നൽകും.

6.38 വൃദ്ധജന പരിപാലനത്തെ മുൻനിർത്തി മെഡിക്കൽ പ്രൊഫഷണലുകൾക്ക് റിഫ്രഷർ കോഴ്സുകൾ ആരംഭിക്കും.

6.39 കാൻസർ, ഹൃദ്രോഗം, വൃക്കരോഗം മുതലായ മാരക രോഗങ്ങൾക്കു വിധേയരായ പാവപ്പെട്ടവർക്കു മെച്ചപ്പെട്ട ചികിത്സാ സൗകര്യം സൗജന്യമായി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കും. ചികിത്സ തെരഞ്ഞെടുക്കുവാനും ആശുപത്രികളെ സമീപിക്കുവാനുമുള്ള സാഹചര്യവും സൃഷ്ടിക്കും.

6.40 ജീവൻരക്ഷാ മരുന്നുകൾക്ക് വില്പന നികുതി ഇളവ് നൽകും. മരുന്നുകളുടെ ക്രമാതീതമായ വില നിയന്ത്രിക്കുവാനുള്ള നടപടി സ്വീകരിക്കും. മരുന്നുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള സംവിധാനം ശക്തമാക്കും.

6.41 സമൂഹത്തിലെ സമസ്ത ജനവിഭാഗങ്ങൾക്കും പ്രയോജനം നല്കുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് നടപ്പിലാക്കും. ബി.പി.എൽ.കുടുംബങ്ങളുടെ പ്രീമിയം ഗവൺമെന്റ് പൂർണമായും ഏറ്റെടുക്കുകയും മറ്റു വിഭാഗങ്ങൾക്കു ആകർഷകമായ പ്രീമിയം സൗജന്യമായി നൽകുകയും ചെയ്യും.

6.42 രോഗ നിവാരണ പ്രതിരോധ പൊതുജനാരോഗ്യ പരിപാടികൾക്കു മുന്തിയ പ്രാധാന്യം നൽകും. പൊതുജനാരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ശുദ്ധമായ കുടിവെള്ളം, പരിസര ശുചിത്വം, മാലിന്യനിർമ്മാർജ്ജനം, മായം ചേർക്കൽ നിരോധനം എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും പ്രത്യേക നടപടികൾ സ്വീകരിക്കും.

6.43 മാനസിക രോഗമുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസത്തിനു വേണ്ടി നിശ്ചിത തുക എല്ലാ മാസവും ഗ്രാന്റ് ആയി നൽകും.

6.44 ബജറ്റ് വിഹിതം വർദ്ധിപ്പിച്ചും ഭരണം കാര്യക്ഷമമാക്കിയും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ പുനരുജ്ജീവിപ്പിക്കും.

6.45 ഔഷധവിലവർധനവ് നിയന്ത്രിക്കാൻ കമ്പനികളിൽ നിന്നും മരുന്നുകൾ സർക്കാർ നേരിട്ട് സംഭരിച്ച് വിതരണം നടത്തും.

6.46 കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും മെഡിക്കൽസ്റ്റോറുകൾ തുറന്ന് ഔഷധങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യും.

6.47 പാരമ്പര്യരോഗങ്ങളെക്കാൾ കൂടുതൽ അപകടകാരികളായ ആധുനിക ജീവിതശൈലിയുടെ സൃഷ്ടികളായ രോഗങ്ങളുടെ നിർണയവും ചികിത്സയും കൂടുതൽ ഫലപ്രദമാക്കുകയും ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്യും.

6.48 മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കടിമകളായ വ്യക്തികൾക്ക് ചികിത്സയ്ക്കും പുനരധിവാസത്തിനും ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തും.

6.49 എമർജൻസി ആംബുലൻസ് സർവീസ് എല്ലാ ജില്ലകളിലും ഏർപ്പെടുത്തും.

6.50 അൻപതു വർഷം മുൻപ് ആരോഗ്യവകുപ്പ് നിർണയിച്ച ഡോക്ടർമാർ, നെഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സ്റ്റാഫ് പാറ്റേൺ അടിയന്തിരമായി പുനഃപരിശോധിക്കും.

6.51 എല്ലാ സർക്കാർ ആശുപത്രികളിലും പൊതുസ്വകാര്യ പങ്കാളിത്തത്തോടെ സൗജന്യ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തും.

6.52 ചികിത്സാ സൗകര്യങ്ങൾ കുറഞ്ഞ വയനാട് ജില്ലയിൽ കേന്ദ്ര സഹായത്തോടെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കും.

6.53 സ്വകാര്യ ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന് അവയുടെ പ്രതിനിധികളുമായിചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കും.

6.54 സ്വകാര്യ ആശുപത്രികളിൽ നിന്ന് രോഗികൾക്ക് ലഭിക്കുന്ന സേവനം മെച്ചപ്പെടുത്താനുള്ള പരിപാടികൾ ആവിഷ്ക്ക രിക്കും.

6.55 സർക്കാർ ആശുപത്രികളിൽ പ്രസവത്തിനെത്തുന്ന നിർധന രായവർക്ക് പ്രസവാനന്തര ശുശ്രൂഷയ്ക്കായി അയ്യായിരം രൂപ സൗജന്യമായി നൽകും.

6.56 ആശാവർക്കർമാരെ ഗ്രാമീണ ആരോഗ്യ കുടുംബക്ഷേമ പ്രവർ ത്തനങ്ങളുടെ വിവിധ പദ്ധതികളുമായി ബന്ധപ്പെടുത്തി സേവനമേഖല ശക്തിപ്പെടുത്തുകയും കൂടുതൽ ആനുകൂല്യ ങ്ങൾ ഏർപ്പെടുത്തുകയും ചെയ്യും.

## കുടിവെള്ളവും ജലസേചനവും

6.57 സംസ്ഥാനത്തിന്റെ പ്രകൃതിദത്ത ജലസ്രോതസുകളെ സംരക്ഷിക്കും.

6.58 വെള്ളം, ശുചിത്വം, മാലിന്യ നിർമാർജനം എന്നിവയ്ക്കാ വശ്യമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി കൾ രൂപീകരിക്കും.

6.59 കേന്ദ്ര സഹായം ഉപയോഗിച്ചു മൈക്രോ ഇറിഗേഷൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കും.

6.60 കേരളത്തിനർഹതപ്പെട്ട ജലം കാവേരി നദിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

6.61 ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പരിപാടിക്കു കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കി കാര്യക്ഷമമാക്കുവാനുള്ള നടപടി സ്വീകരിക്കും.

6.62 മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുര സാഗർ എന്നീ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കും.

6.63 നികന്നുപോയ കുളങ്ങളും ചെറുജലാശയങ്ങളും ഉപയോഗയോഗ്യമാക്കും.

## ശാസ്ത്ര-സാങ്കേതികമേഖല

6.64 കേരളത്തിലെ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റാനുള്ള നടപടികൾ സ്വീകരിക്കും.

6.65 സംസ്ഥാന ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളെയും കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് ശാസ്ത്ര ഗവേഷണ പ്രവർത്തനങ്ങൾക്കു പുതിയ മാർഗരേഖ തയ്യാറാക്കും.

6.66 പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് സുസ്ഥിര വികസനത്തിന് ഗുണകരമായ രീതിയിൽ ഗവേഷണ സ്ഥാപനങ്ങളെ പുനഃസംഘടിപ്പിക്കും. ശാസ്ത്ര സാങ്കേതിക ഗവേഷണ ഫലങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

6.67 സ്കൂൾതലം മുതൽ ശാസ്ത്ര വിദ്യാഭ്യാസത്തിന് ഊന്നൽ നൽകും. ഇതിനായി ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളും വിദ്യാഭ്യാസ വകുപ്പും ഏകോപിപ്പിച്ച് പദ്ധതികൾ തയ്യാറാക്കും.

6.68 പാരമ്പര്യ വൈദ്യമേഖലയെ ഡോക്കുമെന്റ് ചെയ്ത് അന്യം നിന്ന് പോകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

6.69 ആരോഗ്യ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം ഉണ്ടാക്കുന്നതിനായി ലോക നിലവാരമുള്ള ബയോടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും.

6.70 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശാസ്ത്ര സാങ്കേതിക ഫ്രെയിംവർക്ക് നൽകുവാനുള്ള നടപടി സ്വീകരിക്കും.

6.71 പഴയതും പുതിയതും ആയ പകർച്ചവ്യാധികളെയും ദേശാടന പക്ഷികളിലൂടെയും മൃഗങ്ങളിലൂടെയും പകരുന്ന രോഗങ്ങളെയും സംബന്ധിച്ച് പഠിക്കുന്നതിന് ആലപ്പുഴയിലെ വൈറോളജി റിസർച്ച് കേന്ദ്രം ആധുനിക സൗകര്യങ്ങളോടെ വിപുലീരിക്കും.

6.72 നാനോ ടെക്നോളജി മേഖലയിൽ ഗവേഷണം നടത്തുന്നതിന് വേണ്ട സംവിധാനങ്ങൾ സജ്ജമാക്കും.

6.73 വ്യക്തിഗത കണ്ടുപിടിത്തങ്ങൾക്ക് ശാസ്ത്രീയ അടിത്തറ പകരുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ബ്ലോക്ക് ലെവൽ ഇന്നവേഷൻ കൗൺസിലുകൾ സ്ഥാപിക്കും.

6.74 ആയുർവേദവും ആധുനിക മോളിക്കുലാർ ജീവശാസ്ത്രവും സമന്വയിപ്പിച്ച് ആധുനിക ആയുർവേദശാസ്ത്ര കേന്ദ്രം സ്ഥാപിക്കും. ജൈവ ഡീസൽ ഗവേഷണത്തിന് മിഷൻ സ്ഥാപിക്കും.

6.75 ഉപഗ്രഹ ചിത്രങ്ങൾ, വിമാന ചിത്രങ്ങൾ, ജി.പി.എസ്. മുതലായവ ഉപയോഗിച്ച് നൂതന മാപ്പിങ് സങ്കേതങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ആസൂത്രണ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ വിഷയങ്ങളിൽ ഡിജിറ്റൽ ഭൂപടങ്ങളുണ്ടാക്കും. വിവിധ വകുപ്പുകളേയും ഗവേഷണ സ്ഥാപനങ്ങളേയും സംയോജിപ്പിച്ച് ബൃഹത്തായ പദ്ധതി നടപ്പിലാക്കും.

6.76 ജല സസ്യങ്ങളുടെ പഠനത്തിനായി മലബാർ ബയോ പാർക്ക് സ്ഥാപിക്കും.

6.77 മൂന്നാറിൽ ദേശീയ വിത്ത് കേന്ദ്രവും (നാഷണൽ സീഡ് ബാങ്ക്) ഒരു വേൾഡ് ഗാർഡൻ ഡിസ്പ്ളെ പ്രോജക്ടും സ്ഥാപിക്കും.

6.78 പ്രകൃതി ദുരന്തങ്ങളെ സാങ്കേതികവിദ്യയുടെ സഹായത്താൽ മുൻകൂട്ടി അറിയുവാനുള്ള സംവിധാനം നടപ്പിലാക്കും. സംസ്ഥാനത്തിന് ശാശ്വതമായ ദുരന്ത നിവാരണ നയം ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

# 7. ഊർജമേഖല

7.1 സംസ്ഥാനത്തിന്റെ സ്ഥാപിത വൈദ്യുത ഉൽപാദന ശേഷി 5 വർഷം കൊണ്ട് ഇരട്ടിയാക്കും. ഈ കാലയളവിൽ 3000 മെഗാവാട്ട് വൈദ്യുതിശേഷി അധികമായി ഉൽപാദിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും.

7.2 ഇപ്പോൾ 20 യൂണിറ്റ് വൈദ്യുതി സൗജന്യമായി ലഭിക്കുന്ന വീടുകളിൽ എസ്. എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികളുണ്ടെങ്കിൽ അവർക്ക് 40 യൂണിറ്റ് വൈദ്യുതി സൗജന്യമായി നൽകും.

7.3 30 ചെറുജല വൈദ്യുത പദ്ധതികൾ അഞ്ചു വർഷത്തിനകം കമ്മീഷൻ ചെയ്യും. ഇതുവഴി 300 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കും.

7.4 ബ്രഹ്മപുരത്ത് 1000 മെഗാവാട്ട് ഗ്യാസ് അധിഷ്ഠിത താപനിലയം സ്ഥാപിക്കും.

7.5 ചീമേനിയിൽ 1000 മെഗാവാട്ട് താപനിലയം സ്ഥാപിക്കും.

7.6 200 മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉൽപാദിപ്പിക്കും. ഇതിനായി ഇടുക്കി, പാലക്കാട്, തീരദേശം എന്നീ സ്ഥലങ്ങൾ വിനിയോഗിക്കും.

7.7 കായംകുളം എൻ.ടി.പി.സി.യിൽ വൈദ്യുതി ഉൽപാദനം 1050 മെഗാവാട്ടായി ഉയർത്താൻ കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തും.

7.8 ഊർജമേഖലയിലെ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.ടി.പി.സി.യും കേരളസർക്കാർ സ്ഥാപനമായ കെ.എസ്.ഇ.ബി.യും ചേർന്ന് പുതിയൊരു സംയുക്ത സംരംഭം ആരംഭിക്കും.

7.9 വൈദ്യുതി ഉപയോഗം കുറച്ചുമാത്രം ആവശ്യമുള്ള ഉൽപന്നങ്ങൾ വിപണിയിലിറക്കി കുടുംബ ബജറ്റിലെ വർധിച്ച വൈദ്യുതി ചാർജ് കുറയ്ക്കാൻ ശ്രമിക്കും.

7.10 ഫൈവ്സ്റ്റാർ റേറ്റിങ്ങുള്ള ഉപകരണങ്ങൾ എല്ലാ വീടുകളിലും എത്തിക്കുക വഴി ഊർജസംരക്ഷണവും ചെലവുചുരുക്കലും നടപ്പിലാക്കും. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഫൈവ് സ്റ്റാർ റേറ്റിങ് മുദ്രയുള്ള ടി.വി.ക്കും ഫ്രിഡ്ജിനും 1000 രൂപയും ഫാനിന് 300 രൂപയും കെ.എസ്.ഇ.ബി. മുഖേന സർക്കാർ ഡിസ്ക്കൗണ്ട് നൽകും.

7.11 മൈക്രോ-മിനി ജലവൈദ്യുതി പ്രോജക്ടുകൾക്ക് ഊന്നൽ നൽകി ഊർജ ഉത്പാദനശേഷി വർദ്ധിപ്പിക്കുവാനുള്ള തീവ്ര നടപടികൾ നടപ്പിലാക്കും.

7.12 ചെറുകിട ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ ആവിഷ്ക്കരിക്കുക വഴി വികേന്ദ്രീകൃത വൈദ്യുത ഉല്പാദന ശൃംഖല ഉണ്ടാക്കും.

7.13 ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ സുസ്ഥിരമായും കാര്യക്ഷമമായും നടപ്പിലാക്കും.

7.14 അഞ്ചു കോർപറേഷനുകളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും തീർത്ഥാടനകേന്ദ്രങ്ങളിലും അണ്ടർഗ്രൗണ്ട് കേബിൾ സംവിധാനത്തിലൂടെ തടസ്സമില്ലാതെ വൈദ്യുതി നൽകും.

7.15 കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെയും വിവിധ കമ്പനികളുടെയും സി.എസ്.ആർ ഫണ്ടും കെ.എസ്.ഇ.ബി.യുടെ സഹകരണവും ഉപയോഗപ്പെടുത്തി എല്ലാ ജില്ലകളിലും ഓരോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തെ ദത്തെടുത്ത് പവർ എൻജിനീയറിങ് കോഴ്സുകൾ തുടങ്ങും. ഇതുവഴി രാജ്യത്തിനകത്തും പുറത്തുമുള്ള ഊർജോൽപാദന കേന്ദ്രങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

7.16 ഓരോ പ്ലസ് ടു വിദ്യാർത്ഥിക്കും ഓരോ സൗരോർജ വിളക്ക് സൗജന്യമായി നൽകും.

7.17 ഓൺലൈനായും മൊബൈൽ ഫോൺ വഴിയും കറന്റ് ബില്ല് അടയ്ക്കാനുള്ള സൗകര്യം ഒരു കൊല്ലത്തിനകം നടപ്പാക്കും.

7.18 പാരമ്പര്യ ഊർജ സ്രോതസുകളായ സൗരോർജം, തിരമാല, കാറ്റ് എന്നിവയിൽ നിന്ന് വലിയതോതിൽ വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

7.19 നിലവിലുള്ള ചെറുകിട തുടർ ഹൈഡൽ പ്രോജക്ടുകളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കും.

7.20 വൈദ്യുതിയുടെ പ്രസരണനഷ്ടം താഴ്ത്തിക്കൊണ്ടു വരുന്നതിനുള്ള ഊർജ്ജിത നടപടികൾ നടപ്പിലാക്കും.

7.21 അപേക്ഷ നൽകി ഏഴു ദിവസത്തിനകം ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതികണക്ഷൻ നൽകും.

7.22 കെ.എസ്.ഇ.ബി.യിൽ സിറ്റിസൻ ചാർട്ടർ സമ്പ്രദായം നടപ്പിലാക്കി വൈദ്യുതി വിതരണമേഖലയിലെ കാര്യക്ഷമത വർധിപ്പിക്കും.

7.23 വൈദ്യുതി ഇല്ലാത്ത എല്ലാ വീടുകൾക്കും ഒരു വർഷത്തിനുള്ളിൽ വൈദ്യുതി ലഭ്യമാക്കും.

7.24 ഓരോ ജില്ലയിലും ഖരമാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ഓരോ പൈലറ്റ് പ്രോജക്ട് സ്ഥാപിക്കും.

7.25 ഹരിത ഊർജ (പാരമ്പര്യേതര) ഉത്പാദനത്തിനും വിതരണത്തിനും കൂടുതൽ പ്രാമുഖ്യം നൽകി നികുതി ഇളവുകളും സബ്സിഡിയും ഉറപ്പാക്കും. പരിസ്ഥിതി സൗഹൃദ ഊർജ ഉൽപ്പാദനത്തിനു മുൻഗണന നൽകും.

## 8. ഭാഷ, കല, സംസ്കാരം

8.1 തുഞ്ചത്തെഴുത്തച്ഛന്റെ നാമധേയത്തിൽ സർവകലാശാല ആരംഭിക്കും.

8.2 ദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഇതര ഭാഷകളെപ്പോലെ മലയാള ഭാഷയേയും ക്ലാസിക് ഭാഷയാക്കുവാൻ നടപടി സ്വീകരിക്കും.

8.3 സമ്പൂർണമായും സമയബന്ധിതമായും മലയാള ഭാഷയെ ഭരണഭാഷയാക്കും.

8.4 സാംസ്കാരിക സ്ഥാപനങ്ങളെ രാഷ്ട്രീയ വിമുക്തമാക്കി അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

8.5 നാടകം, നാടൻകലകൾ എന്നിവയുടെ രംഗാവിഷ്കരണത്തിനും പരിപോഷണത്തിനും വേണ്ടി ജില്ലാ തലത്തിൽ തിയേറ്ററുകൾ സ്ഥാപിക്കും.

8.6 ചിത്രാഞ്ജലി സ്റ്റുഡിയോയുടെ കീഴിൽ പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് മാതൃകയിൽ ചലച്ചിത്ര പഠന കേന്ദ്രം ആരംഭിക്കും.

8.7 കേരളത്തിൽ സിനിമ നിർമ്മാണം പ്രോത്സാഹിപ്പിക്കുവാൻ കലാമൂല്യമുള്ള കുറഞ്ഞ ബജറ്റ് ചിത്രങ്ങൾക്ക് സബ്സിഡി നൽകും.

8.8 അവശ കലാകാരൻമാർക്കുള്ള പെൻഷൻ തുക ഉയർത്തും.

8.9 സിംഗിൾ-സീൻ സിനിമാ തിയേറ്ററുകളെ മൾട്ടികോംപ്ലക്സാക്കി മാറ്റുന്നതിനെ പ്രോത്സാഹിപ്പിക്കും. ഇവയ്ക്ക് അഞ്ചുവർഷത്തേക്ക് മൂലധന ചെലവിന് അനുസൃതമായി വിനോദ നികുതി ഒഴിവാക്കും.

8.10 നാടൻ കലാരൂപങ്ങൾ/ഭാഷകൾ, ക്ഷേത്രകലകൾ, ലളിതകല, സാഹിത്യം, മലയാളം തിയേറ്റർ, പൈതൃക മന്ദിരങ്ങൾ, പൈതൃക വാസ്തുകല, പാരമ്പര്യ ഭക്ഷ്യ വിഭവങ്ങൾ തുടങ്ങിയവയെ ശാക്തീകരിക്കും.

8.11 കലാ-സാംസ്കാരിക മണ്ഡലത്തിന്റെ വികസനത്തിനായി, സ്വകാര്യ മേഖലയിൽ നിന്നുള്ള നിക്ഷേപങ്ങളുടെയും സ്പോൺസർഷിപ്പുകളുടെയും പിൻബലത്തിൽ 'കൾച്ചറൽ പ്രൊമോഷൻ ഫണ്ട്' രൂപീകരിക്കും.

8.12 കലാ സാംസ്കാരിക മണ്ഡലത്തിലെ തൊഴിൽ സംബന്ധിച്ച് കണക്കെടുപ്പ് നടത്തുകയും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാധ്യതകൾ വിപുലപ്പെടുത്തുകയും ചെയ്യും.

8.13 കേരളത്തിൽ ജനിച്ച ആത്മീയ ആചാര്യന്മാരായ ജഗത്ഗുരു ശ്രീ ശങ്കരാചാര്യർ, ശ്രീനാരായണഗുരു, ശ്രീവിദ്യാധിരാജ ചട്ടമ്പി സ്വാമികൾ എന്നിവരുടെ ദർശനങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുവാനുള്ള നടപടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കും.

8.14 ഭാഷാന്യൂനപക്ഷങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കും. തമിഴ്, കന്നട ഭാഷകളെ വികസിപ്പിക്കുകയും അവയ്ക്ക് സ്കൂൾ, കോളേജ് തലത്തിൽ പ്രോത്സാഹനം നൽകുകയും ചെയ്യും. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ഭരണപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് അവരുടെ ഭാഷ ഉപയോഗിക്കാൻ എല്ലാവിധ സൗകര്യവും സജ്ജമാക്കും. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യും.

## 9. കലാകായികം

9.1 യുവതീ യുവാക്കളുടെ കായികക്ഷമത വർധിപ്പിക്കും.

9.2 കേരള സ്പോർട്സ് കൗൺസിലിനെ രാഷ്ട്രീയ വിമുക്തമാക്കി വിദഗ്ധരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചു പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.

9.3 സ്പോർട്സ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളും വിപുലപ്പെടുത്തി കായിക പരിശീലനം ശാസ്ത്രീയമായി പരിഷ്ക്കരിക്കും.

9.4 കായിക താരങ്ങളുടെ വിദ്യാഭ്യാസ യോഗ്യതയുടെയും മത്സര മികവിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ നൽകും.

9.5 അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകും.

9.6 സ്പോർട്സിൽ പ്രാഗൽഭ്യമുള്ള കുട്ടികളെ കണ്ടെത്തി അവരെ ദത്തെടുത്ത് ലോകനിലവാരമുള്ള കായികതാരങ്ങളാക്കി വളർത്തിയെടുക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കും.

9.7 ഒളിംപിക് മെഡലുകൾ നേടാൻ വിദേശത്ത് പ്രത്യേക പരിശീലനം നൽകും.

## 10. പോലീസ് ക്ഷേമം

10.1 50,000 ജനങ്ങൾക്ക് ഒരു പോലീസ് സ്റ്റേഷനും 500 ജനങ്ങൾക്ക് ഒരു പോലീസ് ഉദ്യോഗസ്ഥനും എന്ന അനുപാതത്തിൽ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കും.

10.2 നിലവിലുള്ള പോലീസ് ഔട്ട്പോസ്റ്റുകൾ പോലീസ് സ്റ്റേഷനുകളായി ഉയർത്തും.

10.3 നിലവിലുള്ള ഗ്രേഡ് പ്രൊമോഷൻ പരിഷ്കരിച്ചു സമയബന്ധിത പ്രൊമോഷൻ നടപ്പിലാക്കും.

10.4 ഒൻപതാം ശമ്പളകമ്മിഷനിലെയും 2010 ലെ പോലീസ് ആക്ടിലെയും ന്യൂനതകൾ പരിഹരിക്കും.

10.5 പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബങ്ങൾക്കും പ്രത്യേക ആരോഗ്യ സുരക്ഷാപദ്ധതി നടപ്പിലാക്കും.

10.6 ദേശീയ പോലീസ് കമ്മിഷൻ റിപ്പോർട്ട് പ്രകാരം ഏകീകൃത പോലീസ് സംവിധാനം നടപ്പിലാക്കുകയും പോലീസിലെ സീനിയോറിറ്റിയും പ്രൊമോഷനും സംസ്ഥാനതലത്തിൽ ഏകീകരിക്കുകയും ചെയ്യും.

10.7 പോലീസ് ട്രെയിനിങ് കാലാനുസൃതമായി പരിഷ്കരിച്ച് ജനങ്ങളും പോലീസും തമ്മിലുള്ള ബന്ധത്തിന് ഗുണപരമായ മാറ്റങ്ങൾ വരുത്തുവാൻ നടപടികൾ സ്വീകരിക്കും.

10.8 ക്രമസമാധാനം തകർക്കുന്ന കുറ്റങ്ങൾക്ക് തീർപ്പു കൽപ്പിക്കാൻ ഫാസ്റ്റ് ട്രാക്ക് കോടതി രൂപീകരിക്കും.

10.9 പോലീസിന്റെ ജോലിസമയം 8 മണിക്കൂറായി ക്രമീകരിക്കും.

10.10 എല്ലാ നിയോജകമണ്ഡലങ്ങളിലും ഫയർ സ്റ്റേഷനുകൾ ആരംഭിക്കും.

# 11. സർക്കാർ ജീവനക്കാരും സർവ്വീസ് സംഘടനകളും

11.1 സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും കേന്ദ്ര ശമ്പള/പെൻഷൻ പരിഷ്കരണ തുല്യത ഉറപ്പുവരുത്തി ശമ്പളവും പെൻഷനും പരിഷ്കരിക്കും.

11.2 സംസ്ഥാന പെൻഷൻകാർക്കും ആശ്രിതർക്കും സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കും.

11.3 പെൻഷനിലെ അപാകതകൾ പരിഹരിക്കാൻ പെൻഷൻ കമ്മിഷനെ നിയമിക്കും.

11.4 ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിക്കും.

11.5 എൽ.ഡി.എഫ്. സർക്കാർ നടത്തിയ എല്ലാ പിൻവാതിൽ നിയമനങ്ങളും പുനഃപരിശോധിക്കും. സർവ്വകലാശാലകൾ, വിവിധ കോർപറേഷനുകൾ, മറ്റു സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലേക്കുള്ള നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷനു വിടും.

11.6 സിവിൽ സർവ്വീസ് അഴിമതിരഹിതവും കാര്യക്ഷമവുമാക്കും. മന്ത്രിമാർ മുതൽ പഞ്ചായത്തംഗം വരെയുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ജുഡീഷ്യൽ ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ സ്വത്തു വിവരങ്ങൾ ഗവണ്മെന്റിൽ സമർപ്പിക്കണമെന്നത് നിർബന്ധിതമാക്കുകയും അവ പൊതുജനങ്ങൾക്കു പരിശോധിക്കാനുതകുംവിധം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും. അഴിമതിനിർമാർജനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സർക്കാർ ആഫീസുകളിലെ ഇടത്തട്ടുകാരെ കർശനമായി ഒഴിവാക്കുകയും ചെയ്യും.

11.7 സർക്കാർ ആഫീസുകളെ ജനസൗഹൃദ സേവന കേന്ദ്രങ്ങളാക്കുകയും ഓഫീസുകളിലെ കാലതാമസം ഒഴിവാക്കുന്നതിനായി ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്യും.

11.8 ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ പൂർണമായും ഓൺലൈൻ വഴി നടപ്പിലാക്കും. ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി പട്ടിക വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

11.9 ജീവനക്കാർക്കാവശ്യമായ ക്വാർട്ടേഴ്സുകൾ പണികഴിപ്പിക്കുകയും ആവശ്യക്കാരായ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഭവന നിർമ്മാണ വായ്പ ലഭ്യമാക്കുകയും ചെയ്യും.

11.10 സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തും.

11.11 വനിതാ ജീവനക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകും.

11.12 ചിതറിക്കിടക്കുന്ന സർക്കാർ ഓഫീസുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് ഓഫീസ് കോംപ്ലക്സുകൾ നിർമിക്കും.

11.13 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ ക്ഷേമനിധി ബോർഡുകൾ എന്നിവയുടെ ഭരണം സുതാര്യമാക്കുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വിഭാഗമായ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ സ്വതന്ത്ര അധികാരങ്ങൾ നൽകി ശക്തിപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും ചെയ്യും.

11.14 എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പെൻഷൻകാർ നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്രസർക്കാരുമായി ചർച്ച ചെയ്ത് പരിഹരിക്കും.

11.15 സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കാൻ കൂടുതൽ പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കും. സമയബന്ധിതമായി ജനങ്ങൾക്ക് സേവനം നൽകുന്നത് ഉറപ്പാക്കാൻ ആവശ്യമായ പുതിയ നിയമം നിർമിക്കും.

## 12. കാലാവസ്ഥ, വനം, പരിസ്ഥിതി സംരക്ഷണം

12.1 കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ പ്രതിരോധിക്കുവാൻ കാർഷിക വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സമഗ്രവികസന പദ്ധതി തയ്യാറാക്കി നടപ്പിലാക്കും.

12.2 ദുരന്ത നിവാരണ നിയമം കാര്യക്ഷമമായി നടപ്പാക്കും.

12.3 നദികളുടെ സംരക്ഷണത്തിനും മണൽക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടു ന്യായവിലകേന്ദ്രങ്ങൾ വഴി മണൽ ലഭ്യമാക്കും. നദികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ജനകീയ സ്വഭാവത്തോടെ നദീതട അതോറിറ്റികൾ രൂപീകരിക്കും.

12.4 ഇന്ത്യയിൽ പരിസ്ഥിതി ആഘാതപഠനകമ്മിറ്റിയില്ലാത്ത മൂന്നു സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. പരിസ്ഥിതി ആഘാതപഠനകമ്മിറ്റി രൂപീകരിക്കും.

12.5 കർഷക പങ്കാളിത്തത്തോടെ ജലസേചന മാനേജ്മെന്റ് സംവിധാനം പ്രധാന ജലസേചന പ്രോജക്ട് പ്രദേശങ്ങളിൽ നടപ്പിലാക്കും.

12.6 കേരളത്തിലെ കുളങ്ങളും കിണറുകളും തണ്ണീർത്തടങ്ങളും ഉൾപ്പെടെയുള്ള എല്ലാ ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും തദ്ദേശസ്ഥാപനങ്ങൾക്ക് കീഴിൽ ജലജാഗ്രതാ സമിതികൾ രൂപീകരിക്കുകയും സ്ത്രീകൾക്ക് പ്രാതിനിധ്യം നൽകുകയും ചെയ്യും.

12.7 പരിസ്ഥിതിക്കുവേണ്ടി വികസനത്തെയും വികസനത്തിനു വേണ്ടി പരിസ്ഥിതിയെയും ബലികഴിക്കാതെ രണ്ടിന്റെയും വളർച്ചയ്ക്കു വേണ്ടി ഒരു സമന്വയമാർഗം സ്വീകരിക്കും.

12.8 ഖരമാലിന്യമുൾപ്പെടെയുള്ള എല്ലാത്തരം മാലിന്യങ്ങളെയും റീ-സൈക്കിൾ ചെയ്ത് പരിസ്ഥിതി മലിനീകരണം നിർമാർജനം ചെയ്യാനുള്ള പദ്ധതിക്ക് രൂപം നൽകും.

12.9 വായു, വെള്ളം, മണ്ണ്, ശബ്ദം തുടങ്ങിയവയുടെ മലിനീകരണം നിയന്ത്രിക്കാൻ ഫലപ്രദമായ നിയമങ്ങളും നടപടികളും ആവിഷ്ക്കരിക്കും.

12.10 വനസംരക്ഷണത്തിന് പ്രത്യേക പരിഗണന നൽകും.

12.11 വനംകയ്യേറ്റം, വനനശീകരണം, നദികളിൽ മണൽ ഖനനം, ജലസ്രോതസുകൾ നശിപ്പിക്കൽ, വയൽ നികത്തൽ തുടങ്ങിയവ നിയന്ത്രിക്കാൻ നിയമനടപടികൾ കർശനമായി നടപ്പിലാക്കും.

12.12 കണ്ടൽക്കാടുകളുടെ പൂർണമായ സംരക്ഷണം ഉറപ്പു വരുത്തും.

12.13 പാരിസ്ഥിതിക പ്രത്യാഘാത പഠനങ്ങൾ നടത്താതെ വൻകിട വികസന പദ്ധതികൾ നടപ്പിലാക്കില്ല.

12.14 തണ്ണീർ തടങ്ങൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ പഴുതുകൾ അടച്ച് നടപ്പിലാക്കും.

12.15 വ്യാപകമായിക്കൊണ്ടിരിക്കുന്ന കുന്നിടിക്കൽ നിയന്ത്രണവിധേയമാക്കും.

12.16 നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ചെങ്കൽ കുന്നുകളെ പൂർണമായും സംരക്ഷിക്കും.

12.17 മലിനീകരിക്കപ്പെട്ടുകിടക്കുന്ന നദികളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനു ശക്തമായ നടപടികൾ എടുക്കും.

12.18 മാരകമായ കീടനാശിനികളെ കർശനമായി നിരോധിക്കും.

12.19 പഴവർഗങ്ങളിലേയും പച്ചക്കറികളിലേയും കീടനാശിനിയുടെ അളവ് പരിശോധിച്ചു നിരോധിക്കുകയും നശിപ്പിക്കുകയും ചെയ്യും.

12.20 ജൈവ കൃഷി നയം കൂടുതൽ ശക്തമാക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യും. ഘട്ടംഘട്ടമായി അമിത രാസവള പ്രയോഗം നിയന്ത്രിക്കും.

12.21 ഭൂവിനിയോഗ നിയമത്തിലെ അപാകതകൾ പരിഷ്ക്കരിക്കും. കൃഷിഭൂമി, തണ്ണീർതടങ്ങൾ, ജൈവവൈവിധ്യ കേന്ദ്രങ്ങൾ, കായൽ തീരം, പുഴയോരം മുതലായ പ്രദേശങ്ങൾ സംരക്ഷിക്കും. ഈ പ്രദേശങ്ങളുടെ സംരക്ഷണത്തിനു പ്രത്യേക പദ്ധതികൾ നടപ്പിലാക്കും.

12.22 പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്താനുള്ള നയവും നിയമങ്ങളും നടപ്പിലാക്കും.

12.23 വെള്ളായണിക്കായൽ, ശാസ്താംകോട്ട കായൽ എന്നിവ യുൾപ്പെടെയുള്ള എല്ലാ കായലുകളുടെയും സംരക്ഷണത്തിനു ഫലപ്രദമായ നടപടികൾ സ്വീകരിക്കും.

12.24 നദികളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് ക്രിമിനൽ കുറ്റമാക്കും.

12.25 ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ വളങ്ങ ളുടെയും കീടനാശിനികളുടെയും ഗുണനിലവാരം ഉറപ്പുവരു ത്തുന്നതിന് നടപടികൾ സ്വീകരിക്കും. ഇവയുടെ ഉല്പാദ നവും ലഭ്യതയും ഉറപ്പു വരുത്തും.

12.26 പരിസ്ഥിതി വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനായി സംസ്ഥാ നത്തെ എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും ദേശീയ ഹരിതസേനാ പദ്ധതി നടപ്പിലാക്കും.

12.27 കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന പ്രത്യാഘാത ങ്ങൾ നേരിടുന്നതിന് കേരളത്തിന് ഗുണകരമായ സമഗ്രപദ്ധതി ശാസ്ത്രവിദഗ്ധരെ ഉൾപ്പെടുത്തി തയ്യാറാക്കും.

12.28 നശിച്ചുകൊണ്ടിരിക്കുന്ന ജലസേചന പദ്ധതികൾ സംരക്ഷി ക്കുന്നതിനും ഉപയോഗപ്രദമാക്കുന്നതിനും കാർഷിക പങ്കാ ളിത്തജലസേചന മാനേജ്മെന്റ് നടപ്പിലാക്കും.

12.29 വനത്തിനകത്തും വനാതിർത്തിയിലും വനവിഭവങ്ങളെ നേരി ട്ടാശ്രയിച്ചു കഴിയുന്ന ജനവിഭാഗങ്ങളെക്കൂടി പങ്കാളികളാക്കി വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡവലപ്മെന്റ് കമ്മി റ്റികളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും.

12.30 വനപരിപാലനവും ജൈവവൈവിദ്ധ്യ സംരക്ഷണവും നട ത്താൻ ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്യും.

12.31 മാലിന്യ നിർമ്മാർജനത്തിനും മാലിന്യ സംസ്ക്കരണത്തിനും നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പുതിയ സംവി ധാനങ്ങൾ തുടങ്ങും.

12.32 മാലിന്യ സംസ്ക്കരണം വികേന്ദ്രീകരിക്കും. ഓരോ ജില്ലയിലും പല സ്ഥലങ്ങളിലായി മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങൾ തുടങ്ങും.

12.33 പരിസ്ഥിതിയും ആവാസവ്യവസ്ഥിതിയും നശിപ്പിക്കുന്ന വിക സന പ്രോജക്ടുകൾ, വ്യവസായങ്ങൾ, കെട്ടിട സമുച്ചയങ്ങൾ തുടങ്ങിയവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തും.

12.34 വായു, വെള്ളം, ശബ്ദം തുടങ്ങിയവയുടെ മലിനീകരണം നിയ ന്ത്രിക്കാൻ ഫലപ്രദമായ നിയമങ്ങളും നടപടികളും ആവിഷ്ക്ക രിക്കും.

12.35 പട്ടണങ്ങളിലും പ്രധാന വഴിയോരങ്ങളിലും പൊതുകക്കൂസു കൾ തുടങ്ങും.

12.36 ഹിൽ ടൂറിസം, ഉൾനാടൻ ജലഗതാഗത ടൂറിസം, ബീച്ച് ടൂറിസം എന്നിവമൂലം വൻതോതിലുള്ള പരിസ്ഥിതി നശീകരണം ഉണ്ടാകുന്നത് തടയാൻ നടപടികൾ സ്വീകരിക്കും.

12.37 നിലവിലുള്ള വനം സംരക്ഷിക്കുന്നതിനൊപ്പം കണ്ടൽക്കാടുകൾ അടക്കം വനത്തിനു പുറത്തുള്ള ജൈവവൈവിധ്യ പ്രദേശങ്ങളും സംരക്ഷിക്കും.

## എൻഡോസൾഫാൻ

12.38 എൻഡോസൾഫാൻ മരുന്നുതളിയുടെ ഫലമായി നിത്യദുരിതം അനുഭവിക്കുന്ന എല്ലാവരെയും ദത്തെടുത്തു സംരക്ഷിക്കും. സംരക്ഷണ പ്രവർത്തനങ്ങൾ കുടുംബത്തിൽ തന്നെ നടത്തുകയാണെങ്കിൽ അതിനുള്ള സാമ്പത്തിക-ചികിത്സാ സഹായം നൽകും. ഇതിനു സൗകര്യമില്ലാത്തവരെ പ്രത്യേക കേന്ദ്രങ്ങൾ തുടങ്ങി പുനരധിവസിപ്പിക്കും.

12.39 എൻഡോസൾഫാന്റെ തിക്തഫലം അനുഭവിക്കുന്ന രോഗികൾക്കായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരാശുപത്രി കാസർകോട് ആരംഭിക്കും.

## മൂന്നാർ ഭൂമി കയ്യേറ്റം

12.40 മൂന്നാർ കയ്യേറ്റ ഭൂമി ഒഴിപ്പിക്കൽ എൽ.ഡി.എഫ്. സർക്കാർ ഒരു രാഷ്ട്രീയ പ്രഹസനമാക്കി മാറ്റുകയാണു ചെയ്തത്. മൂന്നാറിലും ചിന്നക്കനാലിലും അനധികൃതമായി കയ്യേറിയ വനഭൂമി ഒഴിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കും.

## ഭൂമി ഏറ്റെടുക്കലും മാനുഷികപരിഗണനയും

12.41 തുല്യതയും നീതിയും ഉറപ്പാക്കുന്ന വിധത്തിൽ ഭൂമി ഏറ്റെടുക്കൽ സംവിധാനങ്ങൾ നിയമാനുസൃതമായി നടപ്പാക്കും.

12.42 മാർക്കറ്റ് വില കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും.

12.43 പുനരധിവാസം സാധ്യമാക്കിയതിനുശേഷം മാത്രമേ, മറ്റു വസ്തുവകകളോ വരുമാന മാർഗ്ഗമോ ഇല്ലാത്തവരുടെ ഭൂമി ഏറ്റെടുക്കുകയുള്ളൂ.

12.44 വ്യവസായവികസനത്തിനും മറ്റാവശ്യങ്ങൾക്കുമായി പ്രത്യേക ലാൻഡ് ബാങ്ക് സ്ഥാപിക്കും.

## മദ്യനിരോധനം

12.45 വീര്യംകൂടിയ വിദേശമദ്യത്തിന്റെ ഉത്പാദനവും വിതരണവും ഘട്ടംഘട്ടമായി നിർത്തലാക്കും.

12.46 വ്യാജമദ്യം, മയക്കുമരുന്ന്, കഞ്ചാവ് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ പൂർണമായും നിർമ്മാർജനം ചെയ്യും.

12.47 ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസം പൂർണമായും നടപ്പിലാക്കും.

12.48 പഞ്ചായത്ത് രാജ് നഗരപാലിക നിയമങ്ങളിലെ മദ്യശാലകളെ സംബന്ധിച്ച് ജനങ്ങൾക്ക് അധികാരം നൽകുന്ന 232, 247 വകുപ്പുകൾ പുനഃസ്ഥാപിക്കുന്നതിന്റെ പ്രായോഗികസാങ്കേതിക പ്രശ്നങ്ങൾ പഠിച്ചശേഷം തീരുമാനം ഉണ്ടാക്കുന്നതാണ്.

12.49 ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിലെ നിർദേശങ്ങൾ പൂർണമായും നടപ്പിലാക്കും.

**സഹകരണ മേഖല**

12.50 സഹകരണമേഖലയിൽ 3 ശതമാനം പലിശയ്ക്ക് കാർഷിക വായ്പ ലഭ്യമാക്കും.

12.51 സഹകരണമേഖലയ്ക്കായി കടാശ്വാസകമ്മീഷനെ നിയമിക്കും.

12.52 അവശ്യവസ്തുക്കളുടെ വിതരണത്തിൽ സഹകരണ മേഖലയുടെ പങ്ക് 25 ശതമാനമായി വർധിപ്പിക്കും.

12.53 സഹകരണ മേഖലയുടെ നഷ്ടം നികത്തുവാൻ ഉപകരിക്കുന്ന വൈദ്യനാഥൻ കമ്മിഷൻ റിപ്പോർട്ട് അപാകതകൾ ഒഴിവാക്കി നടപ്പിലാക്കും.

12.54 സഹകരണസംഘം ആക്ടും റൂളും കാലോചിതമായി പരിഷ്കരിക്കും.

12.55 സ്വാശ്രയ സഹകരണ കോളേജുകൾക്ക് പ്രോത്സാഹനം നൽകും.

12.56 സഹകരണ സംഘങ്ങളിൽ ജനാധിപത്യം പുനഃസ്ഥാപിക്കും.

12.57 സഹകരണ മേഖലയിലെ പെൻഷൻ ആനുകൂല്യങ്ങൾ കാലോചിതമായും ഗുണകരമായും പരിഷ്കരിക്കും.

# 13. മാലിന്യമുക്ത കേരളം

13.1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തെ മാലിന്യമുക്ത സംസ്ഥാനമായി മാറ്റും. ഓരോ വീട്ടിലും മാലിന്യസംസ്കരണ ബയോഗ്യാസ് യൂണിറ്റുകൾ ആരംഭിക്കും.

13.2 മാലിന്യനിർമ്മാർജ്ജനത്തിനായി പഞ്ചായത്തുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ഉണ്ടാക്കും.

13.3 ഇപ്പോഴുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം കൊണ്ടു ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

13.4 എല്ലാ മുനിസിപ്പൽ കോർപറേഷൻ പ്രദേശങ്ങളിലും പ്രധാന

പ്പെട്ട പഞ്ചായത്തുകളിലും നവീന രീതിയിലുള്ള അറവുശാല കൾ സ്ഥാപിക്കും.

13.5 ആശുപത്രികളിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ ശേഖ രിച്ചു സംസ്ക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീക രിക്കും.

13.6 ഉപയോഗിച്ച സാധനത്തിൽ നിന്നും മൂലപദാർത്ഥം വീണ്ടെ ടുത്ത് (റീസൈക്കിൾ) ഖരമാലിന്യങ്ങൾ നിർമാർജനം ചെയ്യും.

13.7 വീടുകളിലും സ്കൂളുകളിലും വെർമി കമ്പോസിങ് സംവിധാനം വ്യാപിപ്പിക്കും.

13.8 കേന്ദ്ര നിയമത്തിനനുസൃതമായി ഇലക്ട്രോണിക് മാലിന്യ ങ്ങൾ (ഇ-വേസ്റ്റ്) സംസ്കരിക്കുന്നതിനും പുനർചംക്രമണം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കും.

13.9 സുസ്ഥിര വികസനം ലക്ഷ്യമാക്കി ഹരിത പരിപാലന രീതി യിൽ ഹരിത സാങ്കേതിക വിദ്യകൾ വ്യാപകമാക്കും.

13.10 വീടുകളിലും സ്ഥാപനങ്ങളിലും സ്കൂളുകളിലും ഉണ്ടാകുന്ന മലിനജലം അതതു സ്ഥലങ്ങളിൽ തന്നെ സംസ്ക്കരിക്കും.

13.11 പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കും. റോഡ് നിർമാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കും.

## 14. പൊതുകാര്യം

14.1 അധികാരത്തിലേറി 60 ദിവസത്തിനുള്ളിൽ ആരോഗ്യം, അടി സ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം, സാമ്പത്തികാവ സ്ഥ, പരിസ്ഥിതി തുടങ്ങിയവയെക്കുറിച്ച് ധവളപത്രമിറക്കും.

14.2 500 കോടി രൂപയ്ക്ക് മേലുള്ള പദ്ധതി നടത്തിപ്പുകളെ വിലയി രുത്തി നടപടികൾ സ്വീകരിക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷ തയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തും.

14.3 ഇ-പെയ്മെന്റ് സംവിധാനമടക്കമുള്ള പേപ്പർരഹിത ഗവേ ണേഴ്സ് സംവിധാനം നടപ്പിലാക്കും (പേപ്പർലെസ് ഗവേണേഴ്സ്)

14.4 ജനങ്ങളുടെ മാറുന്ന ജീവിത ശീലങ്ങൾക്കനുസൃതമായി ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പരിഷ്ക്കരിക്കും.

14.5 പൊതുജന സേവകരെന്ന നിലയിൽ സർക്കാർ ഉദ്യോഗസ്ഥ രുടെ ഉത്തരവാദിത്തം ശക്തിപ്പെടുത്തുന്നതിനായി സർക്കാർ നയങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

14.6 സർക്കാർ സർവ്വീസ് നിയമനത്തിനായുള്ള യോഗ്യതാ മാനദ ണ്ഡങ്ങൾ കാലാനുസൃതമായി പുനഃപരിശോധിക്കും.

14.7 ജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി ക്രമസമാധാന നടപടി കൾ ശക്തമാക്കും.

14.8 പൊതു-സ്വകാര്യ മുതൽ നശിപ്പിക്കുന്നതിനെതിരെയുള്ള നിയമം പരിഷ്ക്കരിക്കും.

14.9 പ്രാഥമിക തെളിവായി വീഡിയോ ദൃശ്യങ്ങൾ പരിഗണിക്കും.

14.10 സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുവാൻ അതിവേഗ കോടതികൾ സ്ഥാപിക്കും.

14.11 ഇന്ത്യയുടെ മുൻരാഷ്ട്രപതി ഡോ.എ.പി.ജെ.അബ്ദുൾകലാം 2005-ൽ കേരളവികസനം ലക്ഷ്യമിട്ട് തയാറാക്കി നൽകിയ കേരളാ വിഷൻ 2010 ഇടതുമുന്നണി സർക്കാർ നടപ്പിലാക്കിയില്ല. കേരളാ വിഷനിൽ നിർദേശിച്ച പരിപാടികൾ സമയബന്ധിതമായി ഐക്യജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കും.

## 15. തലസ്ഥാന നഗര വികസനം

15.1 കേരളത്തിന്റെ തലസ്ഥാനമെന്ന നിലയിൽ തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകും. തലസ്ഥാനവികസനത്തിന് മുഖ്യമന്ത്രി ചെയർമാനായി മന്ത്രിതല കമ്മിറ്റിക്കും ചീഫ് സെക്രട്ടറി ചെയർമാനായി ഉദ്യോഗതല കമ്മിറ്റിക്കും രൂപം നൽകും. ഇതിനായി പ്രത്യേക ഫണ്ട് ബജറ്റിൽ ഉൾപ്പെടുത്തും. തലസ്ഥാനത്ത് വെള്ളപ്പൊക്കത്തിന് ശാശ്വതപരിഹാരം ഉണ്ടാക്കുവാനും പാർവതീ പുത്തനാറിന്റെ ശുദ്ധീകരണത്തിനും പദ്ധതികൾ ആവിഷ്ക്കരിക്കും. റിങ് റോഡുകൾ, ഫ്ളൈ ഓവറുകൾ എന്നിവ നിർമിക്കുകയും മെട്രോ റെയിലിന്റെ സാധ്യതാപഠനം നടത്തുകയും ചെയ്യും.

## 16. ഇതര ഇനങ്ങൾ

16.1 ദേവസ്വംബോർഡുകളുടെ സ്വതന്ത്രഭരണാവകാശം നിലനിർത്തും.

16.2 വിമുക്തഭട കോർപറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.

16.3 സർക്കാരിതര സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകും. ഇതിനായി പ്രത്യേക അതോറിറ്റി രൂപീകരിക്കും.

16.4 വികസനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ National Centre for Sustainable Development എന്ന സ്ഥാപനം ആരംഭിക്കും.

16.5 കുട്ടനാട് സമഗ്രവികസനത്തിനും കുട്ടനാട് പാക്കേജിന്റെ

കാര്യക്ഷമമായ നടത്തിപ്പിനുമായി കുട്ടനാട് വികസന അതോറിറ്റി രൂപീകരിക്കും.

16.6 ഓരോ നിയോജകമണ്ഡലത്തിലും നിയമസഭാംഗം അധ്യക്ഷ നായും വ്യത്യസ്ത മേഖലകളിലെ വിദഗ്ധർ അംഗങ്ങളായു മുള്ള രാഷ്ട്രീയേതര ഉപദേശക കൗൺസിൽ രൂപീകരിച്ച് വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.

16.7 സാമൂഹ്യപ്രവർത്തകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തും.

16.8 പ്രാദേശിക ചാനലുകളെ പ്രോത്സാഹിപ്പിക്കും. കേബിൾ ടി.വി. നെറ്റ്‌വർക്കുകളിൽ പ്രവർത്തിക്കുന്നവർക്കും പ്രാദേശിക പത്രപ്രവർത്തകർക്കും ക്ഷേമനിധിയും പെൻഷനും ഏർപ്പെ ടുത്തും.

# ഉപസംഹാരം

കേരളത്തിന്റെ വികസനക്കുതിപ്പിനായുള്ള കർമപരിപാടികളാണ് പ്രകടനപത്രികയിലൂടെ ജനങ്ങൾക്ക് യു.ഡി.എഫ്. സമർപ്പിക്കുന്നത്. കേരളത്തിന്റെ സമഗ്രവികസനവും ദരിദ്രജനവിഭാഗങ്ങളുടെ ഉന്നമ നവും ഒരേ വേഗതയിൽ നടപ്പാക്കാനുള്ള നിശ്ചയദാർഢ്യമാണ് 'വികസനവും കരുതലും' എന്ന ആശയം സ്വീകരിക്കാൻ യു.ഡി.എഫിന് പ്രചോദനമേകിയത്. അഞ്ചുവർഷക്കാലമായി വികസനമുരടിപ്പ് അനുഭ വിക്കുന്ന കേരളത്തിന്റെ സമഗ്രവികസനം യാഥാർത്ഥ്യമാക്കുകയും, ദരിദ്രജനവിഭാഗങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകി അവരെ ജീവിത ത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരികയും ചെയ്യുക എന്നതാണ് യു.ഡി.എഫിന്റെ വികസനസമീപനം. വികസിത കേരള മെന്ന ജനങ്ങളുടെ സ്വപ്നം സാക്ഷാത്കരിക്കുമ്പോൾത്തന്നെ, ജന ജീവിതത്തെ ദുരിതപൂർണമാക്കുന്ന മാലിന്യപ്രശ്നത്തിന് പരിഹാര മുണ്ടാക്കി, മാലിന്യമുക്ത കേരളം സൃഷ്ടിക്കാനുള്ള പരിപാടികൾക്കും ഈ പ്രകടനപത്രികയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ദാരിദ്ര്യമില്ലാത്ത കേരളവും, മാലിന്യമുക്തമായ കേരളവും എന്ന മഹാസ്വപ്നങ്ങൾ യാഥാർത്ഥ്യമാവുമ്പോൾ ഒരു സുന്ദരകേരളമാണ് സൃഷ്ടിക്കപ്പെടുന്നത്. ജനങ്ങളുടെ കർമശേഷിയും, സർക്കാരിന്റെ ഇച്ഛാശക്തിയും സമന്വ യിപ്പിച്ചുകൊണ്ട് ഈ പ്രകടനപത്രികയിലെ നിർദേശങ്ങൾ നടപ്പാക്കാൻ സർക്കാർ തലത്തിൽ മുഖ്യമന്ത്രി ചെയർമാനായി ഒരു സ്ഥിരം സംവി ധാനം ഏർപ്പെടുത്തും. അർദ്ധ വാർഷിക അവലോകനങ്ങളിലൂടെ ഈ പദ്ധതികളുടെ നടത്തിപ്പും പുരോഗതിയും വിലയിരുത്തും.

യു.ഡി.എഫ് ബഹുജനസമക്ഷം സമർപ്പിക്കുന്ന ഈ പ്രകടന പത്രി കയിലെ കർമപരിപാടികൾ യാഥാർത്ഥ്യമാക്കാനുള്ള അംഗീകാരവും

അവസരവും നൽകി ഐക്യജനാധിപത്യമുന്നണിയുടെ ശക്തമായ ഗവണ്മെന്റിനെ കേരളത്തിലെ ജനാധിപത്യ വിശ്വാസികൾ അധികാരത്തിലെത്തിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. ആസന്നമായ നിയമസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനമൊട്ടുക്ക് മത്സരിക്കുന്ന യു.ഡി.എഫ് സ്ഥാനാർത്ഥികളെ വോട്ടു നൽകി വിജയിപ്പിക്കണമെന്ന് പ്രബുദ്ധരായ വോട്ടർമാരോട് യു.ഡി.എഫ്. സംസ്ഥാനസമിതി സ്നേഹാദരങ്ങളോടെ അഭ്യർത്ഥിക്കുന്നു.

**യു.ഡി.എഫ്.സംസ്ഥാന കമ്മിറ്റി**